# കുന്തി

## (ഒരു പഠനം)

ശ്രീ സിദ്ധിനാഥാനന്ദസ്വാമികൾ

ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ
പുറനാട്ടുകര, തൃശ്ശൂർ.

032,1:J
K7

MUL
288086

# കുന്തി

## (ഒരു പഠനം)

(1968-ലെ വിദ്വാൻ പ്രിലിമിനറി പരീക്ഷയുടെ ഗദ്യം നാലാം പേപ്പറിന് പാഠപുസ്തകമായി കേരള സർവ്വകലാശാല ഈ പുസ്തകം അംഗീകരിച്ചിട്ടുണ്ട്.)

**ശ്രീ സിദ്ധിനാഥാനന്ദസ്വാമികൾ**

**ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ**
പുറനാട്ടുകര, തൃശ്ശൂർ.

University Grants Commission

(Malayalam)
KUNTI
(A Study)

By Swami Siddhinathananda,
Sri Ramakrishna Ashrama,
Puranattukara, Trichur.

Published by Swami Iswarananda,
President, Sri Ramakrishna Ashrama,
Puranattukara, Trichur.

ഒന്നാംപതിപ്പ് - 1963 പ്രതി 1000
രണ്ടാംപതിപ്പ് - 1967 പ്രതി 2000

288086

അച്ചടി:
പ്രബുദ്ധകേരളം പ്രസ്സ്,
പുറനാട്ടുകര, തൃശ്ശൂർ.

O32,1:J
K7

പകർപ്പവകാശം
പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിന്

വില രൂപ 1.50

# അവതാരിക

ഭഗവദ്വിവേകാനന്ദന്നു നമ്മുടെ ഇതിഹാസപാത്രങ്ങ ളിൽവെച്ചു നിസ്സീമമായ പക്ഷപാതമുള്ളതു രാമായണ ത്തിലെ സീതാദേവിയോടാണ്. ''സീതയെക്കുറിച്ച് എന്തു പറയട്ടെ! പോയകാലങ്ങളിൽ ലോകത്തിലുണ്ടായ സാഹിത്യം മുഴുവൻ പരീക്ഷിക്കുക — വരുംകാലങ്ങളിൽ ലോകത്തിലുണ്ടാകുന്ന സാഹിത്യവും പരീക്ഷിക്കാം എന്നു കൂടി ഞാൻ ഉറപ്പിച്ചു പറയുന്നു — എന്നാലും, മറ്റൊരു സീതയെ കണ്ടുകിട്ടില്ല. സീത നിസ്സീമയാണ്. എന്നെന്നേ ക്കുമായി അന്നു ചിത്രീകരിക്കപ്പെട്ടതാണ് ആ സ്വഭാവം! പല രാമന്മാരും ഉണ്ടായിരുന്നിരിക്കാം, എന്നാൽ സീത ഒന്നേ ഉണ്ടായിട്ടുള്ളു. നേരായ ഭാരതീയവനിതാദർശമാണ് സീത............'' 1 ഇത്യാദി.

ഉത്തമപത്നി എന്ന നിലയ്ക്കാണല്ലോ അദ്ദേഹം സീത യെ ഇത്രമേൽ കീർത്തിക്കുന്നത്. എന്നാൽ, ഭാരതീയജീവി തത്തിൽ പത്നിക്കു രണ്ടാംസ്ഥാനമേ ഉള്ളു, ഒന്നാംസ്ഥാനം എന്നും അമ്മയ്ക്കാണ്. ഇതു് അദ്ദേഹംതന്നെ വിസ്തരിച്ചു പറയുന്നുമുണ്ട്: ''ഭാരതത്തിലെ മാതൃകാസ്ത്രീ മാതാവാണ്. ആദിയും അന്തവും മാതാവുതന്നെ. ഹിന്ദുവിൻെറ മന സ്സിൽ സ്ത്രീയെന്ന പദം മാതൃത്വത്തെ ദ്യോതിപ്പിക്കുന്നു. ഈശ്വരനെ മാതാവെന്നു വിളിക്കുന്നു ..........ഭാരതത്തി ലെ സാധാരണമനുഷ്യനെസ്സംബന്ധിച്ചിടത്തോളം സ്ത്രീത്വ ത്തിൻെറ ശക്തി മുഴുവൻ മാതൃഭാവത്തിലാണ് കേന്ദ്രീകൃത മായിട്ടുള്ളതു്. പാശ്ചാത്യകുടുംബം ഭരിക്കുന്നതു ഭാര്യ യാണ്, ഭാരതീയകുടുംബം ഭരിക്കുന്നതു മാതാവാണ്........ അത്ഭുതയും നിഃസ്വാർത്ഥയും സർവംസഹയും സദാ ക്ഷമാശീ

---

1 വിവേകാനന്ദസാഹിത്യസർവസ്വം III - 147

ലയുമായ മാതാവു്....നമ്മുടെ ഈ മത്ത്യലോകത്തിൽ അമ്മയുടെ സ്നേഹമാണു് ഐശ്വരമായ സ്നേഹത്തോടു് ഏററവും അടുത്തിരിയ്ക്കുന്നതു്.'' 1 ഇത്യാദി.

ഇങ്ങനെയുള്ള ഉത്തമമാതാക്കരം നമ്മുടെ പുരാണേതിഹാസങ്ങളിൽ ചിത്രീകരിയ്ക്കപ്പെട്ടിട്ടില്ലേ? വളരെയുണ്ടാവണം. ഒരാളെ ഞാനോക്കുന്നതു ഭാഗവതത്തിലെ ധ്രുവമാതാവായ സുനീതിയെയാണു്. ഭത്താവിൻെറ കണ്മുമ്പിൽ വെച്ചു സപത്നിയാൽ അവമാനിതനായി കരഞ്ഞുംകൊണ്ടു വന്ന സ്വപുത്രനോടു് ആ രാജപത്നി ഇങ്ങനെ പറഞ്ഞു:

മാമംഗളം താത പരേഷു മംസ്ഥാ
ഭുംക്തേ ജനോ യത് പരദുഃഖദസ്തത്....
ആതിഷ്ഠ തത്താത വിമത്സരസ്ത്വ-
മുക്തം സമാത്രാപി യദവ്യളീകം;
ആരാധയാധോക്ഷജപാദപദ്മം
യദീച്ഛസേഽധ്യാസനമുത്തമോ യഥാ. 2

(ഭാഗവതം IV. 8–17, 19)

ഇതുംപറഞ്ഞു് ആ അമ്മ ഇളംകുഞ്ഞായ ആ ഏകപുത്രനെ തപസ്സുചെയ്വാൻ കാട്ടിലേയ്ക്കു വിടുകയും ചെയ്തു.

ഈ സുനീതിയെപ്പോലെ പുരാണേതിഹാസങ്ങളിൽ കണ്ടെത്താവുന്ന ഉത്തമമാതാക്കളിൽ അന്യാദൃശോത്തമയാണു് മഹാഭാരതത്തിലെ കുന്തീദേവി. ആ ക്ഷത്രിയസ്ത്രീയെ, ഭഗവദ്വിവേകാനന്ദൻ സീതയ്ക്കുവേണ്ടി ഉപയോ

---

1 വിവേകാനന്ദസാഹിത്യസവ്വസ്വം III 449–501

2 ഉണ്ണീ, മററുള്ളവരിൽ അമംഗളം വിചാരിയ്ക്കരുതു്; അന്യക്കു ദുഃഖം വരുത്തുന്നവൻ അതനുഭവിയ്ക്കും........അതുകൊണ്ടു് ഉണ്ണീ, സപത്നിയെങ്കിലും അവ്യാജമായി പറഞ്ഞതിനെ, പിണക്കം തോന്നാതെ അനുഷ്ഠിച്ചുകൊരംക. ഉത്തമൻേറതുപോലുള്ള ആ ഇരിപ്പിരിക്കണമെങ്കിൽ അധോക്ഷജൻെറ കാൽത്താരിനെ ആരാധിച്ചുകൊരംക.

ഗിച്ചവയിലും കവിഞ്ഞ വാക്കുകൾകൊണ്ടു പ്രശംസി ച്ചാൽക്കൊള്ളാമെന്നുപോലും എനിക്കാഗ്രഹമുണ്ടു്. അതിനു കഴിവില്ലാത്തതുകൊണ്ടു്, അദ്ദേഹത്തിൻെറ ഏതാനും വാക്കുകൾതന്നെ ഞാൻ പേരുമാററി ഇവിടെ പകത്തട്ടെ: ''നമ്മുടെ പുരാണങ്ങളെല്ലാം മാഞ്ഞുപോയേക്കാം; നമ്മുടെ വേദങ്ങൾപോലും പോയ്മറഞ്ഞെന്നുവരാം. നമ്മുടെ സംസ്കൃതഭാഷതന്നെ എന്നെന്നേക്കുമായി തിരോഭവി ച്ചേക്കാം. എന്നാൽ ഇവിടെ അഞ്ചു ഹിന്ദുക്കൾ ഏററവും വികൃതമായ വെറും ദേശീയഭാഷയെങ്കിലും സംസാരിച്ചും കൊണ്ടു ജീവിച്ചിരിക്കുന്നിടത്തോളംകാലം, കുന്തീചരിതം അവിടെയുണ്ടായിരിക്കും. എൻെറ ഈ വാക്കുകൾ ശ്രദ്ധിച്ചു കൊള്ളുക.'' 1

ഇതു നേരംപോക്കല്ല, ഇതിലെ ഗൗരവം തികച്ചും അറിഞ്ഞുകൊണ്ടുതന്നെയാണു് ഞാനിതു ചെയ്യുതു്. ബലം, ധീരത, പൗരുഷം, ഒററവാക്കിൽ ഉപനിഷത്തുകളിലെ അഭയം എന്നതാണല്ലോ സ്വാമിജി പദേ പദേ ആവർത്തിച്ചു കൊണ്ടിരുന്ന ജീവിതാദർശം. ഭാരതയുദ്ധാരംഭത്തിൽ സ്വന്തം പുത്രന്മാക്ക് ഭഗവാൻ വാസുദേവൻമുഖേന കടുത്ത വാക്കുകളിൽ ആ അഭയോപദേശം നല്കിയ, ആ ബലോദ്ദീ പനം സാധിച്ചുകൊടുത്ത ഈ ക്ഷത്രിയസ്ത്രീയെ സ്വാമിജി യുടെ വാക്കുകൾകൊണ്ടുതന്നെയല്ലാതെ ഞാൻ മററു് ഏതു കൊണ്ടു പുകഴ്ത്തേണ്ടു ? ഭാരതീയവനിതാദർശമനുസരിച്ചു നിഃസ്വാത്ഥവും സവ്വംസഹവും നിത്യക്ഷമാശീലവുമായ ആ മാതൃഭാവത്തെ, ആധുനികനായ ഒരു ഋഷിയുടെ വാക്കു കൊണ്ടുതന്നെ പുകഴ്ത്താൻ കിട്ടിയ അവസരം ഞാനെന്തിനു പാഴാക്കേണ്ടു ?

അതുകൊണ്ടു് ഈ ഗ്രന്ഥകാരൻ ''ഒരു തരത്തിൽ പറ ഞ്ഞാൽ കുന്തീചരിത്രമാണു് ഭാരതം'' (ഭാഗം 3) എന്നു്

---

1 വി. സാ. സ. III. 148

എഴതിവെച്ചതിൽ കവിഞ്ഞ അതിശയോക്തിയൊന്നു മില്ല. എന്നിരിയ്ക്കിലും, ''കാവ്യം രാമായണം കൃത്സ്നം സീതായാശ്ചരിതം മഹത്,'' എന്നുള്ളതുപോലെ, മഹാ ഭാരതത്തെ ''പൃഥായാശ്ചരിതം മഹത്'' എന്നു പറ യാൻ തോന്നുന്നില്ലെങ്കിൽ അതിനു കാരണം, ആ മഹാ ഖ്യാനത്തിൽ ഗാന്ധാരീദ്രൗപദിമാരുടെയും അതിലെ ഉപാഖ്യാനങ്ങളിൽ സാവിത്രീദമയന്ത്യാദികളുടെയും ചരിതങ്ങൾകൂടി ഉള്ളതത്രേ. ചിലപ്പോൾ അവരുടെ യെല്ലാം ഉജ്ജ്വലപ്രകാശം കുന്തീദേവിയുടെ നിറം കുറയ്ക്കുന്നു ണ്ടാവാം. എന്നാൽ അവരെല്ലാം ഉത്തമപത്നിമാർ മാത്ര മാണെന്നോൎക്കണം. ആ അനേകം ഉത്തമപത്നിമാൎക്കിട യിൽ ഒതുങ്ങിയിരിയ്ക്കുന്ന ഈ ഉത്തമമാതാവിനെ—ഭാരതീയ സ്ത്രീത്വത്തിൻെറ പരമാദൎശത്തെ—വേറിട്ടെടുത്തു കാണിയ്ക്കുക യത്രേ ശ്രീ സിദ്ധിനാഥാനന്ദസ്വാമിയുടെ ഈ കൊച്ചു പുസ്തകം ചെയ്യുന്നതു്.

മേൽസൂചിപ്പിച്ചതുപോലെ മഹാഭാരതത്തിലെ ആരം ത്തിരക്കിൽ ചിതറിക്കിടക്കുന്ന കുന്തീചരിതത്തെ ഏകത്ര സമാഹരിച്ചു സംവിധാനം ചെയ്യുന്നതോടൊപ്പം, ഗ്രന്ഥകാ രൻ ആ ദേവിയുടെ വാക്കുകളിലും പ്രവൃത്തികളിലും ആണ്ടു കിടക്കുന്ന ഭാവവിശേഷങ്ങളെ ചൂണ്ടിക്കാണിക്കുന്ന നിരൂ പണങ്ങളും നടത്തിയിട്ടുള്ളതുകൊണ്ടു്, ആരും കാണേണ്ടതു കാണാതെപോയി എന്നു വരില്ല.

മൂലകൃതിയെ സൎവ്വാത്മനാ അനുസരിക്കാനല്ലാതെ അ തിൽ സ്വന്തം വിവേചനമനുസരിച്ചു ചില കൈക്രിയകൾ ചെയ്‌വാൻ ഗ്രന്ഥകാരൻ ഉദ്യമിച്ചിട്ടില്ല—ഇതൊരു വാല്മീ ല്യമല്ല, ഇകഴ്ത്തലുമല്ല, വസ്തുസ്ഥിതികഥനംമാത്രം. കുന്തി കൎണ്ണനെ പ്രസവിച്ചതു ഗൎഭാധാനം കഴിഞ്ഞ ഉടനെ ആണെ ന്നും, സ്വാഭാവികരീത്യാ പത്തു മാസമായിട്ടാണെന്നും, രണ്ടുവിധത്തിലും, ഭാരതം വായിച്ചാൽ തോന്നുമെന്നു ഗ്രന്ഥകാരൻ പറയുന്നു (ഭാഗം 8). അതിലേതാവാം ശരി

എന്നു സ്വന്തം തീരുമാനംകൂടി കുറിച്ചിടാൻ ആക്കും തോന്നും. അതു ചെയ്യാത്തതു ഗ്രന്ഥകാരൻെറ കൃത്യവിലോപമാണെന്നും പറയരുതായ്കയില്ല. പക്ഷേ, ഇത്തരം കാര്യങ്ങളിൽ തീരുമാനം ചെയ്യാൻ വായനക്കാക്കും തുല്യാവകാശമുള്ളതുകൊണ്ടു്, അതിൽ താൻ കേറി മുൻവിധിയുണ്ടാക്കുന്നില്ലെന്ന ഗ്രന്ഥകാരൻെറ നില ഒരുകണക്കിലും അന്യായ്യമല്ലതാനും.

പല സന്ദർഭങ്ങളിലും മഹാഭാരതത്തിലെ ശ്ലോകങ്ങളെ തജ്ജമചെയ്തു ചേർത്തതിലും ഗ്രന്ഥകാരൻ ഈ വ്രതം പാലിച്ചിട്ടുണ്ടു്. എന്നാൽ ചിലേടത്തു നിഷ്കഷ്വെച്ചതു മതിയായില്ല എന്നു് എനിക്കാവലാതിയുണ്ടു്. ഉദാഹരണമായി,

അന്തം ധീരാ നിഷേവന്തേ മധ്യം ഗ്രാമ്യസുഖപ്രിയാഃ
ഉത്തമാംശ്ച പരിക്ലേശാൻ ഭോഗാംശ്ചാതീവ മാനുഷാൻ
അന്തേഷു രേമിരേ ധീരാ ന തേ മധ്യേഷു രേമിരേ
അന്തപ്രാപ്തിം സുഖാമാഹുർദ്ദുഃഖമന്തരമന്തയോഃ.

(ഉദ്യോഗപർവ്വം 90 – 96, 97.)

എന്നീ ഭാരതപദ്യങ്ങളെ എടുക്കാം. ഭഗവാൻ വാസുദേവൻെറ വാക്യമാണിതു്; കുന്തീദേവിയോടു പറയുന്നതാണു്, അതിനു തക്ക അത്ഥഗൗരവമുള്ളതുമാണു്: ധീരന്മാർ, ബലവാന്മാർ, അങ്ങേ അററത്തെ ക്ലേശമോ അങ്ങേ അററത്തെ ഭോഗമോ, രണ്ടിലൊന്നു കൈയ്ക്കൊള്ളുന്നു; നാടൻ സുഖങ്ങൾ മതിഎന്നുള്ളവരാണു് ഇടനിലയിൽ— കുറച്ചൊക്കെ ക്ലേശങ്ങളും കുറച്ചൊക്കെ ഭോഗങ്ങളുമായി—കഴിഞ്ഞുകൂടുന്നതു്; പാണ്ഡവന്മാർ അററങ്ങളിൽ—ഭൂമണ്ഡലാധിപത്യത്തിലും വനവാസത്തിലും—രമിച്ചു, ഇടനിലയിൽ രമിച്ചില്ല; അററങ്ങളിലെത്തുന്നതു സുഖമാണു്, ഇടനില ദുഃഖവും. ഈ അത്ഥമോ ശ്രദ്ധേയമായ മററുവല്ലതുമോ ഇതിലെ തജ്ജമയിൽ (44–ാംഭാഗം) വന്നിട്ടുള്ളതായി എനിക്കു കാണാൻ സാധിച്ചില്ല.

ഈ ഗ്രന്ഥത്തിൻെറ ഒടുവിൽ സീതാദേവിയേയും കുന്തീദേവിയേയും സംബന്ധിച്ചു് ഒരു താരതമ്യപഠനം നടത്തിയിട്ടുണ്ടു്, അതുചിതമായിട്ടുമുണ്ടു്. കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു താരതമ്യംകൂടി എടുത്തുപറയാവുന്നതാണെന്നു് എനിക്കു തോന്നി. സീതയും കുന്തിയും ജീവിതത്തിലെ വലിയൊരുഭാഗം നീളെ അത്യന്തദുഃഖം അനുഭവിച്ചതിനുശേഷം, ഒടുക്കം, ഇനി അത്യന്തസുഖം അനുഭവിക്കാമെന്ന സ്ഥിതിയിലെത്തിയപ്പോരം ഇരുവക്കും അതു കൈയ്യൊഴിച്ചു പോകേണ്ടിവന്നു: സീത ഭത്താവിനാൽ നിഷ്കാസിതയായി; കുന്തി സ്വധമ്മബോധത്താൽ സ്വയം നിഷ്കാസനം ചെയ്തു. ഇത്രയും വാക്കിലടങ്ങിയ ഈ സാദൃശ്യത്തിനുള്ളിൽ തിങ്ങിയിരിക്കുന്ന അനേകം വൈസാദൃശ്യങ്ങളെ നോക്കിപ്പഠിക്കുന്നതു പ്രയോജനകരമാവും. ആ ഉത്തമപത്നിക്കും ഈ ഉത്തമമാതാവിനുമുണ്ടായ അനുഭവം ഇതാണെങ്കിൽ, ധമ്മശ്രദ്ധയുള്ളവക്കു ജീവിതം ത്യാഗാത്മകമാകണം, തപഃപര്യവസായിയാകണം.

ആഷ്ഗ്രന്ഥപഠനാത്മകങ്ങളായ ഇത്തരം പുസ്തകങ്ങരംക്കു പെരുപ്പവും പ്രചാരവും ആശംസിക്കുന്നവനാണു് ഞാൻ; ആ പുസ്തകങ്ങരംക്കു വേണ്ടിയല്ല, ബഹുധാ വിമോഹിതരാകുന്ന ജനങ്ങളുടെ ശ്രദ്ധയെ ആഷ്ഗ്രന്ഥങ്ങളിലേക്കു തിരിച്ചുവിടുവാൻവേണ്ടി.

'ഋഷിപ്രസാദം'
പന്നിയങ്കര,
കോഴിക്കോടു്—3
14—6—'63.

കുട്ടികൃഷ്ണമാരാര്

## രണ്ടു വാക്കു്

ധൃതരാഷ്ട്രമന്നവൻ യുധിഷ്ഠിരൻെറ സംരക്ഷണത്തിൽ ഒരുവിധം ക്ഷേമമമാസ്സുഴിയുന്നു. മക്കളൊക്കെ മരിച്ചിട്ടു് കൊല്ലം പതിനഞ്ചായി. ഭീമവാക്ശല്യങ്ങറം സുയോധന താതൻെറ നെഞ്ചിൽ തറച്ചു. അന്ധൻെറ നെഞ്ചകം പുത്ര ശോകംകൊണ്ടെരിഞ്ഞുപോയി. ലോകവിരക്തനായ ധൃത രാഷ്ട്രർ മുനിവൃത്തി സ്വീകരിക്കുന്നതിനു് ഗാന്ധാരിയോ ടൊത്തു തപോവനത്തിലേയ്ക്കു പുറപ്പെട്ടു. ഗാന്ധാരിയെ നയിച്ചുകൊണ്ടു പാണ്ഡവമാതാവു മുമ്പിൽ നടന്നു. അല്പ ദൂരം അനുയാത്ര ചെയ്തശേഷം, വധുക്കളോടൊരുമിച്ചു് അര മനയിലേയ്ക്കു മടങ്ങാൻ യുധിഷ്ഠിരൻ അമ്മയോടപേക്ഷിച്ചു. മറുപടിയായി, സഹദേവനെ കാത്തുകൊള്ളണമെന്നും, കർണ്ണനെ സദാ സ്മരിക്കണമെന്നും, ധർമ്മത്തെ കൈയ്‌വിടരു തെന്നുമുള്ള ഒരന്ത്യസന്ദേശമാണു് കുന്തി നല്കിയതു്. യുധി ഷ്ഠിരൻ ദുഃഖിച്ചു, ക്ഷോഭിച്ചു; അമ്മ പോകാൻ പാടില്ലെന്നു വിലക്കി. കുന്തി കുലുങ്ങിയില്ല. രാജ്യം കൈയ്‌വശമാ യപ്പോറം കാട്ടിലേയ്ക്കു പോകാനാണുദ്ദേശമെങ്കിൽ, കുല നാശകമായ ഒരു യുദ്ധത്തിനു് വിദുലോപാഖ്യാനംവഴി ഞങ്ങളെ എന്തിനു് പ്രേരിപ്പിച്ചു എന്നു് യുധിഷ്ഠിരനും ഭീമനും അമ്മയോടു ചോദിച്ചു. തൻെറ മക്കളെ കർത്തവ്യോ ന്മുഖരാക്കുന്നതിനു് താൻ കൊടുത്ത ഉപദേശം തെററിപ്പോ യി എന്നു് മക്കറം സൂചിപ്പിച്ചപ്പോറം ആ ക്ഷത്രിയസ്ത്രീ യുടെ ഭാവമെല്ലാം മാറി. അമ്പേററ പെൺപുലിയേപ്പോ ലെ തിരിഞ്ഞുനിന്നുകൊണ്ടു്, പൃഥ, സ്വപുത്രന്മാരോടു്, 'നിങ്ങളേ യുദ്ധത്തിനു് പ്രേരിപ്പിച്ചതെന്തിനെന്നോ, പറ യാം, കേട്ടോളിൻ.' എന്നു പറഞ്ഞുകൊണ്ടു് ഒരു വാഗ് വർഷം പൊഴിച്ചു. പാണ്ഡവന്മാർ നാണിച്ചു കുനിപ്പോയി.

പൃഥയുടെ ഈ പൗരുഷഭാവം കണ്ടപ്പോറം, ഈ മുത്തശ്ശിയേ ഒന്നടുത്തുകാണണമെന്നു തോന്നി. ആ ജീവിത

ത്തിലെ പ്രധാനസംഭവങ്ങളെല്ലാം ഭാരതത്തിൽനിന്നു കുറിച്ചെടുത്തു. ജീവിതചരിത്രം ഒന്നെഴുതി നോക്കി. കാണുംതോറും കാണേണ്ട ഒരു മുത്തശ്ശിയാണു കുന്തിയെന്നും തോന്നി. അങ്ങനെയാണ് ഈ 'കുന്തി' ജനിച്ചതു്.

പിതൃഗൃഹത്തിൽവെച്ച് കന്യകയെ പലരും കണ്ടു. കണ്ടവരിൽ പലരും കൗതുകം കാണിച്ചു. ഒരു വളർത്തച്ഛന്റെ ശിക്ഷണത്തിനയച്ചാൽ നന്നായിരിക്കുമെന്നു് ഒരാൾ അഭിപ്രായപ്പെട്ടു. സാഹിതീസേവകരിൽ മുമ്പനായ ശ്രീ കുട്ടികൃഷ്ണമാരാരുടെ പരിചരണത്തിനു് വൃദ്ധയെ അയച്ചു. അദ്ദേഹം സസന്തോഷം കുന്തിയുടെ പ്രസാധനകൃത്യം ചെയ്തയച്ചുതന്നു. ഒരു സോദരി പകർത്തിയെഴുതിത്തന്നു. അമ്മയും ജ്യേഷ്ഠനും മററുപലരും കുന്തിയെ അനുമോദിച്ചു. ഒരു സ്നേഹിതൻ, വിദ്യാർത്ഥികൾ കുന്തിയെ പരിചയപ്പെടേണ്ടതാണെന്നും, ഒരു ഗുരുനാഥൻ, കുന്തിയെ ഭാരതീയർക്കെല്ലാം പ്രിയമാണെന്നും അതിനാൽ ഹിന്ദിയിലും ഒരു വിഗ്രഹം വാർത്താൽ നന്നായിരിക്കുമെന്നും അഭിപ്രായപ്പെട്ടു.

കുന്തിക്കു കിട്ടിയ അനുഗ്രഹങ്ങളും അനുമോദനങ്ങളും പിതാവിനു സന്തോഷകരങ്ങളായിരുന്നു. പക്ഷേ, താതനു് ഒരു ചിന്ത. കന്യകയെ ഏറെനാൾ പിതൃഗൃഹത്തിൽ വെച്ചുകൊണ്ടിരിക്കാൻ പാടില്ലല്ലൊ. കുന്തിയുടെ കാന്തിയേക്കുറിച്ചു പലരും വാഴ്ത്തിയെങ്കിലും പാണിപീഡനത്തിനു് ആരും വന്നുചേർന്നില്ല. ''കന്യാപിതൃത്വം ദുഃഖം ഹി സർവ്വേഷാം മാനകാംക്ഷിണാം.'' എന്ന വാല്മീകിവചനം സരസ്വതിയ്ക്കും ബാധകമാണല്ലൊ എന്ന ചിന്ത വന്നു. താതൻ നിഷ്കിഞ്ചനനാണെങ്കിൽ പിന്നത്തേക്കഥ പറയാനുമില്ല. ലക്ഷ്മിയുടെ കടാക്ഷമില്ലെങ്കിൽ സരസ്വതി വലഞ്ഞതുതന്നെ. വധുവിനെ പലരേയും കാണിച്ചു നോക്കി. കന്യാശുല്ക്കം കൂടാതെ കൈയ്ക്കൊള്ളാൻ ഒരു മണാളനും കുറേനാളത്തേയ്ക്കു മുന്നോട്ടുവന്നില്ല.

അങ്ങനെയിരിക്കെ കന്യകയിലും കന്യാപിതാവിലും വാത്സല്യം പൂണ്ട ഒരു 'ഹരിപ്രിയൻ' ഒരു വരനെ കണ്ടു പിടിച്ചു. അദ്ദേഹം പൃഥയെ കൂട്ടിക്കൊണ്ടുപോയി ശ്രീരാമന്റെ കൃപാവിലാസംകൊണ്ടു വിലസുന്ന മുദ്രണാധിപരെ ഏല്പിച്ചു. അവർ സ്വാഗതംചെയ്തു അങ്ങനെ കുന്തിയുടെ വേളി കഴിഞ്ഞു. പിതാവിന്റെ ചുമതലയും തീർന്നു.

സ്വയംവരാഘോഷത്തിനുമുമ്പ് കന്യാവംശപ്രശസ്തി പാടുന്ന ഒരു പതിവുണ്ട്. ആ കൃത്യം പൃഥയുടെ പ്രസാധനം നടത്തിയ അതേ നിപുണപാണികൾതന്നെ ചെയ്തു് പൃഥയെ അനുഗ്രഹിച്ചിരിക്കുന്നു.

താതന്റെ കൃതജ്ഞത ആരോടെല്ലാമാണ് എന്നാലോചിച്ചിട്ട് ഒരെത്തുംപിടിയും കിട്ടുന്നില്ല. ആദ്യം അമ്മൂമ്മയുടെ അടിമലരിൽ കുമ്പിടുന്നു. അവതാരകനും കൂടിയായ പ്രസാധകനും, പ്രകാശകർക്കും, പ്രകാശനത്തിനു തുണച്ച 'ഹരിപ്രിയനും', പകർത്തിത്തന്ന സോദരിക്കും, പ്രോത്സാഹിപ്പിച്ച അമ്മമാർക്കും സഹോദരങ്ങൾക്കും ഈയുള്ളവന്റെ അകമഴിഞ്ഞ നന്ദി. മാമുനിക്കും കണ്ണനും പ്രണതി.

കുന്തിയെ സുമതികൾക്കായി സമർപ്പിക്കുന്നു.

ശ്രീരാമകൃഷ്ണാശ്രമം,
തിരുവനന്തപുരം.
17—6—1963.

ഗ്രന്ഥകാരൻ

## രണ്ടാംപതിപ്പിനെപ്പററി രണ്ടുവാക്കു്

പണ്ടു ദുവ്വാസാവുമഹഷി കുന്തിക്കൊരു വരം നല്കി. ആ വരമാണു് പാണ്ഡവന്മാരുടെ പിറവിക്കു നിദാനം. തുടന്നു ഭാരതപ്പോരും മഹാഭാരതമെന്ന മഹാഗ്രന്ഥവും ഭഗവദ്ഗീതയും രൂപമെടുത്തു. ഈ അനുഗ്രഹങ്ങറംക്കു നാം നമസ്കാരം അപ്പിക്കേണ്ടതു് ആ ദുവ്വാസാവുമഹഷിയുടെ തപഃകൃശമായ കാലിണയിലാണു്. ശാപം പൊഴിക്കാൻ വിരുതനെന്നു പേരുകേട്ട ആ ക്രാന്തദശി ആ അപവാദത്തിനെല്ലാം പരിഹാരമെന്നോണം ഇങ്ങനെയൊരു മഹത്തായ അനുഗ്രഹംകൂടി നല്കിയിട്ടുണ്ടു് എന്നു നമുക്കു സ്മരിക്കാം. മഹഷി നല്കിയ ആ വരത്തിൻെറ കരുത്തു് ഇനിയും അവസാനിച്ചിട്ടില്ല എന്നാണു്, കുന്തിയുടെ ഈ പുനർജ്ജന്മത്തിനു് ഇടയായ അവസരത്തിൽ ഓത്തുപോയതു്. പുത്രലാഭത്തിനുള്ള ഉപായമാണു് മഹഷി ഉപദേശിച്ചതു്. ആത്മാവുതന്നെയാണു് പുത്രരൂപേണ പിറക്കുന്നതു് എന്നു മന്ത്രവണ്ണവും ഉണ്ടു്. അതിനാൽ പുത്രരൂപേണയുള്ള ജന്മവും പുനർജ്ജന്മവും ആത്മാവിൻെറ പുനരാവിഷ്കരണമാകുന്നു. കന്യകയായ കുന്തിക്കു് ആ ഋഷീശ്വരൻ നല്കിയ അനുഗ്രഹം ഗ്രന്ഥഗ്രഥിതയായ കുന്തിയിലും മറെറാരു രൂപത്തിൽ തുടന്നുപോരുന്നു എന്നു കരുതാൻ മതിയായ കാരണങ്ങളുണ്ടു്.

വളരെ ക്ലേശത്തോടെയാണു് കുന്തിയുടെ ആദ്യത്തെ പിറവിതന്നെ. ബാലാരിഷ്ടതകറം കണ്ടപ്പോറം അല്പായുസ്സാകുമെന്നുതന്നെ തോന്നി. പക്ഷെ, ആ ഭാരതമാതാമഹിയുമായി പരിചയപ്പെട്ടവരൊക്കെ ആ മഹതിയെ വാഴ്ത്തി. അങ്ങനെയിരിക്കെ കുന്തിക്കു് ഒരു അനുജൻ ജനിച്ചു, 'ആദികവിയുടെ ആദശപുരുഷൻ' എന്ന പേരിൽ. ആദശപുരുഷനു് സുകൃതികളുടെ പലരുടെയും അനുമോദനം കിട്ടി. 'ആദശപുരുഷ'നെ വിദ്യാത്ഥിലോകത്തിനു് പരിചയപ്പെടുത്തണം എന്നു ചില സ്നേഹിതന്മാർ നിദ്ദേശിച്ചു. അതിനുള്ള വഴികറം അന്വേഷിച്ചു നടക്കുമ്പോറം ചില സുഹൃത്തുക്കളോടു് കുന്തിയെക്കുറിച്ചും പറയാനിടയായി.

കുന്തിയെയും ആദർശപുരുഷനെയും വിദ്യാർത്ഥിലോകം പരിചയപ്പെടുന്നതു നന്നായിരിക്കും എന്നു് അവരിൽ ചിലർ അഭിപ്രായപ്പെട്ടു. കേരളസർവ്വകലാശാലയിലെ പാഠപുസ്തകനിർണ്ണയക്കമ്മിററിക്കു് ആദർശപുരുഷനെയും തുണയ്ക്കുന്നോണം ചേച്ചി കുന്തിയെയും അയച്ചു. കമ്മിററിക്കാർ ചേച്ചിക്കും അനുജനും സമ്മാനം നല്കി. കുന്തിയെ, 1968-ലെ വിദ്വാൻ പ്രിലിമിനറി പരീക്ഷയ്ക്കും ആദികവിയുടെ ആദർശപുരുഷനെ 1969 – 71 കാലങ്ങളിലെ ബി. എ. പരീക്ഷ മൂന്നാംഭാഗത്തിനും പാഠപുസ്തകങ്ങളായി അംഗീകരിച്ചു. അങ്ങനെയാണു് കുന്തിക്കു് ഈ ഉയിർത്തെഴുന്നേല്പു് ഉണ്ടായതു്.

മുൻപതിപ്പിൽനിന്നും ഗ്രന്ഥശരീരത്തിൽ രണ്ടുമൂന്നു ചെറിയ മാററങ്ങളല്ലാതെ പ്രസ്താവ്യമായ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. വിദ്യാർത്ഥികളുടെ സഹായത്തിനായി ഏതാനും മൂലശ്ലോകങ്ങളം കീഴ്ക്കുറിപ്പുകളായി കൊടുത്തിട്ടുണ്ടു്; കൂടാതെ ഒരു അനുബന്ധവും. ഗാന്ധാരീധൃതരാഷ്ട്രന്മാരോടൊരുമിച്ചു തപസ്സിനായി കാട്ടിലേയ്ക്കു പുറപ്പെടുന്ന കുന്തിയെ തടഞ്ഞുകൊണ്ടു് യുധിഷ്ഠിരൻ, കാട്ടിലേയ്ക്കു പോകാനാണു വിചാരിച്ചിരുന്നതെങ്കിൽ ഞങ്ങളെ എന്തിനു് സർവ്വസംഹാരകമായ ഒരു പോരിനു പ്രേരിപ്പിച്ചു, എന്നു ചോദിച്ചതിനു് ഉത്തരമായി കുന്തി പറയുന്ന ഉത്തരമാണു് കുന്തിയുടെ ഈ ചരിത്രം എഴുതാൻ പ്രചോദകമായതു്, എന്നു് മുൻപതിപ്പിൽ പ്രസ്താവിച്ചിട്ടുണ്ടു്. കുന്തിയുടെ ആ ഉത്തരം മൂലത്തോടും അർത്ഥത്തോടുംകൂടി 'കുന്തീഗീതാ' എന്ന പേരിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. വ്യാസവാണികളിൽക്കൂടിത്തന്നെ ഈ മുത്തശ്ശിയുടെ ഒരു അപൂർവ്വഭാവം പരിചയപ്പെടാൻ അതു സഹായകമാകുമല്ലൊ.

കുന്തിയുടെ ഈ നവാവതാരത്തെ വിദ്യാർത്ഥികളും സജ്ജനങ്ങളും സ്വാഗതം ചെയ്യുമെന്നു വിശ്വസിക്കട്ടെ.

ശ്രീരാമകൃഷ്ണാശ്രമം,
പുറനാട്ടുകര, തൃശ്ശൂർ.
15—3—1967.

ഗ്രന്ഥകാരൻ

## ഉള്ളടക്കം


| | | |
|---|---|---|
| 1 | അവതാരിക | |
| 2 | രണ്ടു വാക്ക് I, II. | |
| 3 | പീഠിക .... .... .... | 1 |
| 4 | പൃഥ കുന്തിയായി | 4 |
| 5 | വരലാഭം | 4 |
| 6 | മന്ത്രപരീക്ഷ | 5 |
| 7 | കർണ്ണൻ | 6 |
| 8 | സ്വയംവരം | 9 |
| 9 | മുനിശാപം | 10 |
| 10 | വാനപ്രസ്ഥ്യം .... .... .... | 10 |
| 11 | ഭർത്തൃനിയോഗം | 12 |
| 12 | ആപദ്ധർമ്മം | 13 |
| 13 | പുത്രലാഭം | 14 |
| 14 | അപൂർവ്വപതിവ്രതാ | 15 |
| 15 | മാദ്രീസുതന്മാർ | 16 |
| 16 | വൈധവ്യം | 17 |
| 17 | ത്യാഗജീവിതം | 19 |
| 18 | ഹസ്തിനാപുരത്തിൽ | 20 |
| 19 | രാധേയനും കൗന്തേയനും | 21 |
| 20 | അരക്കില്ലത്തിൽ .... .... .... | 22 |
| 21 | കാട്ടിൽ | 23 |
| 22 | ഹിഡിംബവധം | 24 |
| 23 | ഏകചക്രയിൽ | 25 |
| 24 | ബകൻ | 26 |
| 25 | ശാശ്വതധർമ്മം | 27 |
| 26 | ധർമ്മധീര | 28 |
| 27 | പാഞ്ചാലീപരിണയം | 30 |

| | | |
|---|---|---|
| 28 | ഭാരതസംസ്കാരം | 31 |
| 29 | ബഹുഭർത്തൃത്വം | 33 |
| 30 | വിദുരാഗമനം .... .... .... | 34 |
| 31 | ശരണാഗതി | 34 |
| 32 | ചൂതാട്ടം | 36 |
| 33 | കുന്തീവിലാപം | 37 |
| 34 | വിദുരഗൃഹത്തിൽ | 38 |
| 35 | ശ്രീകൃഷ്ണദശ്നം | 39 |
| 36 | പുത്രകുശലാന്വേഷണം | 40 |
| 37 | കുന്തിയുടെ പരാതി | 42 |
| 38 | ദൂതു് | 45 |
| 39 | പുത്രസന്ദേശം | 46 |
| 40 | ക്ഷത്രധമ്മം — വിദുലോപാഖ്യാനം .... .... | 48 |
| 41 | ക്ഷാത്രരോഷം | 55 |
| 42 | കണ്ണനും കണ്ണനും | 58 |
| 43 | ഒരു വിഷമസന്ധിയിൽ | 58 |
| 44 | അമ്മയും മകനും | 59 |
| 45 | കണ്ണന്റെ കത്തവ്യനിഷ്ഠ | 61 |
| 46 | എന്തൊരു ഗതികേടു്! | 63 |
| 47 | യുദ്ധം | 64 |
| 48 | വിലാപം | 65 |
| 49 | കണ്ണൻ കൗന്തേയനാണു് | 67 |
| 50 | ത്യാഗമെന്നതേ നേട്ടം | 68 |
| 51 | വിധിവൈപരീത്യം | 69 |
| 52 | ധമ്മപുത്രശാപം | 70 |
| 53 | പരീക്ഷിത്തിന്റെ ജനനം | 71 |
| 54 | ധൃതരാഷ്ട്രവിരാഗം | 73 |
| 55 | വനഗമനം | 75 |
| 56 | അമ്മയും കാട്ടിലേക്കോ ? | 77 |

| | | |
|---|---|---|
| 57 | അമ്മ പോകരുതു്! | 77 |
| 58 | യുദ്ധത്തിനു പ്രേരിപ്പിച്ചതെന്തിനെന്നോ ? | 78 |
| 59 | ശ്രേയാൻ സ്വധർമ്മോ വിഗുണഃ | 80 |
| 60 | കാട്ടിലേയ്ക്കുതന്നെ .... .... .... | 82 |
| 61 | തപസ്സിൽ | 83 |
| 62 | അമ്മ | 83 |
| 63 | അമ്മയും മക്കളും | 84 |
| 64 | പുരാവൃത്തഖ്യാപനം | 86 |
| 65 | അന്ധരാജൻ മക്കളെ കാണുന്നു | 88 |
| 66 | വിടവാങ്ങൽ | 89 |
| 67 | ദേഹത്യാഗം | 91 |
| 68 | ശ്രാദ്ധം | 95 |
| 69 | കുന്തി | 96 |
| 70 | സീതയും കുന്തിയും .... .... .... | 97 |
| 71 | ധർമ്മോ രക്ഷതി രക്ഷിതഃ | 99 |
| 72 | അനുബന്ധം | 101 |

# കുന്തി

നമോഽസ്തു തേ വ്യാസ വിശാലബുദ്ധേ,
ഫുല്ലാരവിന്ദായതപത്രനേത്ര,
യേന ത്വയാ ഭാരതതൈലപൂർണ്ണഃ
പ്രജ്വാലിതോ ജ്ഞാനമയഃ പ്രദീപഃ.

ഭാരതസ്നേഹം നിറഞ്ഞ ജ്ഞാനമയമായ പ്രദീപം കൊളുത്തിയവനും ചെന്താമരക്കണ്ണനും വിശാലമതിയുമായ വ്യാസമാമുനേ, അവിടേയ്ക്കു നമസ്കാരം.

## പീഠിക

സനാതനധർമ്മത്തിനു് ഒരു സ്ഥാപകനുണ്ടെങ്കിൽ അതു് വ്യാസമുനിയാകുന്നു. അദ്ദേഹത്തിൻെറ മസ്തിഷ്കത്തിലാണു നമ്മുടെ ധർമ്മത്തിൻെറ മൂലം. ആ കരങ്ങളാണു് വേദങ്ങളെ പകുത്തതു്. ആ തൂലികയാണു് ബ്രഹ്മസൂത്രങ്ങളും ഭഗവദ്ഗീതയും രചിച്ചതു്. പുരാണങ്ങളെല്ലാം വ്യാസവിരചിതങ്ങളെന്നാണു വിശ്വസിച്ചുപോരുന്നതു്. വ്യാസപ്രതിഭാഭാരം പൂർണ്ണരൂപത്തിൽ കാണുന്നതു് മഹാഭാരതത്തിലാകുന്നു. യാഥാസ്ഥിതികമതപ്രകാരം വേദാധ്യയനത്തിനു് അനധികാരികളായ ആളുകൾക്കു് വൈദികധർമ്മവും സംസ്കാരവും നേടിക്കൊടുക്കുന്നതിനു് ആ ദീനദയാലു രചിച്ച പഞ്ചമവേദമാണു് ഭാരതം. അതൊരു ജ്ഞാനസാഗരമാണു്. ചതുർവ്വർഗ്ഗങ്ങളെ സംബന്ധിച്ചു് അതിലില്ലാത്തതൊന്നുമില്ല എന്ന ഭാരതകർത്താവിൻെറ അവകാശവാദം തികച്ചും ശരിയാണു്. 'സർവ്വം പദം ഹസ്തിപദേ നിമഗ്നം.' (കാലെല്ലാം ആനക്കാലിലൊതുങ്ങും.) എന്നു പറയുംപോലെ സർവ്വശാസ്ത്രങ്ങളും ഭാരത

ത്തിലൊതുങ്ങും. വ്യാസഭാരതം ആദരിക്കപ്പെടുന്ന കാലത്തോളം ഭാരതവർഷം സംസ്കാരസമ്പന്നമായിരിക്കും.

വ്യാസൻെറ തൂലികക്കു്, അദ്ദേഹത്തിൻെറ ചിന്താസന്താനങ്ങളെ അദ്ദേഹത്തേക്കാൾ സജീവമൂർത്തികളാക്കാനുള്ള നിസ്തുലസാമർത്ഥ്യമുണ്ടു്. അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ നമ്മുടെ ചിന്താലോകത്തിൽ ശാശ്വതസ്ഥാനം പിടിച്ചിരിക്കുന്നു; അവ നമ്മുടെ ചിന്തകളെ നിയന്ത്രിക്കുന്നു; നമ്മുടെ ഭാഷയെ പോഷിപ്പിക്കുന്നു. 'അയാളൊരു അജാതശത്രുവാണു്; കണ്ടോ ഒരു ഭീമനെ! അവളൊരു പാഞ്ചാലിയാണു്. അവനൊരു ദുശ്ശാസനൻ. ഇങ്ങനെയുണ്ടോ ഒരു ശകുനി?' എന്നൊക്കെ പറയുമ്പോൾ നമുക്കുണ്ടാകുന്ന അർത്ഥബോധം വേറൊരുവഴിക്കും കിട്ടുകയില്ല. പിന്നെ, 'ശ്രീകൃഷ്ണൻ പറഞ്ഞു, അർജ്ജുനൻ ചോദിച്ചു, സഞ്ജയൻ പറഞ്ഞു,' എന്നൊക്കെയല്ലാതെ ആരും വ്യാസൻ പറഞ്ഞുവെന്നോ, വ്യാസൻ ശ്രീകൃഷ്ണൻമുഖേന പറഞ്ഞുവെന്നോ പറയാറില്ല. വ്യാസൻെറ പാത്രങ്ങളുടെ സജീവത്വവും പൂർണ്ണത്വവും ആണതിനു കാരണം. ഒരു കാവ്യകാരനു് തൻെറ കൃതികളിലൊളിഞ്ഞു് എള്ളിലെണ്ണപോലെയും, ദേഹത്തിൽ ദേഹിയെന്നപോലെയും വസിക്കാനുള്ള കഴിവു് ഇതിൽ കൂടുതൽ എവിടെ കാണും? വേറെ ഏതെങ്കിലും കവിയുടെ പാത്രങ്ങളെക്കുറിച്ചു് ഇതു പറയാനൊക്കുമോ? വാല്മീകിക്കുപോലും സാധിച്ചിട്ടുണ്ടോ എന്നു് സംശയമാണു്. രാമായണം വാല്മീകി പറയുന്നതായി നമുക്കു് വായിക്കുന്നതോടൊപ്പം ബോധമുണ്ടു്. എന്നാൽ വ്യാസസന്താനങ്ങളെ സംബന്ധിച്ചിടത്തോളം, പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം മക്കൾ മാത്രമാണു്; അച്ഛനെ പുറമേ എങ്ങും കാണാനില്ല.

ധർമ്മസ്ഥാപനമാണു് മഹാഭാരതത്തിൻെറ പ്രയോജനം. അതിൽനിന്നും മററു പുരുഷാർത്ഥങ്ങളെല്ലാം താനേ വന്നുചേർന്നുകൊള്ളും. മൂലം ശരിയായാൽ ഫലം സുലഭ

മാണു്. എന്നാൽ ധമ്മത്തിൻെറ സ്വരൂപം നിണ്ണയിക്കാൻ എളുപ്പമല്ല. ധമ്മസന്ദേഹങ്ങറം വരുന്ന സന്ദഭ്ങ്ങറം, അവയെ വിഭിന്നാവസ്ഥകളിലുള്ള വ്യക്തികറം അഭിമുഖീകരിക്കുന്ന രീതികറം, ധമ്മാരാധകക്കു് നേരിടേണ്ടിവരുന്ന പരീക്ഷണങ്ങറം, ഏതു ധർമ്മനിഷ്ഠനും പ്രായോഗികജീവിതത്തിൽ വന്നുകൂടുന്ന ധർമ്മലോപങ്ങറം, ധർമ്മജയം, ഇവയെ പ്രതിനിധാനം ചെയ്യുന്നതിനു് ഭാരതകാരൻ നിരവധി പാത്രങ്ങളെ ചിത്രണം ചെയ്യുന്നുണ്ടു്. സകലകലാവല്ലഭനായ ഭീഷ്മർ, ധമ്മജ്ഞനായ വിദുരർ, ധമ്മമൂത്തിയായ യുധിഷ്ഠിരൻ, ഭീമകായനായ ഭീമസേനൻ, വീരശ്ശൂരപരാക്രമിയായ ധനഞ്ജയൻ, പ്രജ്ഞാചക്ഷുസ്സെങ്കിലും പുത്രവാത്സല്യംമൂലം ധമ്മാന്ധനായ ധൃതരാഷ്ട്രർ, അധികാരമോഹംമൂലം ധമ്മതിരസ്കാരിയായ ദുര്യോധനൻ, അവിവേകിയായ ദുശ്ശാസനൻ, മാത്സര്യംമൂലം സജ്ജനദ്വേഷംപൂണ്ട കണ്ണൻ, എന്നിങ്ങനെ ജീവിതത്തിൽ ധമ്മത്തിൻെറ മിത്രങ്ങളും ശത്രുക്കളും തലയുയത്തി നിലകൊള്ളുന്നു. ഇതിൻെറയെല്ലാം പിന്നിൽ, പലപ്പോഴും പരോക്ഷമായി, എന്നാൽ ചിലപ്പോറം പ്രകടമായും, മുക്തിപ്രദനായ ധമ്മവിഗ്രഹൻ ഈ കപടനാടകത്തിൻെറ സൂത്രധാരത്വം വഹിച്ചുകൊണ്ടു വിരാജിക്കുന്നു.

ധമ്മം പുരുഷനു മാത്രമുള്ളതല്ലല്ലൊ. സ്ത്രീധമ്മത്തിനു് നിദശ്നങ്ങളായി വ്യാസൻ ചില പുത്രിമാരെ സൃഷ്ടിച്ചിട്ടുണ്ടു്. കുന്തി, ഗാന്ധാരി, ദ്രൗപദി ഇവരാണതിൽ മുൻപന്തിയിൽ നില്ക്കുന്നവർ. കുന്തിയെപ്പററി വിചാരിക്കുമ്പോറം ഒരു മുത്തശ്ശിയുടെ രൂപമാണു മനസ്സിലുദിക്കുന്നതു്. വ്യാസൻെറ പുത്രവധുവാണു് കുന്തി. പൗത്രന്മാർ തമ്മിലുള്ള പോരാണല്ലൊ ഈ ഇതിഹാസത്തിലെ ഇതിവൃത്തം. സ്വസ്നുഷയായ ഈ ഭാരതമാതാമഹിയെക്കുറിച്ചു് വ്യാസൻ പറഞ്ഞിട്ടുള്ള കഥകറം ഒന്നോടിച്ചുനോക്കാം. ഒരു തരത്തിൽ പറഞ്ഞാൽ കുന്തീചരിത്രമാണു് ഭാരതം.

## പൃഥ കുന്തിയായി

യാദവന്മാരിൽ ശ്രേഷ്ഠനായി ശൂരൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകളാണ് കുന്തി. ശൂരപുത്രനാണ് ശ്രീകൃഷ്ണപിതാവായ വസുദേവർ. ശൂരകുലത്തിൽ പിറന്നതുകൊണ്ട് കൃഷ്ണന് ശൗരിയെന്നു പേരുവന്നു. അങ്ങനെ ശ്രീകൃഷ്ണൻ കുന്തിയുടെ സഹോദരപുത്രനാകുന്നു. കുന്തിക്ക് അച്ഛനിട്ട പേര് പൃഥയെന്നാണ്. ശൂരന്റെ പിതൃഷ്വസാവിന്റെ മകനായ കുന്തിഭോജന് സന്തതിയുണ്ടായില്ല. കുന്തിഭോജന്റെ വിഷാദം കണ്ട് കരുണ തോന്നിയ ശൂരൻ തന്റെ ആദ്യത്തെ സന്താനത്തെ അദ്ദേഹത്തിന് കൊടുത്തുകൊള്ളാമെന്ന് വാക്കുകൊടുത്തു. അതനുസരിച്ച് ശൂരൻ തന്റെ ആദ്യത്തെ സന്താനമായ പൃഥയെ കുന്തിഭോജനു നൽകി. ശൂരപുത്രിയായ പൃഥ അങ്ങനെ കുന്തിഭോജാത്മജയായ കുന്തിയായി.

## വരലാഭം

പിതൃഗൃഹത്തിൽ ദേവതാതിഥിപൂജനത്തിൽ അവരു നിയോഗിക്കപ്പെട്ടു. അങ്ങനെയിരിക്കെ ഒരുനാൾ ദുർവ്വാസസ്സുമഹർഷി കുന്തിഭോജന്റെ കൊട്ടാരത്തിലെത്തി. അപ്രിയമാചരിക്കാതിരുന്നാൽ കുറച്ചുനാൾ രാജാവിനോടൊത്തു താമസിക്കാമെന്ന് മാമുനി പറഞ്ഞു. ആവാമെന്ന് രാജാവു സമ്മതിച്ചു. സർവ്വഥാ മഹർഷിയെ പരിചരിച്ചു സന്തോഷിപ്പിക്കുന്നതിനായി ബാലയായ കുന്തിയെ അച്ഛൻ നിയോഗിച്ചു. ത്രികാലജ്ഞനും ഉഗ്രവ്രതനുമായ ദുർവ്വാസാവ് ചില നിഗൂഢനിശ്ചയങ്ങളോടുകൂടിയാണ് അവിടെ വാസമാരംഭിച്ചത്. ഒരു സംവത്സരക്കാലം പല തരത്തിലുമുള്ള പരീക്ഷണങ്ങളും നടത്തിയശേഷം, രാജാവിന്റെ ആതിഥ്യത്തിലും ബാലികയുടെ പരിചരണത്തിലും

സന്തുഷ്ടനായ മുനി ഭവിഷ്യത്പ്രയോജനം ആലോചിച്ച് കുന്തിക്ക് ഒരു മന്ത്രം ഉപദേശിച്ചു. ഏതൊരു ദേവനെ സങ്കല്പിച്ച് ഈ ആഭിചാരമന്ത്രം ജപിക്കുന്നുവോ, ആ ദേവൻ മന്ത്രമുഗ്ദ്ധനായി വന്ന് കുന്തിയിൽ സന്താനോത്പാദനം ചെയ്യും. മഹർഷിയുടെ അപ്രീതിയെ ഭയന്ന് കന്യക അത് സ്വീകരിച്ചു. അനുഗ്രഹിച്ചു മഹർഷി യാത്രയായി.

## മന്ത്രപരീക്ഷ

ഒരു ദിവസം മാളികമുകളിൽനിന്നും ഉദിച്ചുയരുന്ന വിവസ്വാനെ കന്യക കണ്ടു. ഒരു കൗതുഹലം കുന്തിയെ ബാധിച്ചു. മാമുനി നൽകിയ മന്ത്രത്തിൻെറ ശക്തി ഒന്ന് പരീക്ഷിച്ചുനോക്കണം. വേഗം സവിതാവിനെ ധ്യാനിച്ചു മന്ത്രം ജപിച്ചു. എന്തൊരത്ഭുതം, ഭാസ്കരൻ കുന്തീസമീപത്തെത്തി! ''സുന്ദരി, ഞാനിതാ വന്നിരിക്കുന്നു. നിനക്കെന്തുചെയ്യണം ഞാൻ, പറയൂ. മഹർഷിയുടെ മന്ത്രബലത്താൽ ആവാഹിക്കപ്പെട്ട സൂര്യദേവനാണു ഞാൻ.'' എന്താണു ചെയ്യേണ്ടതെന്നറിയാതെ ആ അബല അമ്പരന്നു. ''ഭഗവൻ, ഒരു ബ്രാഹ്മണൻ എനിക്കൊരു വരം തന്നു. അതിൻെറ ബലം അറിയാനുള്ള കൗതുഹലം കൊണ്ടു ഞാൻ അങ്ങയെ ആഹ്വാനം ചെയ്തതാണ്. എനിക്ക് വേറൊന്നും വേണ്ടതില്ല. എൻെറ ഈ അപരാധം സദയം ക്ഷമിച്ചരുളിയാലും. സ്ത്രീകൾ തെററുചെയ്താലും അവരെ കാത്തുരക്ഷിക്കേണ്ടതല്ലയോ?'' വിളിച്ചുവരുത്തിയിട്ട് വെറുതെയങ്ങു പറഞ്ഞയയ്ക്കാനൊക്കുമോ ? അയച്ചാൽ പോകുമോ ? സൂര്യൻ വിട്ടില്ല. അദ്ദേഹം പറഞ്ഞു: ''ബാലേ, ദുർവ്വാസാവു വന്നതും വരംതന്നതുമൊക്കെ എനിക്കറിയാം. എന്നെ കണ്ടാൽ വെറുതെയാവില്ല. നീയെന്നെ വിളിച്ചു. നിർഭയം എന്നോടു്ചേർന്നാലും. ഹേ ഭീരു, എന്നെ വെറുതെ വിളിച്ചാൽ അതുകൊണ്ടു് ദോഷം വന്നു

ചേരും.'' കന്യകയായതുകൊണ്ടും ബന്ധുപക്ഷഭയം കൊണ്ടും ലജ്ജകൊണ്ടും അവളതിനു് ആഗ്രഹിച്ചില്ല. തൻെറ അനുഗ്രഹംകൊണ്ടു് അവൾക്കു് യാതൊരു തരത്തിലുമുള്ള ദോഷവും ഉണ്ടാവുകയില്ലെന്നു് പറഞ്ഞു തപനൻ അവളെ സാന്ത്വനപ്പെടുത്തി. സവിതൃദേവൻ സ്വതേജസ്സു് അവളിൽ നിക്ഷേപിച്ചു. ജന്മസിദ്ധമായ കവചകുണ്ഡലങ്ങളോടുകൂടി തേജസ്വിയായ ഒരു പുത്രൻ പിറന്നു. സൂര്യദേവൻെറ അനുഗ്രഹവിശേഷത്താൽ കുന്തിക്കു് കന്യാത്വം വീണ്ടുകിട്ടി. കുട്ടിയെ ഇനി എന്തു ചെയ്യും ? ഒരു ധാത്രിയോടുംകൂടി ആലോചിച്ചു്, വേറാരുമറിയാതെ, ഗൂഢമായി, കുട്ടിയേ ഒരു പെട്ടിയിലാക്കി പുഴയിലൊഴുക്കി. അധിരഥൻ എന്ന സൂതൻ പുഴയിൽനിന്നും കുട്ടിയെ വീണ്ടെടുത്തു് വീട്ടിൽ കൊണ്ടുപോയി സ്വഭാര്യയായ രാധയ്ക്കു് പുത്രനായ്കൊടുത്തു. ഹേമകുണ്ഡലനും വസുവർമ്മധരനുമായ ബാലനു് അവർ വസുഷേണനെന്നു് പേരിട്ടു. ഇങ്ങനെ സൂര്യനിൽനിന്നും കന്യാഗർഭത്തിൽ ജനിച്ചു് പരിത്യക്തനായ കൗന്തേയനാണു്, അധിരഥപുത്രനായി, രാധേയനായി, സർവ്വശസ്ത്രവിശാരദനായി, ദുര്യോധനസുഹൃത്തായി, അംഗാധിപനായി, ഫല്ഗുനപ്രതിദ്വന്ദ്വിയായി, പാണ്ഡവസന്ത്രാസകനായി വിരാജിച്ച മഹാരഥൻ കർണ്ണൻ.

## കർണ്ണൻ

വിവേകമുദിക്കാത്ത ഒരു ബാലികയുടെ ബാലിശമായ കൗതുഹലത്തിൻെറ ഭവിഷ്യത്തു് ദൂരവ്യാപകമായിരുന്നു. അതു് കുന്തിയുടെ ശിഷ്ടജീവിതത്തേയും ഭാരതവംശചരിത്രത്തേയും സാരമായി ബാധിക്കുന്നുണ്ടു്. പിതൃഗൃഹത്തിൽ വെച്ചുണ്ടായ ഈ രഹസ്സംഗമം, മാതൃധർമ്മങ്ങളൊന്നും ചെയ്യാതെ, സ്വരക്ഷയെ മാത്രം കരുതി സന്താനത്തെ

ഉപേക്ഷിച്ചതു്, ഈ അകൃത്യകരണവും പാപപ്രവൃത്തിയും കുന്തിയുടെ നെഞ്ചകത്തെ കാന്തതിന്നുന്നുണ്ടായിരുന്നു. അതിലും പ്രത്യേകിച്ചു് കണ്ണൻ സവ്വവിധത്തിലും യോഗ്യനായ ഒരു പുരുഷവീരനായപ്പോഠം, ആ മകൻെറ പൗരുഷത്തിൽ അഭിമാനിക്കാൻ അമ്മയുടെ മനം കൊതികൊണ്ടു. മററേ മക്കാംക്കു് ആപത്കാരിയാകുമെന്നു വന്നപ്പോഠം മാനംവെടിഞ്ഞും മാതൃത്വം വെളിപ്പെടുത്തി മൂത്ത മകൻെറ മനംമാററാൻ ശ്രമിച്ചു. ഫലിച്ചില്ല. യുദ്ധത്തിൽ അജ്ജുനസായകമേററു് കണ്ണൻ മരിച്ചുവീണപ്പോഠം കുന്തിയുടെ നെഞ്ചു തകന്നു. തൻെറ അപരാധബോധം നൂറുമടങ്ങു വദ്ധിച്ചു. പിതൃഗൃഹത്തിൽ സൂര്യൻ കുന്തിയിൽ കൊളുത്തിയ ആ ശോകാഗ്നി എരിഞ്ഞു നീറി അടങ്ങാതെ അവസാനം വരെ നിന്നിരുന്നു. ഭാരതവംശത്തെ സംബന്ധിച്ചു നോക്കുമ്പോഠം, കുരുപാണ്ഡവയുദ്ധത്തിനു് ഒരു പ്രധാനഹേതു കണ്ണനായിരുന്നു. ദുര്യോധനനു്, ഭീഷ്മർ ദ്രോണർ മുതലായ മഹാരഥന്മാരുടെ ഉള്ളഴിഞ്ഞ സഹകരണത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. ശത്രുമുഖ്യനായ അജ്ജുനനെ നേരിടാൻ ദുര്യോധനൻ കണ്ണൻെറ കരബലത്തേയാണു് ആശ്രയിച്ചിരുന്നതു്. അജ്ജുനനോടുള്ള മത്സരബുദ്ധി, കണ്ണനെ പാണ്ഡവന്മാരുടെ പരമശത്രുവുമാക്കിയിരുന്നു. ഈ നിലയിൽ കുന്തിയുടെ കാനീനഗർഭമാണു് മഹാഭാരതയുദ്ധത്തിനു് ഒരു പ്രധാനഹേതുവായിത്തീന്നതു്.

ഭാരതത്തിൽ പ്രസിദ്ധരായ രണ്ടു കാനീനന്മാരുണ്ടു്. ഒന്നു ഭാരതരചയിതാവായ വ്യാസൻ. രണ്ടാമൻ കണ്ണനും. സത്യവതി പരാശരനിൽനിന്നും ഗർഭം ധരിച്ചു; വിനാവിളംബം പ്രസവിച്ചു. അമ്മ സ്മരിക്കുമ്പോഠം വന്നു കൊള്ളാമെന്നും പറഞ്ഞു്, മകൻ അച്ഛൻെറകൂടെ പോയി. സവ്വവിദ്യകളും അഭ്യസിച്ചു. തപസ്സുചെയ്തു. ''മുനീനാമപ്യഹം വ്യാസഃ'' എന്ന അവസ്ഥയിലെത്തി. സൂര്യൻ മടങ്ങിപ്പോകുന്നതിനു മുമ്പുതന്നെ കണ്ണൻ ജനിച്ചുവെന്നാണു പ്രതിപാദനരീതിയിൽനിന്നും തോന്നുക.

* അജായത സുതഃ കർണ്ണഃ സർവ്വലോകേഷു വിശ്രുതഃ
പ്രാദാച്ച തപസ്യൈ കന്യാത്വം പുനഃ സ പരമദ്യുതിഃ.
ദത്വാ ച തപതാം ശ്രേഷ്ഠോ ദിവമാചക്രമേ തതഃ.

'സർവ്വലോകവിശ്രുതനായ കർണ്ണൻ ജനിച്ചു; അവൾക്കു വീണ്ടും കന്യാത്വംകൊടുത്തിട്ടു് തപനൻ ആകാശത്തേയ്ക്കു പോയി.' എന്നാൽ ഇതരഭാഗങ്ങളിൽനിന്നും, കുന്തി കർണ്ണനെ പത്തുമാസവും വയററിൽ ചുമന്നു എന്നും, കന്യാപുരത്തിലെ ഒരു വിശ്വസ്തപരിചാരികയൊഴികെ വേറാരും ഈ സംഭവം അറിഞ്ഞില്ല എന്നും കാണുന്നുണ്ടു്. † പരാശരൻ ചെയ്തതുപോലെ തപനനും യഥാസമയം പുത്രനെ കൂട്ടിക്കൊണ്ടു പോകാമായിരുന്നു. പക്ഷേ അതു് ചെയ്തില്ല. ഒരു പിഞ്ചുപെൺകുട്ടി അറിയാതെ ചെയ്ത തെററിൻെറ ശിക്ഷ മുഴുവൻ, പകുതി ശിക്ഷയ്ക്കെങ്കിലും അർഹനായ തപനൻ സ്വയം അതേറെറടുക്കാൻ കൂട്ടാക്കായ്കയാൽ, അവൾതന്നെ അനുഭവിക്കേണ്ടതായി വന്നുകൂടി. ഏതായാലും പരിതഃസ്ഥിതികളുടെ പ്രാതികൂല്യങ്ങളെ എതിർത്തും കർണ്ണൻെറ സ്വതഃസിദ്ധമായ

---

* ആദിപർവ്വത്തിൽ സഭാപർവ്വത്തിൽ അധ്യായം 110, ശ്ലോകം 19, 20

† സാ ബാന്ധവഭയാദ്ബാലാ ഗർഭം തം വിനിഗൂഹതീ
ധാരയാമാസ സുശ്രോണീ ന ചൈനാം ബുബുധേ ജനഃ.
ന ഹി താം വേദ നാര്യന്യാ കാചിദ് ധാത്രേയികാമൃതേ
കന്യാപുരഗതാം ബാലാം നിപുണാം പരിരക്ഷണേ.
തതഃ കാലേന സാ ഗർഭം സുഷുവേ വരവർണിനീ
കന്യൈവ തസ്യ ദേവസ്യ പ്രസാദാദമരപ്രഭം.
വനപർവ്വം അദ്ധ്യായം 308. ശ്ലോകം 2. 3. 4.

ബന്ധുജനങ്ങളെ ഭയപ്പെട്ടു് കുന്തി തനിക്കു ഗർഭമുണ്ടെന്നുള്ള സംഗതി ആരെയും അറിയിക്കാതെ ഒളിച്ചുവെച്ചു. അന്തഃപുരത്തിൽ താമസിക്കുന്നവളും ഗൂഢകാര്യങ്ങൾ പുറത്തുവിടാത്തവളുമായ ഒരു ധാത്രിയൊഴികെ ആരും ഇക്കാര്യം അറിഞ്ഞില്ല. പിന്നെ യഥാകാലം കന്യയും കമനീയാംഗിയുമായ കുന്തി സൂര്യൻെറ അനുഗ്രഹത്താൽ ദേവോപമനായ ഒരു പുത്രനെ പ്രസവിച്ചു.

മഹത്വം പ്രകാശിച്ചു. ദാനശീലനും, ബ്രാഹ്മണഭക്തനും, ക്ഷിപ്രപ്രസാദിയും, വേഗം നിരുത്സാഹപ്പെടുന്നവനും, ധമ്മനിഷ്ഠനെങ്കിലും അഭിമാനിയുമായ കണ്ണൻ മഹാഭാരതത്തിലെ കഥാപാത്രങ്ങളിൽ ഉന്നതശീഷ്നായ ഒരുവനാണ്. വിധിവൈപരീത്യം കണ്ണന് ദുരന്തം വരുത്തി. പുരുഷപ്രയത്നംകൊണ്ടു് കൈവരുത്താവുന്ന മഹത്വമെല്ലാം കണ്ണൻ നേടി. പക്ഷേ അവസാനം ദൈവാധീനമാണ് ജയിക്കുക എന്ന പാഠമാണ് കണ്ണനിൽക്കൂടി ഭാരതകാരൻ നമുക്ക് ഉപദേശിക്കുന്നതെന്നു തോന്നുന്നു. ഈ രണ്ടു കാനീനന്മാരുടെ ചരിത്രത്തിൽനിന്നും, നദികളുടെയെന്നപോലെ മഹാന്മാരുടെയും ഉത്പത്തി തേടേണ്ട കാര്യമില്ലെന്ന വിദുരവാക്യത്തിൻെറ വാസ്തവം വ്യക്തമാകുന്നു. കണ്ണൻ കുന്തിയുടെ കണ്ണത്തിൽക്കൂടിയാണു പിറന്നതെന്ന നാടോടിക്കഥയ്ക്കു് ഭാരതത്തിൽ അടിസ്ഥാനമൊന്നും കാണുന്നില്ല. സഹജമായ കുണ്ഡലംകൊണ്ടു ശോഭിതമായിരുന്നതിനാൽ കണ്ണം പ്രത്യേകം ശ്രദ്ധേയമായിരുന്നിരിക്കാം; അതുകൊണ്ടായെന്നുവരാം കണ്ണനെന്ന പേർ വന്നതു്.

## സ്വയംവരം

കുന്തി കന്യകയായി പിതൃഗൃഹത്തിൽ കഴിഞ്ഞുപോന്നു. വിവാഹപ്രായമായി. രൂപയൗവനശാലിനിയും സവ്വസ്ത്രീഗുണസമ്പന്നയുമായ പൃഥയെ പാണിഗ്രഹണം ചെയ്യാൻ പാർഥിവന്മാർ പലരും കൊതികൊണ്ടു. കുന്തിഭോജൻ ഒരു സ്വയംവരം നിശ്ചയിച്ചു. സ്വയംവരത്തിൽ കുരുകുലസത്തമനായ പാണ്ഡുവിനേക്കണ്ടു് പ്രചലമാനസയും കാമപരീതാംഗിയുമായ കുന്തി വരണമാല അദ്ദേഹത്തിൻെറ കഴുത്തിലപ്പിച്ചു. ഇതു കണ്ടു് സന്നിഹിതരായിരുന്ന ഇതരരാജാക്കന്മാർ വന്നതുപോലെ മടങ്ങിപ്പോയി. കുന്തിഭോജൻ മകളുടെ വിവാഹമെല്ലാം ഘോഷമായി ആഘോഷിച്ചു. നവദമ്പതികൾക്കു് നിരവധി സമ്മാന

ങ്ങളും നൽകി കുന്തിഭോജൻ അവരെ യാത്ര അയച്ചു. സാഘോഷം ഹസ്തിനാപുരത്തിലെത്തി. പാണ്ഡു കുന്തിയെ സ്വഭവനത്തിൽ കുടിവെച്ചു.

ഭീഷ്മർ മദ്രരാജാവായ ശല്യരോട് അദ്ദേഹത്തിന്റെ സോദരിയായ മാദ്രിയെ പാണ്ഡുവിനു ഭാര്യയായി നൽകണമെന്നപേക്ഷിച്ചു. ശല്യരുടെ നിർദ്ദേശപ്രകാരം അനവധി രത്നാദികളെല്ലാം കൊടുത്തു് പാണ്ഡുവിനുവേണ്ടി ഭീഷ്മർ മാദ്രിയെ വരിച്ചു. പാണ്ഡു യഥാവിധി മാദ്രിയെ പാണിഗ്രഹണം ചെയ്തു. അവളേയും സ്വഗൃഹത്തിൽ കുടിവെച്ചു. പാണ്ഡു അങ്ങനെ കുന്തി, മാദ്രി എന്ന രണ്ടു പത്നികളോടൊത്തു സുഖമായി വാണു.

## മുനിശാപം

കുന്തിയും മാദ്രിയും അഭിപ്രായപ്പെട്ടതനുസരിച്ച് പാണ്ഡു വനവാസിയായി. സർവ്വഭോഗസമൃദ്ധമായ രാജമന്ദിരം ഉപേക്ഷിച്ച് കാട്ടിൽ വേട്ടയുമാടി, യുവപത്നികളോടൊന്നിച്ച് ഭോഗമഗ്നനായി പാണ്ഡു നാരം കഴിച്ചു. അവിടെവെച്ച് മിഥുനധർമ്മത്തിലേർപ്പെട്ടിരുന്ന മൃഗമിഥുനത്തെ അരചൻ മാരകമായി അമ്പയച്ചുമുറിച്ചു. വിരഹാർത്തനായ മൃഗം മനുഷ്യരൂപം കൈക്കൊണ്ടു. കിംദമനെന്നു പേരായ ഒരു താപസൻ മൃഗവേഷത്തിൽ വിഹരിക്കുകയായിരുന്നു, അതൃപ്തകാമനായ തനിക്കു് ഇപ്രകാരം വിപത്തു വരുത്തിവെച്ചതുകൊണ്ടു്, പാണ്ഡുവും ഭാര്യാഗമനം ചെയ്താൽ മരണമടയുമെന്നു് ആ താപസൻ ശപിച്ചു; വീണു മരിക്കുകയും ചെയ്തു.

## വാനപ്രസ്ഥം

ദുഃഖാർത്തനായ പാണ്ഡു സന്ന്യാസം സ്വീകരിക്കാൻ നിശ്ചയിച്ചു. ഇതുകേട്ടു് കുന്തിയും മാദ്രിയും പറഞ്ഞു:—

''ആര്യപുത്ര, സന്ന്യാസമല്ലാതെ വേറെയും ആശ്രമമുണ്ട ല്ലോ ധർമ്മപത്നികളായ ഞങ്ങളോടൊത്തു് തപസ്സാചരി ക്കാവുന്ന ആശ്രമം. ആ വഴിക്കു് തപസ്സാചരിച്ചു് നമുക്കു സ്വർഗ്ഗം പ്രാപിക്കാം. ഞങ്ങൾക്കു് സ്വർഗ്ഗത്തിലും അങ്ങു തന്നെ ഞങ്ങളുടെ നാഥൻ. അതുകൊണ്ടു് കാമഭോഗങ്ങ ളെല്ലാം ഉപേക്ഷിച്ചു്, ഇന്ദ്രിയഗ്രാമത്തെ നിഗ്രഹിച്ചു്, നമുക്കൊരുമിച്ചു് തപസ്സനുഷ്ഠിക്കാം. അങ്ങു ഞങ്ങളെ ഉപേക്ഷിച്ചുപോകാനാണു വിചാരിക്കുന്നതെങ്കിൽ, ഞങ്ങ ളിന്നുതന്നെ ജീവിതം ഉപേക്ഷിക്കും: അതിനു യാതൊരു സംശയവുമില്ല.'' അവരുടെ അപേക്ഷയനുസരിച്ചു് പാണ്ഡു വാനപ്രസ്ഥ്യം സ്വീകരിച്ചു,ഉഗ്രതപസ്സിലേപ്പെട്ടു.

അങ്ങനെയിരിക്കെ അമാവാസ്യദിവസം ഋഷികൾ പലരും ബ്രഹ്മാവിനെ കാണാൻ പുറപ്പെട്ടു. അവരോടായി പാണ്ഡു പറഞ്ഞു:—

* ഋണൈശ്ചതുർഭിഃ സംയുക്താ ജായന്തേ മാനവാ ഭുവി
പിതൃദേവർഷിമനുജൈർദേയം തേഭ്യശ്ച ധർമ്മതഃ.

''മനുഷ്യർ ഭൂമിയിൽ ജനിക്കുന്നതു് നാലു കടങ്ങളോടു കൂടിയാണു്; പിതൃക്കളോടും ദേവന്മാരോടും ഋഷികളോടും മനുജരോടുമാണു് കടങ്ങളുള്ളതു്. യഥാകാലം ആ കടങ്ങൾ അറിഞ്ഞു വീട്ടാത്തവനു് സദ്ഗതിയില്ലെന്നു് ധർമ്മജ്ഞ ന്മാർ നിശ്ചയിച്ചിരിക്കുന്നു. യജ്ഞംകൊണ്ടു് ദേവഋണവും സ്വാധ്യായതപസ്സുകൾകൊണ്ടു ഋഷിഋണവും ആനൃശംസ്യം കൊണ്ടു മാനവഋണവും, പുത്രന്മാരേക്കൊണ്ടും ശ്രാദ്ധം കൊണ്ടും പിതൃഋണവും നിവൃത്തമാകുന്നു. ഇവയിൽ ഋഷിദേവമനുഷ്യഋണങ്ങളിൽനിന്നും ഞാൻ യഥാവിധി മോചിതനായിരിക്കുന്നു. അല്ലയോ താപസന്മാരേ, ഞാനി നിയും പിതൃഋണത്തിൽനിന്നും മുക്തനായിട്ടില്ല.''

---

* മഹാഭാരതം, ആദിപർവ്വത്തിലെ സംഭവപർവ്വത്തിൽ
അദ്ധ്യായം 119, ശ്ലോകം 17.

പാണ്ഡുവിൻെറ ഈ പരിദേവനംകേട്ട് കരുണപൂണ്ട മഹഷിമാർ സന്താനലാഭം ഉണ്ടാകുമെന്നു് അദ്ദേഹത്തെ അനുഗ്രഹിച്ചു.

## ഭർത്തൃനിയോഗം

ഋഷിശാപംമൂലം പ്രജനനാശക്തനായ പാണ്ഡു കുന്തിയോടു് രഹസ്യമായി, സദൃശനിൽനിന്നോ, ശ്രേഷ്ഠനിൽനിന്നോ, സന്താനലാഭം സാധിക്കുന്നതിനു് ഉപദേശിച്ചു. കുന്തി ഈ നിർദ്ദേശത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചു. കുന്തി പറഞ്ഞു:—''ധർമ്മജ്ഞനായ അവിടുന്നു് ഈവിധം എന്നോടാജ്ഞാപിക്കുന്നതു് ഉചിതമല്ല. ധർമ്മപത്നിയായ എന്നിൽ അങ്ങുതന്നെ ധർമ്മപ്രകാരം സന്താനോത്പാദനം ചെയ്യും. മനസ്സുകൊണ്ടുപോലും ഞാൻ അന്യനെ പ്രാപിക്കുകയില്ല. അങ്ങയെക്കാൾ ശ്രേഷ്ഠനായിട്ടു് ലോകത്തിലാരിരിക്കുന്നു? പൂരുവംശരാജാവായ വ്യുഷിതാശ്വൻ ക്ഷയംമൂലം മരിച്ചു. അനപത്യയായ അദ്ദേഹത്തിൻെറ പത്നി കാക്ഷീവതി ഭർത്താവിനെ വിളിച്ചുകരഞ്ഞു; പരേതൻെറ നിർദ്ദേശപ്രകാരം ശവവുമൊത്തു ശയിച്ചു. അവൾ സാല്വന്മാരേയും മദ്രന്മാരേയും ജനിപ്പിച്ചു. അതേ മാതിരി, അങ്ങയുടെ തപോയോഗബലംകൊണ്ടു്, മനസാ സന്താനോത്പാദനം ചെയ്യുന്നതിനു് അവിടുന്നു് സമർത്ഥനാകുന്നു. അപ്രകാരം ചെയ്താലും.'' പാണ്ഡു തുടൎന്നപേക്ഷിച്ചു:— ''ആര്യേ, ധർമ്മ്യമോ അധർമ്മ്യമോ എന്തുതന്നെ ആയാലും ഭർത്തൃനിർദ്ദേശം അനുസരിക്കുകയെന്നുള്ളതു് ഭാര്യയുടെ ധർമ്മമാണെന്നു് വേദജ്ഞന്മാർ നിശ്ചയിച്ചിരിക്കുന്നു. പ്രത്യേകിച്ചും, എൻെറ ഈ നിസ്സഹായാവസ്ഥയിൽ, ഞാൻ ബദ്ധാഞ്ജലിയായി പ്രാർത്ഥിക്കുന്നു: അയി സുന്ദരി, ഭവതി തപോയുക്തന്മാരായ ബ്രാഹ്മണരിൽനിന്നും, എൻെറ നിയോഗമനുസരിച്ചു് ഗുണയുക്തന്മാരായ പുത്രന്മാരെ സമ്പാദിക്കേണ്ടതാകുന്നു. എനിക്കു് സദ്ഗതി ഉണ്ടാകുവാനുള്ള ഉപായം സ്വീകരിക്കു.''

## ആപദ്ധമ്മം

ഇതൊരു അസാധാരണമായ നിയോഗമാണു്. ഭത്താവു സ്വഭാര്യയോടു് പരപുരുഷനിൽനിന്നും ഗർഭാധാനം സ്വീകരിക്കാൻ പറയുന്നതു് അപൂർവ്വമാണു്. സാധാരണയായി ഭത്താക്കന്മാർ, തങ്ങളുടെ മരണത്തിനുശേഷവും ഭാര്യമാർ പരപുരുഷനെ സ്മരിക്കുകകൂടി പാടില്ല എന്നാണു് ആഗ്രഹിക്കാറു്, മക്കളുണ്ടെങ്കിലും ഇല്ലെങ്കിലും. വംശനാശം വരുമെന്നുള്ള സന്ദർഭങ്ങളിൽ, ക്ഷത്രിയസ്ത്രീകൾക്കു് ബ്രാഹ്മണരിൽനിന്നും സന്താനം സമ്പാദിക്കാമെന്നു് ആപദ്ധർമ്മവിധിയുണ്ടു്. അങ്ങനെയാണു് സ്വസോദരഭാര്യമാരിൽ വ്യാസൻ പാണ്ഡുവിനേയും ധൃതരാഷ്ട്രരേയും ജനിപ്പിച്ചതു്. അതു പക്ഷേ വിചിത്രവീര്യൻ മരിച്ചതിനുശേഷമാണു്. ഇവിടെ ഭത്താവു് സ്വേച്ഛയാ പത്നിയെ നിയോഗിക്കുകയാണു ചെയ്യുന്നതു്. ഗത്യന്തരമില്ലാതെ ചെയ്യുന്ന ഒരു ആപദ്ധമ്മകൃത്യമാണിതു്.

ഭത്തൃനിർബന്ധം ഒഴിക്കാൻ വയ്യെന്നായപ്പോൾ കുന്തി തനിക്കു് ദുർവ്വാസാവുമഹർഷിയുടെ അടുക്കൽനിന്നും ലഭിച്ച മന്ത്രത്തിൻെറ സംഗതി പാണ്ഡുവിനെ കേൾപ്പിച്ചു. മഹർഷി നൽകിയ വരം പ്രയോഗിക്കുന്നതിനുള്ള സമയം സമാഗതമായി. ''അങ്ങയുടെ അനുമതിയോടുകൂടി ഞാൻ സന്താനാർത്ഥം ദേവനെ ആവാഹനം ചെയ്യാം. ഏതൊരു ദേവനെയാണു വരിക്കേണ്ടതെന്നു് അവിടുന്നരുളിച്ചെയ്താലും.'' ''ശുചിസ്മിതേ, ധമ്മദേവനാണു് ശ്രേഷ്ഠൻ; അധമ്മം കൊണ്ടു് ധമ്മം നേടാൻ സാദ്ധ്യമല്ല. ധമ്മപുത്രനെ ജനങ്ങൾ ധമ്മമൂത്തിയായി കരുതിക്കൊള്ളും. അവൻ ധാർമ്മികനായ കുരുകുലോദ്ധാരകനാകും; ധർമ്മദേവനിൽനിന്നും ജനിക്കുന്നതുകൊണ്ടു് മനസ്സൊരിക്കലും അധമ്മത്തിൽ രമിക്കയില്ല. അതിനാൽ, ധർമ്മത്തെ മുൻനിർത്തി ഭവതി ധമ്മദേവനെ വരിച്ചാലും.'' ഇപ്രകാരം അനുജ്ഞാതയായ കുന്തി ഭത്താവിനെ അഭിവാദനം ചെയ്തു പ്രദക്ഷിണം വെച്ചു.

## പുത്രലാഭം

വേണ്ട കാര്യദ്രവ്യങ്ങളെല്ലാം ശേഖരിച്ച് കുന്തി ധർമ്മദേവനെ ഭാവനചെയ്തുകൊണ്ടു് വിധിപ്രകാരം മന്ത്രം ജപിച്ചു. മന്ത്രബലംകൊണ്ടു് ആകൃഷ്ടനായ ധർമ്മൻ സൂര്യസങ്കാശമായ വിമാനത്തിൽ കയറി കുന്തീസമീപമെത്തി ചോദിച്ചു: ''കുന്തി കിം തേ ദദാമ്യഹം ?'' ''കുന്തി, നിനക്കു ഞാനെന്തു തരേണ്ടു ?'' അവരം ചിരിച്ചുകൊണ്ടു പുത്രനെ പ്രാൎത്ഥിച്ചു. യോഗമൂൎത്തിസ്വരൂപിയായ ധർമ്മദേവനിൽനിന്നും കുന്തിക്കു് ധാർമ്മികനായ ഒരു പുത്രൻ ജാതനായി.

കുറച്ചുനാരം കഴിഞ്ഞു് പാണ്ഡു കുന്തിയോടു പറഞ്ഞു: ''ബലത്തിൽ ശ്രേഷ്ഠനായവനെയാണു് ക്ഷത്രിയൻ എന്നു പറയുന്നതു്. ബലശാലിയായ ഒരു പുത്രനെ സമ്പാദിച്ചാലും.'' അതനുസരിച്ച് കുന്തി വായുവിനെ വിളിച്ചു. മഹാബലനായ മാരുതൻ മൃഗാരൂഢനായി അടുത്തുവന്നു ചോദിച്ചു:—''കുന്തി, നിനക്കെന്തുവേണം? നിൻെറ ആഗ്രഹം അറിയിച്ചാലും.'' ലജ്ജാസ്മേരമുഖത്തോടെ അവരം പുത്രനെ യാചിച്ചു. വായുദേവനിൽനിന്നും കുന്തിക്കു് ഭീമപരാക്രമനും അതുല്യബലശാലിയുമായ ഭീമൻ ജനിച്ചു. അതേ ദിവസംതന്നെയാണു് ഗാന്ധാരീധൃതരാഷ്ട്രന്മാരുടെ മൂത്ത മകൻ ദുര്യോധനനും പിറന്നതു്.

മനുഷ്യരേയും ദേവന്മാരേയും ജയിക്കാൻ കഴിവുള്ള ഒരു മകൻ വേണമെന്നു് പാണ്ഡുവിനു് വലിയ ഒരാഗ്രഹം. ഒരു സംവത്സരക്കാലം അവരിരുവരും ഇന്ദ്രനെ ധ്യാനിച്ചുകൊണ്ടു് ഒററക്കാലിൽ തപസ്സുചെയ്തു. സന്തുഷ്ടനായ ഇന്ദ്രൻ വന്നു് പുത്രനെ നൽകാമെന്നു് അനുഗ്രഹിച്ചു. അനന്തരം പാണ്ഡുവിൻെറ ആദേശമനുസരിച്ച് കുന്തി മന്ത്രബലംകൊണ്ടു് ഇന്ദ്രനെ പ്രാപിച്ചു. അൎജ്ജുനൻ ജാതനായി. ഒരശരീരി കേട്ടു: ''കുന്തി, നിൻെറ ഈ മകൻ,

കാർത്തവീര്യാർജ്ജുനനു് സമനാണു്. പരമശിവനു തുല്യം പരാക്രമിയാകുന്നു; ഇന്ദ്രനൊപ്പം അജയ്യനാണു്. നിൻെറ കീർത്തി പാരെങ്ങും പരത്തും.''

പാണ്ഡുവിനു് ഇനിയും പുത്രന്മാരെ ലഭിച്ചാൽ കൊള്ളാമെന്നു് ആഗ്രഹം തോന്നി. പക്ഷെ കുന്തി പറഞ്ഞു: ''ആപദ്ധർമ്മത്തിൽപോലും നാലാമതു പ്രസവം അനുവദിച്ചിട്ടില്ല. ഇനി ചെയ്താൽ സ്വൈരിണിയാകും; അഞ്ചു തവണയായാൽ ബന്ധകിയായിത്തീരും. അങ്ങനെയിരിക്കെ ധർമ്മജ്ഞനായ അവിടുന്നിപ്രകാരം ധർമ്മം വെടിഞ്ഞു് പ്രമാദംകൊണ്ടെന്നപോലെ എന്താണീവിധം എന്നോടു പറയുന്നതു്?'' ''ഭവതി പറയുന്നതുപോലെയാണു് ധർമ്മശാസ്ത്രം. അതങ്ങനെയാവട്ടെ.'' എന്നു പാണ്ഡു അടങ്ങി.

## അപൂർവ്വപതിവ്രതാ

ഇവിടെ കുന്തിയുടെ മഹത്വത്തിൻെറ മാററു തെളിഞ്ഞുകാണുന്നു. പരപുരുഷനെ പ്രാപിച്ചു് സന്താനം നേടണമെന്നു് ഭർത്താവു് പറഞ്ഞപ്പോൾ, ''ധർമ്മപത്നിയായ എന്നോടീവിധം അങ്ങു് പറയരുതു്.'' എന്നു് പ്രതിഷേധിച്ചതു് കേവലം ഭംഗിവാക്കൊന്നുമല്ല; ഭർത്തൃനിർദ്ദേശം അനുസരിക്കുകമാത്രമാണു് ചെയ്തതെന്നു്, പത്നീധർമ്മം നിറവേററുകമാത്രമാണു് ചെയ്തതെന്നു്, കുന്തി തെളിയിക്കുന്നു. പരപുരുഷനെ പ്രാപിച്ചാലും പാതിവ്രത്യം അഭംഗുരം പാലിക്കാൻ സാധിച്ച ഒരു മഹതിയാണു കുന്തി. മനുഷ്യമനസ്സിൻെറ ദൗർബ്ബല്യവും കുന്തിയുടെ നിശ്ചയദാർഢ്യവും ഒരുമിച്ചാലോചിക്കുമ്പോൾ മാത്രമേ അതിൻെറ ഔന്നത്യം മനസ്സിലാവുകയുള്ളൂ. പൂർണ്ണമനസ്സാലേ ഭർത്താവു നിയോഗിക്കുക, മൂന്നുതവണ അന്യഗമനം

ചെയ്യുക, യഥേഷ്ടം പ്രയോഗിക്കാവുന്ന ഒരു മന്ത്രം കൈയ്യവശമുണ്ടായിരിയ്ക്കുക, ഇങ്ങനെയൊക്കെ ഉച്ഛൃംഖലത്വത്തിനു വേണ്ട ചുററുപാടുകളൊക്കെ അനുകൂലമായിരിക്കെ, ആത്മനിയന്ത്രണം ചെയ്തു്, ധർമ്മം അതിക്രമിക്കുന്ന ഭർത്താവിനെ സ്വധർമ്മം ഓർമ്മിപ്പിച്ച് നേർവഴിക്കു നയിക്കുന്ന ഒരു സഹധർമ്മിണിയേയാണു് നാമിവിടെ കാണുന്നതു്. വംശാഭിവൃദ്ധിക്കും, പിതൃക്കളുടെ ഗതിക്കും വേണ്ടി, ധർമ്മാർത്ഥമായിട്ടു മാത്രമാണു്, കാമാർത്ഥമല്ല, കുന്തി സന്താനലാഭം സാധിച്ചതു്. പ്രവൃത്തിയിൽനിന്നും ധർമ്മം നിശ്ചയിക്കുക എളുപ്പമല്ല. ധർമ്മരഹസ്യം ഗഹനമാണു്. 'ധർമ്മസ്യ തത്വം നിഹിതം ഗുഹായാം.'

## മാദ്രീസുതന്മാർ

കുന്തിക്കു് പുത്രന്മാർ പിറന്നു; ഗാന്ധാരിക്കും മക്കളുണ്ടായി. തനിക്കു് സന്താനസൗഭാഗ്യം ഉണ്ടായില്ലല്ലൊ എന്നു മാദ്രി വ്യസനിച്ചു. അവരു പാണ്ഡുവിനോടു് രഹസ്യമായി തന്റെ താപഭാരം അറിയിച്ചു. 'കുന്തി കനിഞ്ഞാൽ തനിക്കും അപത്യലാഭം ഉണ്ടാകും: സപത്നീത്വംകൊണ്ടു് സ്വയം ചോദിക്കാൻ സങ്കോചമുണ്ടു്; പാണ്ഡു അതിനായി കുന്തിയെ പ്രേരിപ്പിക്കണം.' എന്നായിരുന്നു മാദ്രിയുടെ അപേക്ഷ. 'മാദ്രിയ്ക്കു് സമ്മതമാകുമോ എന്നു നിശ്ചയമില്ലാതിരുന്നതുകൊണ്ടാണു് ഇക്കാര്യം ഇതുവരെയും താൻ കുന്തിയോടാവശ്യപ്പെടാതിരുന്നതു്. ഇനി വേണ്ടതു ചെയ്തുകൊള്ളാം.' എന്നു് പാണ്ഡു ഏററു.

എന്നിട്ടു് ഏകാന്തത്തിൽ പാണ്ഡു കുന്തിയോടു പറഞ്ഞു:—''ഭാവിനി, അനപത്യദുഃഖംകൊണ്ടു് വലയുന്ന മാദ്രിയെ മന്ത്രപ്ലവംകൊണ്ടു് ഉദ്ധരിച്ചാലും. അപത്യസംവിഭാഗംകൊണ്ടു് ഭവതിക്കു് അനശ്വരമായ കീർത്തി ലഭിക്കും.'' അതനുസരിച്ചു് മാദ്രിയോടു കുന്തി, ''ഒരു പ്രാവശ്യം ഒരു ദേവനെ സങ്കല്പിക്കുക. അനുരൂപനായ പുത്രൻ ജനിക്കും,

നിശ്ചയം.'' എന്നു പറഞ്ഞു. മാദ്രി നല്ലതുപോലെ ആലോചിച്ചശേഷം മനസ്സുകൊണ്ടു് അശ്വിനീകുമാരന്മാരെ പ്രാപിച്ചു. അവർ വന്നു് മാദ്രിയിൽ രണ്ടു പുത്രന്മാരെ ഉത്പാദിപ്പിച്ചു. അതിസുന്ദരന്മാരായ നകുലസഹദേവന്മാരവരാണു്. പാണ്ഡു പിന്നെയും മാദ്രിക്കുവേണ്ടി കുന്തിയോടു് അപേക്ഷിച്ചു. അപ്പോഠം കുന്തി പറഞ്ഞു:— ''ഒരിക്കൽ പറഞ്ഞിട്ടുവരം ഇരട്ട സമ്പാദിച്ചു; അങ്ങനെ അവളെന്നെ പററിച്ചു. അങ്ങനെയാണു് കുത്സിതസ്ത്രീകളുടെ പോക്കു്. ഞാൻ മൂഢയായതുകൊണ്ടു് ഇതുമൂലം ഫലദ്വയം ഉണ്ടാകുമെന്നറിഞ്ഞതുമില്ല. അതിനാൽ അങ്ങെന്നെ ഇതിനിനി നിർബ്ബന്ധിക്കരുതു്. എനിക്കീ ഒരു വരമരുളിയാലും.'' മന്ത്രബലം ദുരുപയോഗപ്പെടുത്താതെ കുന്തി വീണ്ടും ധർമ്മം കാത്തുരക്ഷിച്ചു. ഇപ്രകാരം പാണ്ഡുവിനു് ദേവദത്തന്മാരായ അഞ്ചു പുത്രന്മാർ.

## വൈധവ്യം

അങ്ങനെ വസിക്കുന്നകാലത്തു് ഒരു ദിവസം പാണ്ഡു മാദ്രിയുമൊന്നിച്ചു പുഷ്പിതകാനനത്തിൽ പ്രവേശിച്ചു. സുന്ദരിയായ അവളെ ഏകാന്തത്തിൽ കണ്ടപ്പോഠം, പാണ്ഡു മാരപരവശനായി. മാദ്രി തടഞ്ഞിട്ടും, കാമാതുരനായ പാണ്ഡു അടങ്ങിയില്ല. കാലചോദിതനായ അദ്ദേഹം ഭാര്യാഗമനംചെയ്തു. മുനിശാപംമൂലം ധർമ്മാത്മാവായ പാണ്ഡു കാലധർമ്മം പ്രാപിച്ചു.

മാദ്രിയുടെ വിലാപംകേട്ടു് കുന്തിയും പുത്രന്മാരും ഓടിയെത്തി. മക്കളെ അകലെ നിത്തിയിട്ടു് അടുത്തുവരാൻ മാദ്രി ആംഗ്യം കാണിച്ചു. പാണ്ഡു മരിച്ചു മണ്ണിൽ കിടക്കുന്നു; മാദ്രി കരഞ്ഞുംകൊണ്ടു് പൂഴിയിൽ കിടന്നുരുളുന്നു. ആ കാഴ്ച കണ്ടു കുന്തി വാവിട്ടുകരഞ്ഞു. സപത്നിയോടു

ചോദിച്ചു:—''നിത്യവും ഞാൻ അദ്ദേഹത്തെ കാത്തുരക്ഷിച്ചുപോന്നു; വീരനായ അദ്ദേഹം സദാ ആത്മനിയന്ത്രണമുള്ളവനായിരുന്നു. താപസൻെറ ശാപം അറിഞ്ഞിരുന്നിട്ടും, അദ്ദേഹം എങ്ങനെ നിന്നെ അതിക്രമിച്ചു? മാദ്രി, നീ രാജാവിനെ കാത്തുരക്ഷിക്കേണ്ടതല്ലായിരുന്നോ? വിജനത്തിൽ നീയെങ്ങനെ അദ്ദേഹത്തെ പ്രലോഭിപ്പിച്ചു? ആ ശാപം ഓർത്തു നിത്യവും ദുഃഖിതനായിരുന്ന ആര്യപുത്രൻ വിജനത്തിൽ നിന്നെ പ്രാപിച്ചെങ്ങനെ ഹർഷം പൂണ്ടു? മാദ്രി, നീയെന്നേക്കാൾ ഭാഗ്യംപൂണ്ടവൾ. പ്രിയതമൻെറ പ്രഹൃഷ്ടമായ മുഖകമലം അവസാനം നീ കണ്ടുവല്ലൊ.'' മാദ്രി പറഞ്ഞു:—''ദേവി, കണ്ണുനീരോടുകൂടി ഞാൻ പലവുരു തടഞ്ഞിട്ടും, വിധിചോദിതനായ നാഥൻ അടങ്ങിയില്ല. ഞാൻ സത്യംചെയ്തുപറയുന്നു.'' ഇരുവരും വാവിട്ടുകരഞ്ഞു. പുത്രന്മാർ ഓടിയെത്തി പിതൃപാദത്തിൽ വീണുരുണ്ടു് മുറവിളികൂട്ടി. ദുഃഖം കരകവിഞ്ഞു പാഞ്ഞു.

ഏറെ നേരംകഴിഞ്ഞു. പ്രേതകാര്യങ്ങൾ ചെയ്യേണ്ട ഘട്ടമായി. ജ്യേഷ്ഠപത്നിയെന്ന നിലയിൽ ഭർത്താവിനെ അനുഗമിക്കാനുള്ള അവകാശം കുന്തിക്കാണു്. അതിനായി അവൾ വാദിച്ചു. മാദ്രി തടുത്തു. കുന്തിയിരന്നു:—''മാദ്രി, ഇതെൻെറ ധർമ്മഫലമാണു്, അപരിഹാര്യമാണു്. നീയെന്നെ തടയരുതു്. ഞാൻ പരലോകത്തിൽ ഭർത്താവിനെ അന്വേഷിക്കട്ടെ. നീയെഴുന്നേററു് കുട്ടികളെ നോക്കിരക്ഷിക്കുക. വീരപത്നിയായ മാദ്രി, ഞാനിതു നിന്നോടിരക്കുന്നു.'' മാദ്രി പറഞ്ഞു:—''ധീരനായ പ്രിയനെ ഞാൻതന്നെ അനുഗമിക്കും. ഞാൻ അതൃപ്തകാമയാണു്. ജ്യേഷ്ഠത്തി ദയവുചെയ്തു എന്നെ അതിനു് അനുവദിച്ചാലും. എന്നെ പ്രാപിച്ചാണല്ലൊ അദ്ദേഹം കാലവശം പ്രാപിച്ചതു്. അദ്ദേഹത്തിൻെറ ആഗ്രഹനിവൃത്തി വരുത്തേണ്ടതു് എൻെറ കടമയാണു്. പോരെങ്കിൽ, ആര്യേ,

പുത്രന്മാരെ വേണ്ടതുപോലെ വളൎത്തുന്നതിൽ ഞാൻ അസമൎത്ഥയാണു്. ഭവതിയുടെ പുത്രന്മാരെ, എന്റെ പുത്രന്മാരെപ്പോലെ കരുതാനുള്ള സമബുദ്ധിയെനിക്കില്ല. തന്മൂലം എനിക്കു് പാപം വന്നുചേരും. കുന്തി, ഭവതി എന്റെപുത്രന്മാരെയും സ്വസുതന്മാരെപ്പോലെ ലാളിച്ചുവളൎത്തിയാലും. ഭൎത്താവിനെ അനുഗമിക്കാൻ എന്നെ അനുവദിച്ചാലും.'' കണ്ണീരുകൊണ്ടു് തൊണ്ടയിടറിക്കൊണ്ടു കുന്തിയരുളി:—''യശസ്വിനി, കല്യാണി, നിന്നെ ഞാൻ അനുവദിക്കുന്നു. നമുക്കു് സ്വൎഗ്ഗത്തിൽ ഒരുമിച്ചുകാണാനിടവരട്ടെ.'' പുത്രന്മാരെ വേണ്ടപോലെ കാത്തുരക്ഷിക്കണമെന്നു് വീണ്ടും അപേക്ഷിച്ചുകൊണ്ടു് മാദ്രി ഭൎത്തൃചിതയിൽ പ്രവേശിച്ചു.

## ത്യാഗജീവിതം

സതീധൎമ്മം അനുഷ്ഠിക്കാനുള്ള അവകാശം ജ്യേഷ്ഠമഹിഷി എന്ന നിലയ്ക്കു് കുന്തിക്കായിരുന്നു. മാദ്രിയുടെ പ്രബലങ്ങളായ രണ്ടു വാദങ്ങൾമൂലം ആ അവകാശം കുന്തി സ്വയം നിഷേധിക്കുകയാണു് ചെയ്യുന്നതു്. ഒന്നു്, മാദ്രിയുടെ ഉത്സംഗത്തിൽ കിടന്നാണു് പ്രിയതമൻ പ്രാണൻ വെടിഞ്ഞതെന്നുള്ളതു്. കൂടുതൽ പ്രബലം രണ്ടാമത്തേതാണു്: അതായതു് മക്കളെ സമമായിസ്നേഹിച്ചു വളൎത്താൻ താൻ അശക്തയാണെന്നുള്ളതു്. പുത്രന്മാരെ പുലൎത്തേണ്ടതു് തനിക്കു് പരേതനായ പതിയോടും, പുത്രന്മാരോടും ഉള്ള ഒരു കൎത്തവ്യമാണല്ലൊ. അതു ചെയ്യാതെ പത്നീധൎമ്മം മാത്രം അനുസരിച്ചാൽ മാതൃധൎമ്മത്തിനു ലോപം വരും. കൂടാതെ, കനിഷ്ഠയുടെ ആഗ്രഹം കഴിയുമെങ്കിൽ സാധിപ്പിക്കേണ്ടതു് ജ്യേഷ്ഠത്തിയുടെ കൎത്തവ്യവുമാണു്. കുന്തിയെ സംബന്ധിച്ചിടത്തോളം തുടൎന്നുള്ള ജീവിതം, അഗ്നിപ്രവേശത്തേക്കാൾ പ്രയാസമേറിയ ഒരു സംഗതി

യായിരുന്നു; ധർമ്മനിർവ്വഹണത്തിനായി സ്വയം സ്വീകരിച്ച ഒരു ത്യാഗമായിരുന്നു അതു്.

യാജകന്മാരുടെ മേൽനോട്ടത്തിൽ യഥായോഗ്യം പ്രേതകൃത്യങ്ങളെല്ലാം നിർവ്വഹിക്കപ്പെട്ടു. കുന്തി നിലയില്ലാത്ത ദുഃഖത്തിലാണ്ടു: ഉച്ചത്തിൽ മുറവിളികൂട്ടി. മനുഷ്യരും മൃഗങ്ങളുംകൂടി കരഞ്ഞുപോയി.

## ഹസ്തിനാപുരത്തിൽ

കുന്തിയേയും കുട്ടികളേയും താപസന്മാർ ഹസ്തിനാപുരത്തിൽ കൊണ്ടുചെന്നു് ഭീഷ്മരേയും ധൃതരാഷ്ട്രനേയും ഏല്പിച്ചു. പാണ്ഡുവിന്റെ നിര്യാണംകേട്ടു കുരുകുലം ശോകവ്യാകുലമായി. ഭീഷ്മപിതാമഹൻ പാണ്ഡുപുത്രരായ അയ്വരേയും ധൃതരാഷ്ട്രപുത്രരായ നൂററുവരേയും രാജകുമാരന്മാക്കു് ഉചിതമായ ശാസ്ത്രങ്ങളും വിദ്യകളും അഭ്യസിപ്പിച്ചു് പുലത്തിക്കൊണ്ടുപോന്നു. ധാത്തരാഷ്ട്രന്മാക്കു് പാണ്ഡവന്മാരോടു് കാലുഷ്യം തോന്നാൻ തുടങ്ങി. ദ്രോണാചാര്യരുടേയും കൃപാചാര്യരുടേയും കീഴിൽ രാജകുമാരന്മാർ അസ്ത്രവിദ്യാഭ്യാസം പൂത്തിയാക്കി. അരങ്ങേററത്തിനുള്ള ഏപ്പാടുകളൊക്കെ ചെയ്തു. ഓരോരുത്തരും താന്താങ്ങളുടെ അസ്ത്രസാമത്ഥ്യം പ്രകടിപ്പിച്ചു. ഗദായുദ്ധത്തിൽ ഭീമനും ദുര്യോധനനും കുശലന്മാരായിരുന്നു. മദ്ധ്യമപാണ്ഡവൻ സകലവിദ്യയിലും സമത്ഥൻ; ശസ്ത്രപ്രയോഗത്തിൽ അതുല്യൻ. അജ്ജുനൻ കാണിച്ചതുമാതിരി ആയുധപ്രയോഗം വേറാക്കും സാദ്ധ്യമല്ലെന്നു കാണികരംക്കു തോന്നി. അപ്പോരം അതിതേജസ്വിയായ ഒരു യുവാവു് രംഗപ്രവേശംചെയ്തു് അജ്ജുനനെ വെല്ലുവിളിച്ചുകൊണ്ടു്, രംഗവാസികളോടായിപ്പറഞ്ഞു: – ''അജ്ജുനൻ കാണിച്ചവയും അതിലും മെച്ചപ്പെട്ടവയും ആയ അഭ്യാസങ്ങരം

ഞാൻ കാണിക്കാം.'' ഇതു കേട്ടപ്പോരം പാണ്ഡവപക്ഷത്തിനു് അസഹ്യതയും ദുര്യോധനാദികരംക്കു് സന്തോഷവുമായി. കണ്ണൻ, അജ്ജുനൻ പ്രദശിപ്പിച്ച അഭ്യാസങ്ങളെല്ലാം കാണിച്ചു. ദുര്യോധനൻ കണ്ണനെ ആലിംഗനം ചെയ്തു; തൻെറ സുഹൃത്തായി വരിച്ചു. ഇതു് തനിക്കൊരവമാനമായി അജ്ജുനനു തോന്നി. ''വിളിക്കാതെ വരുന്നവരുടേയും, ചോദിക്കാതെ പറയുന്നവരുടേയും ലോകത്തേയ്ക്കു് നിന്നെ ഞാൻ കൊന്നയയ്ക്കുന്നുണ്ടു്.'' എന്നജ്ജുനൻ. ''ഈ രംഗം എല്ലാവക്കും സമാനമാണു്. വീര്യശ്രേഷ്ഠന്മാരാണു് രാജാക്കന്മാർ; ധർമ്മം ബലത്തെ അനുവത്തിക്കുന്നു. വീൺവാക്കുകൊണ്ടെന്തു കാര്യം? ശരംകൊണ്ടു് സംസാരിക്കു. 'തേ ഹരാമ്യദ്യ ശിരഃ ശരൈഃ.' നിൻെറ തല ഞാനിന്നമ്പുകൊണ്ടു് കൊയ്യുന്നുണ്ടു്.'' എന്നു കണ്ണനും. ഇരുകൂട്ടരും യുദ്ധസന്നദ്ധരായി. മേഘച്ഛായയിൽ ഇന്ദ്രപുത്രനും, സൂര്യാതപവലയിതനായി തപനപുത്രനും കാണപ്പെട്ടു. രംഗം രണ്ടായി തിരിഞ്ഞു. സ്ത്രീകളുടെ ഇടയ്ക്കും ദ്വൈധം സംഭവിച്ചു. സഹജമായ കവചകുണ്ഡലങ്ങളണിഞ്ഞ പാത്ഥപ്രതിദ്വന്ദ്വി തൻെറ പ്രഥമജാതനാണെന്നു് കുന്തിക്കു മനസ്സിലായി. കുന്തി മോഹാലസ്യപ്പെട്ടു. സവ്വധർമ്മജ്ഞനായ വിദുരർ വേഗം പരിചാരികമാരെ അയച്ചു് ചന്ദനോദകംകൊണ്ടു് ആശ്വസിപ്പിച്ചു. പ്രാണൻ വീണ്ടുകിട്ടിയ വൃദ്ധയ്ക്കു്, പടച്ചട്ടയണിഞ്ഞു് പോരിനു് തയ്യാറെടുത്തു നില്ക്കുന്ന പുത്രന്മാരേക്കണ്ടു്, സംഭ്രമംമൂലം എന്തുചെയ്യേണ്ടുവെന്നറിയാൻ പാടില്ലാതായി.

## രാധേയനും കൌന്തേയനും

ദ്വന്ദ്വയുദ്ധത്തിനു് സന്നദ്ധനായി നില്ക്കുന്ന പാത്ഥൻെറ കുലമഹിമ പ്രസ്താവിച്ചതിനുശേഷം, കണ്ണനോടു്, കുലത്തെയും മാതാപിതാക്കന്മാരെയും പ്രസ്താവിക്കാൻ

കൃപാചാര്യർ ആവശ്യപ്പെട്ടു. കാരണം, രാജപുത്രന്മാർ വൃഥാകുലസമാചാരന്മാരോടു പൊരുതുക പതിവില്ല. മേൽവിലാസമില്ലാത്ത കർണ്ണന്റെ തല താണു. വേഗം ദുര്യോധനൻ മുമ്പിട്ടുവന്നു് കർണ്ണനുവേണ്ടി വാദിച്ചു. പാർത്ഥനു സമനാക്കുന്നതിനുവേണ്ടി ദുര്യോധനൻ അവിടെവെച്ചു തന്നെ കർണ്ണനെ അംഗരാജാവായി അഭിഷേകംചെയ്തു. തത്സമയം വിയർത്തൊലിച്ചു് വിറച്ചു വടിയുംപിടിച്ചു കിതച്ചുകൊണ്ടു് ഒരു കിഴവൻ രംഗത്തെത്തി. പിതാവായ അധിരഥനെ കണ്ടമാത്രയിൽ കർണ്ണൻ വില്ലുമുപേക്ഷിച്ചു്, അഭിഷേകാർദ്രമായ ശിരസ്സോടെ ചെന്നു് അധിരഥനെ വന്ദിച്ചു. 'മകനേ,' എന്നും വിളിച്ചു് കെട്ടിപ്പിടിച്ചു് നെറുകയിൽ മുകർന്നു്, ആനന്ദബാഷ്പംകൊണ്ടു് സൂതൻ വീണ്ടും അഭിഷേകംചെയ്തു. ഇതു കണ്ടുകൊണ്ടു നിന്ന ഭീമൻ പൊട്ടിച്ചിരിച്ചുകൊണ്ടു്, 'കർണ്ണനു പററിയതു് ശസ്ത്രപ്രയോഗമല്ല, ചമ്മട്ടിയാണു്.' എന്നു പറഞ്ഞു പരിഹസിച്ചു. അപ്പൊഴേയ്ക്കും നേരം അന്തിയായി. ''അർജ്ജുനൻ കേമൻ, കർണ്ണൻ കേമൻ'' എന്നിങ്ങനെ വിവദിച്ചുകൊണ്ടു്, ജനങ്ങൾ പിരിഞ്ഞുപോയി. തന്റെ മകൻ അംഗരാജാവായിത്തീർന്നതിൽ കുന്തിയുടെ മാതൃഹൃദയം കുതുകം പൂണ്ടു.

## അരക്കില്ലത്തിൽ

ദുര്യോധനാദികൾക്കു് പാണ്ഡവന്മാരോടുള്ള വൈരം ദിനംപ്രതി വർദ്ധിച്ചുവന്നു. അവരെ എങ്ങനെയെങ്കിലും നശിപ്പിക്കണമെന്നു് ദുഷ്ടബുദ്ധിയായ ദുര്യോധനൻ നിശ്ചയിച്ചു. ധൃതരാഷ്ട്രരുടെ അടുക്കൽ ചെന്നു് പാണ്ഡവന്മാരെ വാരണാവതത്തിലേയ്ക്കു മാററിത്താമസിപ്പിക്കണമെന്നു് നിർബ്ബന്ധിച്ചു. ദുര്യോധനന്റെ ഇച്ഛയ്ക്കെതിരുപറയാൻ കഴിവില്ലാത്ത അന്ധരാജൻ അതിനു കീഴടങ്ങി. ദുര്യോധനൻ പുരോചനൻമുഖേന വാരണാവതത്തിൽ ജതുഗേഹം

നിർമ്മിച്ചു. തക്കം നോക്കി തീകൊളുത്തി പൃഥയേയും പാർത്ഥന്മാരേയും ഭസ്മമാക്കണമെന്നായിരുന്നു ദുര്യോധനൻ കൊടുത്തിരുന്ന ഗൂഢനിർദ്ദേശം. വിദുരൻ ഇതിനടിയിലുള്ള ചതി മനസ്സിലാക്കി. ഗുരുജനങ്ങളോടെല്ലാം യാത്ര പറഞ്ഞു് കുന്തിയും പാണ്ഡവന്മാരും വാരണാവതത്തിലേയ്ക്കു പുറപ്പെട്ടു. വഴിക്കു് വിദുരൻ ധർമ്മപുത്രരോടു് ഗൂഢ ഭാഷയിൽ, അഗ്നിഭയം ഉണ്ടാകാതെ സൂക്ഷിച്ചുകൊള്ളണമെന്നു് ഉപദേശിച്ചു.

പാണ്ഡവന്മാർ ലാക്ഷാഗൃഹത്തിൽ വാസമാരംഭിച്ചു. അവർ പുതിയ അരമനയൊക്കെ പരിശോധിച്ചു. വേഗം തീയ് പിടിക്കുന്ന വസ്തുക്കൾകൊണ്ടാണു ഗൃഹം നിർമ്മിച്ചിരിക്കുന്നതെന്നു മനസ്സിലായി. വിദുരൻ വിശ്വസ്തനായ ഒരു ഖനകനെ അവരുടെ അടുക്കൽ അയച്ചുകൊടുത്തു. അയാൾ ഗൃഹത്തിനുള്ളിൽനിന്നു് മണ്ണിനടിയിൽക്കൂടി പുറത്തേയ്ക്കു് ഒരു തുരങ്കം ഉണ്ടാക്കി. അവരവിടെ താമസമുറപ്പിച്ചു് വർഷം ഒന്നു തികയാറായി. വിശ്വാസപുരസ്സരം അവർ വസിക്കുന്നതു കണ്ടു വിരോചനൻ സന്തോഷിച്ചു. കുന്തി ഒരു ബ്രാഹ്മണഭോജനം നടത്തി. അനവധിയാളുകൾ, കുന്തിയുടെ ദാനധർമ്മംകൊണ്ടു് സംതൃപ്തരായി. വന്നിരുന്നവരുടെ കൂട്ടത്തിൽ ഒരു നിഷാദസ്ത്രീയും അവളുടെ അഞ്ചു പുത്രന്മാരും ഉണ്ടായിരുന്നു. അവളും മക്കളും മദിരാപാനംചെയ്തു മത്തരായി അവിടെത്തന്നെ കിടന്നുറങ്ങിപ്പോയി. ഈ തക്കംനോക്കി പാണ്ഡവന്മാർ ഗൃഹത്തിനു് അഗ്നികൊളുത്തി. അവർ ആയുധങ്ങളുമെടുത്തു് അമ്മയോടൊരുമിച്ചു്, ബിലത്തിൽക്കൂടി പുറത്തു വനത്തിലെത്തി. പാണ്ഡവന്മാർ തീയിലകപ്പെട്ടു എന്നു കേട്ടു് ചിലർ യഥാർത്ഥമായി ദുഃഖിച്ചു; ചിലർ ദുഃഖം നടിച്ചു.

## കാട്ടിൽ

വഴിക്കു് വാടിത്തളർന്ന അമ്മയേയും അനുജന്മാരേയും ഭീമസേനൻ താങ്ങിക്കൊണ്ടു് യാത്രതുടർന്നു. ക്ഷീണിച്ചു

വലഞ്ഞു പെരുംകാട്ടിൽ ഒരിടത്തിരിപ്പായി. ദാഹംകൊണ്ടു തളൎന്ന കുന്തി വെള്ളം ആവശ്യപ്പെട്ടു. ഭീമൻ വേഗം ജലം തേടിപ്പുറപ്പെട്ടു. അങ്ങുമിങ്ങും തിരഞ്ഞു് ഒടുവിൽ ജലം കണ്ടെത്തി. രണ്ടുനാഴിക അകലെനിന്നും ഉത്തരീയത്തിൽ ജലവുമായി ഓടിയെത്തി. വന്നപ്പോറം അമ്മയും സഹോദരന്മാരും മണ്ണിൽ കിടന്നുറങ്ങുന്നു. ആ കാഴ്ചകണ്ടു ഭീമൻ കരഞ്ഞു. ശോകദുഃഖപരീതനായി പന്നഗത്തേപ്പോലെ നിശ്ശ്വസിച്ചു വിലപിച്ചു:–''ഹാ, ഇതിൽപരം കഷ്ടം എന്തു കാണാനിരിക്കുന്നു! വാരണാവതത്തിൽ പൂമെത്തകളിൽ കിടന്നിട്ടും ഉറക്കം വരാതെ വിഷമിച്ചിരുന്ന എൻെറ സോദരരിതാ വെറും പൂഴിയിൽ കിടന്നുറങ്ങുന്നു! ഹാ എൻെറ അമ്മേ! വീരനായ വസുദേവരുടെ സ്വസാവു്, കുന്തിഭോജൻെറ ഓമനമകറം, വിചിത്രവീര്യൻെറ സ്നുഷ, കുരുകുലാധിപനായ പാണ്ഡുവിൻെറ പട്ടമഹിഷി, പഞ്ചപാണ്ഡവന്മാരുടെ പ്രിയജനനി, എൻെറ അമ്മ, ഇതാ വെറുംതറയിൽ കിടന്നുറങ്ങുന്നു! ഇതിൽപരം ദുഃഖകരമായിട്ടു് വേറെന്തു വരാനിരിക്കുന്നു!'' യുധിഷ്ഠിരൻെറ അതിരുകവിഞ്ഞ ധൎമ്മബുദ്ധിയാണിതിനു കാരണം എന്നാലോചിച്ചു് ഭീമൻ അമൎഷം പൂണ്ടു, കൈയ്കറം കൂട്ടിഞെരിച്ചു, നെടുവീൎപ്പിട്ടു. ഉറക്കംകൊണ്ടു് തളൎച്ചതീൎന്നു ജലം കുടിക്കട്ടെ എന്നു കരുതി ഭീമൻ ഉറക്കമിളച്ചു കാവലിരുന്നു.

## ഹിഡിംബവധം

കുറച്ചകലെ ഹിഡിംബൻ എന്ന രാക്ഷസൻ മാനുഷഗന്ധമേററു് സോദരി ഹിഡിംബിയേ അവരെ പിടിച്ചു കൊണ്ടുചെല്ലാനയച്ചു. അവറം തിരിച്ചുചെല്ലാൻ വൈകിയതുകൊണ്ടു് അവൻതന്നെ തേടി പുറപ്പെട്ടു. ഹിഡിംബനും ഭീമനും തമ്മിൽ ഏററുമുട്ടി. പോരിൽ ഭീമൻ ഹിഡിം

ബനെ കൊന്നു. ശബ്ദംകേട്ട് എല്ലാവരും ഉണന്നു. ഭീമനിൽ അനുരക്തയായ ഹിഡിംബിയെ പത്നീത്വേന സ്വീകരിക്കാൻ കുന്തിയും യുധിഷ്ഠിരനും ഉപദേശിച്ചു. ഭീമന്ന് ഹിഡിംബിയിൽ ജനിച്ച മകനാണ് ഘടോത്കചൻ. അവർ യാത്ര തുടന്നു. പല കാടും നാടും നഗരങ്ങളും കണ്ടു. ചിലപ്പോഠം യാത്ര മെല്ലെ. ക്ഷീണിക്കുമ്പോഠം ഭീമൻ കുന്തിയേ തോളിലെററി നടക്കും. താപസന്മാരുടെ വേഷത്തിലാണ് സഞ്ചാരം. വഴിക്ക് വ്യാസമാമുനി വന്നു് ആശ്വസിപ്പിച്ചനുഗ്രഹിച്ചു; അടുത്തുള്ള ഒരു നഗരത്തിൽ താൻ വീണ്ടും വരുന്നതുവരെ പ്രച്ഛന്നവേഷരായി പാക്കുന്നതിന്ന് അദ്ദേഹം ഉപദേശിച്ചു. വീണ്ടും അവരെ അനുഗ്രഹിച്ചു മഹഷി പോയി.

## ഏകചക്രയിൽ

ബ്രാഹ്മണവേഷത്തിൽ അവർ ഏകചക്രയിൽ ഒരു ബ്രാഹ്മണഗൃഹത്തിൽ വാസമാരംഭിച്ചു. നാഠം പലതു കഴിഞ്ഞു. ഒരു ദിവസം ഇല്ലത്തിനകത്തുനിന്നും വലിയ ആത്തനാദം കേഠക്കായി. അവരുടെ കദനം കണ്ടും കേട്ടും കുന്തിയുടെ മനസ്സലിഞ്ഞു. അന്നു് ഭീമൻ ഭിക്ഷയ്ക്കായി പുറത്തെങ്ങും പോയിരുന്നില്ല. കുന്തി ഭീമനെ വിളിച്ചുപറഞ്ഞു:— ''മകനെ, നാമിവിടെ ഈ ബ്രാഹ്മണഗൃഹത്തിൽ ശത്രുബാധയും ഭയവുമൊന്നുമില്ലാതെ സസുഖം വസിച്ചുപോരുന്നു. എന്തു പ്രത്യുപകാരമാണ് നാമിവക്ക് ചെയ്യേണ്ടതു് എന്നു് ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. ശാശ്വതമായ പുണ്യമിതാണ്: നമുക്കിങ്ങോട്ടു് കിട്ടുന്നതിൽ അധികം നന്മ അങ്ങോട്ടു ചെയ്യുയെന്നുള്ളതു്. ഈ ബ്രാഹ്മണന്നു് എന്തോ ആപത്തു് വന്നുചേൎന്നിരിക്കുന്നു. നമുക്കെന്തെങ്കിലും സഹായം ചെയ്യാൻ കഴിഞ്ഞാൽ അതു

വലിയ ഉപകാരമായിരിക്കും.'' ഭീമൻ അമ്മയോട്ട് ബ്രാഹ്മണൻെറ ദുഃഖകാരണമന്വേഷിക്കാൻ പറഞ്ഞു, ദുഷ്കരമെന്നുവന്നാലും നോക്കാമെന്നും പറഞ്ഞു. വീണ്ടും അകത്തുനിന്നും മുറവിളികേട്ടു. കുന്തി വേഗം അന്തഃപുരത്തിലെത്തി. അവിടെ ബ്രാഹ്മണനും പത്നിയും പുത്രിയും തലയുംതാഴ്ത്തി കരഞ്ഞുകൊണ്ടിരിക്കുന്നു.

## ബകൻ

ആ ദേശവാസികളെയെല്ലാം കൊന്നുതിന്നൊടുക്കിയിരുന്ന ബകരാക്ഷസനുമായി, നാടിനു സമൂലനാശം വരാതിരിക്കാൻ നാട്ടുകാർ ചെയ്തിരുന്ന കരാറനുസരിച്ച്, അന്നേദിവസം അവനുവേണ്ട ആഹാരം കൊണ്ടുപോയികൊടുക്കുന്നതിനുള്ള ഊഴം ഈ ബ്രാഹ്മണനാണ്. ഒരു വണ്ടി നിറയെ അന്നപാനങ്ങൾ എത്തിക്കണം. വണ്ടിക്കു കെട്ടുന്ന രണ്ടു പോത്തും കൊണ്ടുചെല്ലുന്ന വണ്ടിക്കാരനും അവൻെറ ഊണിനുള്ള ഉപദംശങ്ങളാണ്. വണ്ടിയോടൊപ്പം ആരാണ് പോകേണ്ടതെന്ന കാര്യത്തിൽ കുഡുംബാംഗങ്ങൾ തമ്മിൽ തക്കമായി. 'ഞാൻ, ഞാൻ.' എന്നോരോരുത്തരും. ബ്രാഹ്മണനു് മററാരേയും അയയ്ക്കാൻ സമ്മതമായിരുന്നില്ല. ഗൃഹനാഥൻ പോകുന്നതിൽ പത്നിക്കും മക്കൾക്കും സമ്മതമില്ല. കുന്തി വിവരമെല്ലാം ചോദിച്ചുമനസ്സിലാക്കി, അവരോട്ട് വ്യസനിക്കാതിരിക്കാൻ ഉപദേശിച്ചു. കുന്തി പറഞ്ഞു:— ''ഇതു ഭയപ്പെട്ടു് നിങ്ങളാരും കരയേണ്ട. ആ രാക്ഷസനിൽനിന്നും മോചനം നേടുന്നതിനു് ഞാനൊരു ഉപായം കണ്ടിട്ടുണ്ടു്. അങ്ങേയ്ക്കു് ഒരു പുത്രനല്ലേയുള്ളു; അവനൊരു ശിശുവും. പിന്നെയുള്ളതു് തപസ്വിനിയായ ഒരു കന്യക; ഇവരോ പത്നിയോ അങ്ങോ പോകുന്നതു് എനിക്കു സമ്മതമല്ല. എനിക്കു് അഞ്ചു പുത്രന്മാരുണ്ടു്. ആ പാപിയായ രാക്ഷസനുള്ള അന്നവുംകൊണ്ടു് അവരിൽ

ഒരുവൻ പോകും.'' ബ്രാഹ്മണനു് അതു തീരെ സമ്മതമായില്ല. സ്വപ്രാണനെ രക്ഷിക്കുന്നതിനു് അതിഥിയും ബ്രാഹ്മണനുമായ വേറൊരാളുടെ ജീവിതം നശിപ്പിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതു നിന്ദ്യവും അധർമ്മ്യവുമാണു്; താനും കുലവും നശിച്ചാലും അത്തരമൊരു അധർമ്മത്തിനു് താൻ തയ്യാറല്ല, എന്നായി ബ്രാഹ്മണൻ. കുന്തി പറഞ്ഞു:– ''വിപ്രരെ പാലിക്കണമെന്നുള്ളതു് എൻെറയും ഒരു സ്ഥിരനിശ്ചയമാണു്. എനിക്കു് നൂറു മക്കളുണ്ടെങ്കിലും ആരും അനിഷ്ടനല്ല. അതുകൊണ്ടല്ല ഞാനിതു പറയുന്നതു്. എൻെറ പുത്രൻ വീര്യവാനും തേജസ്വിയും മന്ത്രസിദ്ധനുമാകുന്നു. അവനെ കൊല്ലാൻ രാക്ഷസൻ ശക്തനല്ല. അവൻ രാക്ഷസനു വേണ്ടതെല്ലാം കൊണ്ടുപൊയ്ക്കൊള്ളും, സ്വയം രക്ഷപ്രാപിക്കുകയും ചെയ്യും എന്നെനിക്കുറപ്പുണ്ടു്.'' അമൃതസമാനമായ ഈ വാക്കുകൾ കേട്ടു വിപ്രൻ ഹർഷം പൂണ്ടു.

## ശാശ്വതധർമ്മം

യുധിഷ്ഠിരനും മററും ഭിക്ഷയുംകൊണ്ടു് മടങ്ങിയെത്തിയപ്പോൾ അമ്മ വിവരമെല്ലാം പറഞ്ഞു. ഭീമനെ രാക്ഷസൻെറ അടുക്കലെയയ്ക്കുന്നതു് യുധിഷ്ഠിരനു് ആദ്യമത്ര സമ്മതമായില്ല. കാരണം, ഭീമനാണു് അവരുടെ മുഖ്യാശ്രയം. ഭീമൻ സ്വയം ഏറെറടുത്തതോ ഈ കൃത്യം, അതോ, അമ്മ അനുവദിച്ചിട്ടു ചെയ്യുതോ എന്നു യുധിഷ്ഠിരൻ ചോദിച്ചു. അതിനു കുന്തി മറുപടി പറഞ്ഞു:– ''ബ്രാഹ്മണരെ രക്ഷിക്കുന്നതിനും, നഗരത്തെ പാലിക്കുന്നതിനുമായി ഞാൻ പറഞ്ഞിട്ടാണു് ഇവനിതു ചെയ്യാൻ പോകുന്നതു്. യുധിഷ്ഠിര, നീയിതിൽ ഒട്ടും വിഷമിക്കേണ്ട. ബുദ്ധിമോശംകൊണ്ടു ഞാൻ ചെയ്തുപോയ ഒരബദ്ധവുമല്ല ഇതു്. കുഞ്ഞേ, നാമിവിടെ ഈ ബ്രാഹ്മണഗൃഹത്തിൽ, ധാർത്തരാഷ്ട്രന്മാരറിയാതെ നിർഭയം സുഖമായി വളരെനാൾ താമസിച്ചില്ലേ? അതിനൊരു പ്രത്യുപകാരം ഞാൻ കണ്ടതാണിതു്. ഒരുവനു

ലഭിക്കുന്നതിൽ അനേകമടങ്ങ് അങ്ങോട്ട് ചെയ്യണം; അതാണ് ശാശ്വതധർമ്മം. ഇനി, നിനക്കു ഭീമന്റെ ബലം അറിയുകയില്ലേ? ഇവൻ ജനിച്ച അന്ന് എന്റെ അങ്കതലത്തിൽനിന്നും ഉരുണ്ടുവീണു: അവന്റെ ഭാരംമൂലം അവൻ വീണ പാറ പൊടിഞ്ഞുപോയി. അതുകൊണ്ടു്, ഭീമന്റെ ബലം അറിഞ്ഞുംകൊണ്ടു് ഈ പ്രത്യുപകാരത്തിന് ഞാൻ നിശ്ചയിച്ചുറച്ചതാണ്. ഇതു ലോഭംകൊണ്ടോ, അജ്ഞാനംകൊണ്ടോ, മോഹംകൊണ്ടോ നിശ്ചയിച്ചതല്ല. നല്ലതുപോലെ ആലോചിച്ച്, ധർമ്മം അനുഷ്ഠിക്കാൻ ഞാനുറച്ചതാണ്. അതുമൂലം ഹേ യുധിഷ്ഠിര, രണ്ടുകാര്യങ്ങളും സാധിക്കും; ബ്രാഹ്മണനുള്ള പ്രത്യുപകാരവും, മഹത്തായ ധർമ്മാചരണവും. ഒരു ബ്രാഹ്മണനെ ആപത്തിൽനിന്നും രക്ഷിക്കുന്ന ക്ഷത്രിയൻ സദ്ഗതിയടയുന്നു. അന്യക്ഷത്രിയനെ മരണത്തിൽനിന്നു രക്ഷിച്ചാൽ ക്ഷത്രിയനു് വിപുലമായ കീർത്തി ലഭിക്കും. വൈശ്യനു് സഹായമരുളുന്ന രാജന്യൻ പ്രജാരഞ്ജകനായിത്തീരുന്നു. ശരണാർത്ഥിയായ ശൂദ്രനു് അഭയമരുളുന്ന പാർത്ഥിവൻ രാജപൂജിതവും സമ്പത് സമൃദ്ധവുമായ കുലത്തിൽ വന്നു ജനിക്കും. ഹേ പൗരവനന്ദന, സർവ്വജ്ഞനായ വ്യാസമാമുനി ഇപ്രകാരം എന്നോടരുളിച്ചെയ്തിട്ടുണ്ടു്; അതിനാലാണ് ഞാനിപ്രകാരം ചെയ്യാനാഗ്രഹിക്കുന്നതു്.'' ''അമ്മേ, ഭവതിയുടെ നിശ്ചയം സർവ്വഥാ അനുരൂപം തന്നെ. ആർത്തനായ ബ്രാഹ്മണനിലുള്ള അനുക്രോശംകൊണ്ടു ഭവതി ചെയ്തതാണിതു്. സർവ്വദാ സർവ്വഥാ ഭവതി ബ്രാഹ്മണരിൽ അനുതാപമുള്ളവളാണല്ലൊ.'' മകൻ അമ്മയുടെ ആജ്ഞയ്ക്കു് തലകുനിച്ചു.

## ധർമ്മധീര

ധർമ്മനിഷ്ഠയും, മനസ്വിനിയും, ഉപകാരസ്മരണയുള്ളവളും, വീരസൂവുമായ ഒരു ക്ഷത്രിയമാതാവാണ് കുന്തി. ഇത്തരമൊരവസരത്തിൽ ഒരു സാധാരണ അമ്മ എന്തു

ചെയ്യുമായിരുന്നു? എന്തിനമ്മ, അച്ഛൻതന്നെ എന്തു ചെയ്യും, എന്നു്, യാഗരക്ഷയ്ക്കു രാമനെ അയച്ചുകൊടുക്കണം എന്നപേക്ഷിച്ച വിശ്വാമിത്രമഹർഷിയോട്ടു് ദശരഥചക്രവർത്തി പറഞ്ഞതെന്താണു് എന്നാലോചിച്ചാൽ വ്യക്തമാകും. പുത്രന്മാർ കരുത്തന്മാരായാലും, അരക്കരോടു പോരിനുപോകാൻ മാതാപിതാക്കന്മാരാരും സമ്മതിക്കാറില്ല. മക്കൾ എത്ര മുതിന്നവരായാലും അമ്മയ്ക്കു് അവരെന്നും കുഞ്ഞുങ്ങളാണു്, ഓമനകളാണു്. ഭീമൻ ഹിഡിംബനെ കൊന്നതു് കുന്തി കണ്ടു, ശരിതന്നെ. പക്ഷേ ബകൻെറ കരബലം എത്രയെന്നു് ആക്കറിയാം? തങ്ങളുടെ അവകാശം ധാൎത്തരാഷ്ട്രന്മാരിൽ നിന്നും പിടിച്ചു മേടിയ്ക്കുന്നതിനു്, പാണ്ഡവന്മാർ ഭീമൻെറ കരബലത്തേയാണു് മുഖ്യമായും ആശ്രയിച്ചിരിക്കുന്നതു്. അങ്ങനെയിരിക്കെ, സ്വമേധയാ, ഭീമനെ ഈ വിപത്തിൽ പെടുത്തുന്നതു് അവിവേകമല്ലേ എന്നു് ധർമ്മപുത്രർ പോലും സംശയിച്ചുപോയി. പക്ഷേ, കുന്തിക്കറിയാം തൻെറ മകനാരെന്നു്: മകൻെറ ബലമെത്രയെന്നു്; മാരുതിയോടു് എതിരുനില്ക്കാൻ ഒരരക്കനും പോരുകയില്ലെന്നു്. പിന്നെ, ഉപകാരസ്മരണയാണു് മനുഷ്യൻെറ മഹത്തായ കൎത്തവ്യം. കൃതഘ്നനായ ഒരുവൻെറ പിണം ദഹിപ്പിക്കാൻ അഗ്നിയോടാവശ്യപ്പെട്ടപ്പോൾ, അഗ്നി, ആ പാപകർമ്മത്തിനു് തന്നെ നിയോഗിക്കരുതു് എന്നും, കഴുകന്മാരോടു് കൊത്തിത്തിന്നാൻ പറഞ്ഞപ്പോൾ, അങ്ങനെ ചെയ്തു പാപം വരുത്തിവെയ്ക്കാൻ തങ്ങൾ തയ്യാറില്ലെന്നും പറഞ്ഞതായി ഒരു കഥ മഹാഭാരതത്തിൽ വേറൊരിടത്തുണ്ടു്. യജ്ഞങ്ങളും, അധ്യയനവും, തൎപ്പണവും, ശ്രാദ്ധവും, ആതിഥ്യവുമെല്ലാം ഈ ഉപകാരസ്മരണയെന്ന മൗലികതത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാകുന്നു. കൃതജ്ഞതയും സത്യവുമാണു് സനാതനധർമ്മത്തിൻെറ ആധാരശിലകൾ. പിന്നെ, ക്ഷത്രിയൻ സ്വധർമ്മം ചെയ്യാതിരുന്നാൽ അതുകൊണ്ടു് ദോഷം വന്നുചേരും. പ്രാണ

സങ്കടത്തിൽ അകപ്പെട്ട ഒരു വിപ്രന്നുവേണ്ടി, തങ്ങൾക്കു് ദീർഘകാലം അഭയമരുളിയ ഒരു കുഡുംബത്തിന്നുവേണ്ടി, ഒരു നരഭോജിയുടെ ക്രൂരതകളിൽനിന്നും ഒരു ജനപദത്തെ പാലിക്കാൻവേണ്ടി, സജ്ജനങ്ങളെ സമാദരിക്കാൻവേണ്ടി ധീരചിത്തയും ധർമ്മജ്ഞയും കൃതജ്ഞയും ബ്രഹ്മണ്യയുമായ ആ ക്ഷത്രിയസ്ത്രീ ചെയ്ത ഒരു ധീരകൃത്യമാണിതു്. ധർമ്മ പുത്രക്കും ധർമ്മം ഉപദേശിക്കാൻ കഴിവുള്ള ഒരു ധർമ്മധീര!

ഭീമൻ ഒരുവണ്ടിച്ചോറും കറികളുമായി ബകസമീപ മെത്തി, അവനെ കൊതിപ്പിച്ചുകൊണ്ടു് അതെല്ലാം ഉണ്ടു. ഉണ്ടുകൊണ്ടിരുന്നപ്പോൾ അവൻ തല്ലിയതൊന്നും വകവെച്ചില്ല. ഊണുംകഴിഞ്ഞു് ഏമ്പൊക്കവും വിട്ടു ചെന്നു് ബകനുമായി ഏററുമുട്ടി. ഏറെനേരം പൊരുതു. ഒടുവിൽ ഭീമൻ ബകൻെറ കഥ കഴിച്ചു. നാട്ടുകാർ നെടുവീർപ്പിട്ടു.

## പാഞ്ചാലീപരിണയം

യാത്രക്കാരായ ചില ബ്രാഹ്മണരിൽനിന്നും പാഞ്ചാലീ സ്വയംവരത്തേപ്പററി കേട്ടു. പാഞ്ചാലിയുടെ സൗന്ദര്യാതിശയം കേട്ടു്, പാണ്ഡവന്മാക്കു് സ്വയംവരത്തിനു് പോയാൽകൊള്ളാമെന്നു തോന്നി. പുതിയ ദേശങ്ങളും ദൃശ്യങ്ങളും കാണാമല്ലോ, പോകാം, എന്നിങ്ങനെ കുന്തിയും അനുമോദിച്ചു. പാഞ്ചാലരാജധാനിക്കു സമീപം ഒരു കുംഭകാരൻെറ വീട്ടിൽ അവർ താമസമുറപ്പിച്ചു. ഇവിടെയും ബ്രാഹ്മണവേഷത്തിൽ ഭിക്ഷയെടുത്താണു് നിത്യവൃത്തി. ഒരു ദിവസം കുന്തി കുടിലിനകത്തിരിക്കുമ്പോൾ ഭീമാജ്ജുനന്മാർ പന്തയത്തിൽ ജയിച്ചു് പാഞ്ചാലിയേയും വേട്ടുകൊണ്ടു് മുററത്തു വന്നുനിന്നുകൊണ്ടു്, 'അമ്മേ, ഭിക്ഷയിതാ,' എന്നു പറഞ്ഞു. പുറത്തേയ്ക്കു നോക്കാതെ, 'എല്ലാ

വരുംകൂടി ഒരുമിച്ചു കഴിച്ചോളിൻ.' എന്നു കുന്തിയും പറഞ്ഞു. എന്നിട്ടു നോക്കുമ്പോഴല്ലേ ഭിക്ഷയൊരു കമനീയാംഗിയാണെന്നു മനസ്സിലായതു്! 'കഷ്ടം, ഞാനിങ്ങനെ പറഞ്ഞു പോയല്ലോ!' എന്നും പറഞ്ഞു്, അധർമ്മം ബാധിക്കാതിരിക്കാനെന്തുവഴി എന്നാലോചിച്ചുംകൊണ്ടു്, കുന്തി വേഗം ഇറങ്ങിച്ചെന്നു് സ്നുഷയേ കൈയ്ക്കുപിടിച്ചു കൂട്ടി അകത്തു കൊണ്ടുപോയി. കുന്തി യുധിഷ്ഠിരനോടായി പറഞ്ഞു: ''മകനെ, നിന്റെ അനുജന്മാർ ഈ കന്യകയെ എന്നെ ഏല്പിച്ചു. പതിവുപോലെ 'ഒരുമിച്ചു ഭുജിച്ചുകൊൾവിൻ,' എന്നു് അറിയാതെ ഞാൻ പറഞ്ഞും പോയി. ഞാൻ പറഞ്ഞതു് അസത്യമാകാതെയും, ദ്രൗപദിയെ അധർമ്മം ബാധിക്കാതെയും എങ്ങനെ സാധിക്കുമെന്നു് പറഞ്ഞാലും.'' യുധിഷ്ഠിരൻ അല്പനേരം ആലോചിച്ചശേഷം അമ്മയെ ആശ്വസിപ്പിച്ചിട്ടു്, യാജ്ഞസേനിയെ സ്വയംവരത്തിൽ ജയിച്ച വിജയനോടു് അവളെ യഥാവിധി പാണിഗ്രഹണം ചെയ്വാൻ പറഞ്ഞു. ജ്യേഷ്ഠാനുവർത്തിയായ മദ്ധ്യമപാണ്ഡവൻ, ആദ്യം യുധിഷ്ഠിരനും, പിന്നെ ഭീമനും സ്വീകരിച്ചശേഷമേ താൻ സ്വീകരിക്കു; അതിനുശേഷം നകുലസഹദേവന്മാരും, എന്നു് അറിയിച്ചു. പാഞ്ചാലിയുൾപ്പെടെ തങ്ങളെല്ലാം ജ്യേഷ്ഠനു് നിയോജ്യരാണു് എന്നും ഉണർത്തിച്ചു. പാർത്ഥന്റെ ഭക്തിസ്നേഹസമന്വിതമായ വാക്കു കേട്ടു് പാണ്ഡുപുത്രന്മാരെല്ലാവരും ദ്രൗപദിയിൽ കണ്ണുറപ്പിച്ചു. അവരെല്ലാം പാഞ്ചാലിയുടെ സർവ്വഭൂതമനോഹരമായ രൂപം കണ്ടു് മതിമറന്നു. അവരുടെയെല്ലാം മനോരഥം മനസ്സിലാക്കിയ യുധിഷ്ഠിരൻ, വ്യാസവചനം ഓർത്തും, പരസ്പരദ്വേഷം ഭയപ്പെട്ടും, 'ദ്രൗപദി നമ്മുടെ എല്ലാവരുടെയും ഭാര്യയായിരിക്കട്ടെ.' എന്നു് തീർപ്പുകല്പിച്ചു.

## ഭാരതസംസ്കാരം

പാഞ്ചാലീസ്വയംവരത്തിനു് സന്നിഹിതരായിരുന്ന രാമകൃഷ്ണന്മാർ പാർത്ഥന്മാരെ തിരിച്ചറിഞ്ഞു. കുടിലിൽ

ചെന്നു് പാണ്ഡവന്മാരെ അനുമോദിച്ചു മടങ്ങിപ്പോയി. ധൃഷ്ടദ്യുമ്നൻ ഗൂഢമായി വന്നു് സോദരീവരൻ ആരെന്നറിഞ്ഞു. കുന്തി സ്നുഷയേയും കൂട്ടി ദ്രുപദന്റെ അന്തഃപുരത്തിലെത്തി. ദ്രൗപദസ്ത്രീകൾ ആ പാണ്ഡുപത്നിയെ എതിരേററു സ്വീകരിച്ചാദരിച്ചു. ദ്രുപദനാരികൾ വന്നു് സ്വസ്വനാമങ്ങൾ പറഞ്ഞുകൊണ്ടു് ശിരസ്സു് കുന്തീപാദങ്ങളിലർപ്പിച്ചു. പാഞ്ചാലിയും സർവ്വാഭരണാലംകൃതയായി, പട്ടാംബരസംവീതയായി ശ്വശ്രുവിനെ അഭിവാദനം ചെയ്തു് ബദ്ധാഞ്ജലിയായി വിനയപൂർവ്വം സമീപം നിന്നു. രൂപലക്ഷണസമ്പന്നയും ശീലാചാരസമന്വിതയുമായ സ്നുഷയെ വാത്സല്യപൂർവ്വം പൃഥ ആശീർവ്വദിച്ചു:— ''ഇന്ദ്രനു് ഇന്ദ്രാണിയെപ്പോലെയും, നളനു് ദമയന്തിയെന്നപോലെയും, ചന്ദ്രമസ്സിനു് രോഹിണിയെപ്പോലെയും, കുബേരനു് ഭദ്രയെന്നപോലെയും, നാരായണനു് ലക്ഷ്മിയെപ്പോലെയും നീ നിന്റെ നാഥന്മാക്കു് ആയിത്തീരട്ടെ. ഭദ്രേ, നീ വീരസൂവായി ഭവിക്കട്ടെ. സർവ്വസൗഖ്യങ്ങളും നിനക്കു് ലഭിക്കട്ടെ; സുഭഗയും ഭോഗസമ്പന്നയും യജ്ഞപത്നിയും പതിവ്രതയുമായിത്തീരട്ടെ. അതിഥികളേയും, ബന്ധുക്കളേയും, സജ്ജനങ്ങളേയും, വൃദ്ധന്മാരേയും, ബാലന്മാരേയും, ഗുരുജനങ്ങളേയും യഥാന്യായം പൂജിച്ചു് നിന്റെ സർവ്വകാലവും കഴിയട്ടെ. അശ്വമേധമാകുന്ന മഹാക്രതുവിങ്കൽ സർവ്വവും ബ്രാഹ്മണർക്കായി സമർപ്പിക്കാൻ ഇടവരട്ടെ. പൃഥ്വിയിലുള്ള ശ്രേഷ്ഠരത്നങ്ങളെല്ലാം നിനക്കധീനമായി ഭവിക്കട്ടെ. കല്യാണി, നീ സസുഖം ശരദാംശതം ജീവിച്ചിരിക്കുമാറാകട്ടെ. ക്ഷൗമസംവൃതയായ നിന്നെ ഞാനിപ്പോൾ എപ്രകാരം അഭിനന്ദിക്കുന്നുവോ അപ്രകാരം ജാതപുത്രയായ നിന്നെ ഞാൻ വീണ്ടും അഭിനന്ദിക്കുന്നതാകുന്നു.''

കുന്തിയുടെ അഭിപ്രായത്തിൽ, ഭാരതസംസ്കാരമനുസരിച്ചു്, ഒരു കുലവധുവിനുണ്ടാകേണ്ട സർവ്വ സൗഭാഗ്യങ്ങളും

ഗുണങ്ങളും സദാചാരങ്ങളും ഈ ആശീർവാദത്തിൽ കാണാം. പഞ്ചഭർത്തൃകയായിരുന്ന പൃഥയ്ക്കു് പഞ്ചപതികയായ പാഞ്ചാലി അനുരൂപയായ ഒരു സ്നുഷ തന്നെ.

## ബഹുഭർത്തൃത്വം

മാതൃവാക്യം അലംഘ്യം എന്ന നിയമമനുസരിച്ചു് ഒരു നാരിക്കു് അനേകം ഭർത്താക്കന്മാരുണ്ടാകുന്ന ഒരു സ്ഥിതിവിശേഷമാണിവിടെ കാണുന്നതു്. ദ്രുപദനു് ഇക്കാര്യം ആദ്യം സമ്മതമായിരുന്നില്ല. വ്യാസൻ വന്നു്, പാഞ്ചാലിയുടെ ദിഷ്ടഫലമാണിതെന്നു പറഞ്ഞു് സമാധാനിപ്പിച്ചതിനുശേഷമേ ദ്രുപദൻ സമ്മതിക്കുന്നുള്ളു. സമുദായം രൂപം പ്രാപിക്കുന്നതിനുമുമ്പു് കാമുകസ്വീകരണത്തിൽ സ്ത്രീ സ്വതന്ത്രയായിരുന്നു. കുഡുംബം മാതാവിനെ ചുററി വളർന്നു. പിന്നെയൊരു കാലഘട്ടത്തിൽ സഹോദരന്മാരെല്ലാവരുംകൂടി ഒരു പത്നിയെ സ്വീകരിക്കുകയെന്ന ഏർപ്പാടു വന്നു; സ്ത്രീക്കു് ബഹുഭർത്തൃത്വം നിലവിലുണ്ടായിരുന്നു. സമുദായം വളർന്നുവന്നതോടുകൂടി നിയന്ത്രണങ്ങൾ വദ്ധിച്ചു; സ്ത്രീക്കു് ഏകഭർത്തൃത്വം എന്ന നിയമം രൂപംകൊണ്ടു. വിഭിന്നസാഹചര്യങ്ങൾകൊണ്ടും ആവശ്യങ്ങൾകൊണ്ടും, സമുദായത്തിൻെറ പുരോഗതിയിൽ, സ്ത്രീയുടെ നിലയിൽ ഇങ്ങനെ സ്വച്ഛന്ദചാരിത്വം, ബഹുഭർത്തൃത്വം, ഏകഭർത്തൃത്വം എന്നീ ഘട്ടങ്ങൾ നിലവിലിരുന്നതായി മഹാഭാരതത്തിൽതന്നെ കാണാം. പതിവ്രതാധർമ്മം നാരിയുടെ പരമാദർശമായി സ്വീകരിക്കപ്പെട്ടുകഴിഞ്ഞപ്പോഴും, പൂർവ്വസമ്പ്രദായങ്ങളുടെ അപൂർവ്വം നഷ്ടശിഷ്ടങ്ങൾ ബാക്കിനിന്നിരുന്നതിൻെറ നിദർശനമാണു് പഞ്ചപാണ്ഡവന്മാരുടെ പാഞ്ചാലീപരിണയം.

## വിദുരാഗമനം

പാണ്ഡവന്മാർ സ്വസ്ഥിമാന്മാരായി പാഞ്ചാലീവിവാഹവുംചെയ്തു പ്രബലന്മാരായി വസിക്കുന്ന വിവരം ഹസ്തിനാപുരത്തിലെത്തി. അവരെ തിരിയെ വരുത്തി സല്ക്കരിക്കുകയാണു് ഉചിതമെന്നു് വിദുരാദികൾ ഉപദേശിച്ചു. അതനുസരിച്ചു് കൂട്ടിക്കൊണ്ടുവരുന്നതിനു് ധൃതരാഷ്ട്രർ വിദുരരെത്തന്നെ പാണ്ഡവസമീപം അയച്ചു. കൃഷ്ണനും ദ്രുപദനും പാണ്ഡവന്മാരോടു് മടങ്ങിപ്പോകുന്നതിനു് ഉപദേശിച്ചു. ദൗത്യകൃത്യം നിർവ്വഹിച്ചശേഷം വിദുരർ കുന്തിയുടെ അടുക്കൽ ചെന്നു് പാദാഭിവന്ദനം ചെയ്തു. ദേവരനെ കണ്ടു് കുന്തി പൊട്ടിക്കരഞ്ഞു; മെല്ലെപ്പറഞ്ഞു:—''ഓ വിദുരൻ, അങ്ങയുടെ പുത്രന്മാരെ ഒരുവിധം അങ്ങു ജീവിപ്പിച്ചു. അങ്ങയുടെ അനുഗ്രഹംകൊണ്ടു് ജതുഗൃഹത്തിൽപെട്ടു് ദഹിക്കാതെ അവർ ജീവനോടെ തിരിച്ചെത്തിയിരിക്കുന്നു. കൂർമ്മം സദാ അതിൻെറ മക്കൾ എവിടെപ്പോയി എവിടെപ്പോയി എന്നിങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുന്നു. അവക്കു നന്മ നേന്നുകൊണ്ടു് സങ്കല്പംകൊണ്ടു് അവരെ പാലിച്ചു പോരുന്നു. കാക്കക്കൂട്ടിൽ കുയിൽ തൻെറ കുഞ്ഞുങ്ങളെ ആപത്തൊന്നും കൂടാതെ വളത്തുന്നു. അതുപോലെ അങ്ങയുടെ പുത്രന്മാരെ ഞാൻ രക്ഷിച്ചുപോരുന്നു. പ്രാണാന്തികങ്ങളായ അനേകമാപത്തുകൾ വന്നു. ഇനിയിവിടുന്നങ്ങോട്ടു് എന്താണു വേണ്ടതെന്നെനിക്കറിഞ്ഞുകൂടാ. അങ്ങേയ്ക്കറിയാം.'' വിദുരൻ ആശ്വസിപ്പിച്ചു: ''ബലശാലികളായ അവിടുത്തെ പുത്രന്മാക്കു നാശമൊന്നും സംഭവിക്കുകയില്ല. അചിരേണ അവർ രാജ്യപ്രതിഷ്ഠരാകും.''

## ശരണാഗതി

പാണ്ഡവന്മാർ മടങ്ങി ഹസ്തിനാപുരത്തിലെത്തി. ധൃതരാഷ്ട്രർ അവക്കായി രാജ്യം ഭാഗിച്ചുകൊടുത്തു. അവർ

ഖാണ്ഡവപ്രസ്ഥത്തിൽ വാസമാരംഭിച്ചു. ശ്രീകൃഷ്ണൻ വന്നു കണ്ടു് പാണ്ഡവന്മാക്കു് വേണ്ട ഉപദേശങ്ങളെല്ലാം നല്കി. ദ്വാരകയ്ക്കു മടങ്ങുന്നതിനായി കൃഷ്ണൻ കുന്തിയുടെ അടുക്കൽ ചെന്നു് നമസ്കരിച്ചു് യാത്രാനുവാദം ചോദിച്ചു. കുന്തി കൃഷ്ണനോടു പറഞ്ഞു:—''കേശവ, അരക്കില്ലത്തിൽപെട്ടു് ഞങ്ങളനുഭവിച്ച കഷ്ടപ്പാടുകൾ എൻെറ പ്രിയപിതാവു കുന്തിഭോജൻപോലും അറിഞ്ഞിട്ടില്ല.

* ത്വയാ നാഥേന ഗോവിന്ദ, ദുഃഖം തീർണ്ണം മഹത്തരം,
ത്വം ഹി നാഥസ്ത്വനാഥാനാം, ദരിദ്രാണാം വിശേഷതഃ
സർവ്വദുഃഖാനി ശാമ്യന്തി തവ സന്ദർശനാന്മമ,
സ്മരന്ത്യൈതാൻ മഹാപ്രാജ്ഞ, തേന ജീവന്തി പാണ്ഡവാഃ.

ഹേ ഗോവിന്ദ, അങ്ങയുടെ കൃപകൊണ്ടു് ഞങ്ങൾ വലിയ വിപത്തുകൾ പലതും തരണം ചെയ്തു. അനാഥന്മാക്കു് നാഥൻ അവിടുന്നാണു്: പ്രത്യേകിച്ചും ദരിദ്രക്കു്. അങ്ങയെക്കാണുമ്പോൾ എൻെറ സർവ്വദുഃഖങ്ങളും നീങ്ങുന്നു. ഹേ ഭഗവൻ, ഈയുള്ളവരെ തിരുവുള്ളത്തിലോർമ്മിക്കണേ. അവിടുത്തെ കാരുണ്യംകൊണ്ടാണു് പാണ്ഡവന്മാർ ജീവിച്ചുപോരുന്നതു്.''

ശ്രീകൃഷ്ണൻെറ സമകാലീനരിൽ കുറച്ചുപേർ മാത്രമേ അദ്ദേഹത്തിൻെറ ഐശ്വരഭാവം അറിഞ്ഞിരുന്നുള്ളു. 1 'എൻെറ ഭൂതമഹേശ്വരമായ പരംഭാവത്തെ അറിയാതെ, മൂഢന്മാർ കേവലം മനുഷ്യനെന്നു കരുതി എന്നെ നിന്ദിക്കുന്നു.' എന്നു് ഭഗവാൻതന്നെ ഗീതയിൽ അരുളുന്നു. ചൈദ്യൻ, പൗണ്ഡ്രകവാസുദേവൻ, ജരാസന്ധൻ മുതൽ പേർ നിന്ദിക്കുകതന്നെ ചെയ്തു. വ്യാസൻ, ഭീഷ്മർ, വിദുരർ, യുധിഷ്ഠിരൻ, കുന്തി, ഗാന്ധാരി എന്നിങ്ങനെ ചുരുക്കം പേർ ഭഗവാൻെറ യഥാർത്ഥസ്വരൂപം അറിഞ്ഞിരുന്നു.

---

* ആദിപർവ്വം, 206-ാം അദ്ധ്യായത്തിൻെറ ഒടുവിൽ.

1 അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതം
പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം.
ഗീത, അദ്ധ്യായം 9, ശ്ലോകം 11.

ശ്രീകൃഷ്ണൻെറ പരംഭാവത്തിൽ തീവ്രവിശ്വാസം ഉണ്ടായിരുന്ന ഒരു വ്യക്തിയാണ് കുന്തി. സ്വസഹോദരപുത്രൻ സാക്ഷാൽ സർവ്വേശ്വരനാണെന്ന വിശ്വാസം സദാകാലവും കുന്തിയെ കാത്തുരക്ഷിച്ചു. തൻെറ പുത്രന്മാർ എത്ര തന്നെ ബലശാലികളാണെങ്കിലും, അതിൻെറയെല്ലാം പിന്നിൽ ഭഗവദിച്ഛയാണ് പ്രവത്തിക്കുന്നതെന്നുള്ള വിശ്വാസം കുന്തിയെ ഒരിക്കലും കൈവിട്ടിട്ടില്ല. അതുമൂലം ഉള്ള ആത്മസമപ്പണമാണ് ഏതാപത്തു വരുമ്പോഴും മനം പതറാതെ, കാലിടറാതെ ഈശ്വരേച്ഛയ്ക്കു കീഴടങ്ങി സ്വധർമ്മം നിർവഹിച്ചുകൊണ്ട് കൃതകൃത്യയാകാൻ കുന്തിയെ ശക്തയാക്കിയതു്.

## ചൂതാട്ടം

പാണ്ഡവന്മാർ സസുഖം വാണു. അജ്ജുനൻ ശ്രീകൃഷ്ണസഹായത്തോടുകൂടി ഖാണ്ഡവവനം ദഹിപ്പിക്കുന്നതിനു് അഗ്നിയെ സഹായിച്ചു. അഗ്നിയിൽനിന്നും മയാസുരനു് മോചനം കൊടുത്തു. പ്രത്യുപകാരമായി, ശ്രീകൃഷ്ണൻെറ ആജ്ഞയനുസരിച്ചു് മയൻ ഒരു അദ്ഭുതസഭ നിർമ്മിച്ചു. ദിഗ്വിജയം ചെയ്തു് യുധിഷ്ഠിരൻ രാജസൂയം നടത്തി. യാഗത്തിനു് വന്നുചേന്ന ദുര്യോധനനു് പാണ്ഡവന്മാരുടെ ഐശ്വര്യം കണ്ടു് കണ്ണുകടി വദ്ധിച്ചു. സ്ഥലജലഭ്രമമുണ്ടാക്കുന്ന സഭാതലത്തിൽ തല മുട്ടിയും വെള്ളത്തിൽ വീണും അയാൾക്കു് അമളി പിണഞ്ഞു. പാഞ്ചാലിയും ഭീമനും പരിചാരകന്മാരും പരിഹസിച്ചു. പാണ്ഡവന്മാരെ നശിപ്പിക്കാനുള്ള ഉപായങ്ങൾ ദുര്യോധനൻ തേടി. ശകുനിയുടെ ഉപദേശപ്രകാരം യുധിഷ്ഠിരനെ ചൂതിനു വിളിച്ചു. കള്ളച്ചൂതിൽ സവ്വവും തട്ടിപ്പറിച്ചു. സഹോദരന്മാരേയും തന്നേയും പാഞ്ചാലിയേയും കൂടി യുധിഷ്ഠിരൻ

പണയപ്പെടുത്തി. പന്ത്രണ്ടു കൊല്ലം വനവാസവും ഒരു കൊല്ലം അജ്ഞാതവാസവും ചെയ്യണമെന്നുള്ള കരാറനുസരിച്ച് പാണ്ഡവന്മാർ കാട്ടിൽപോകാൻ തയ്യാറായി.

## കുന്തീവിലാപം

തത്സമയം വിദുരൻ യുധിഷ്ഠിരനോടു പറഞ്ഞു:– ''രാജപുത്രിയും, മൃദുലഗാത്രിയും, സുഖോചിതയും, വൃദ്ധയുമായ പൃഥ കാട്ടിൽ പോകുന്നതു് ഉചിതമല്ല .ഹേ പാർഥന്മാരേ, ആര്യ സത്കൃതയായി എൻെറ ഗൃഹത്തിൽ വസിക്കട്ടെ. നിങ്ങൾക്കു് ക്ഷേമം ഭവിക്കട്ടെ.'' അജിനധാരികളായി അരണ്യവാസത്തിനു പുറപ്പെടുന്ന മക്കളെ കെട്ടിപ്പിടിച്ച് കുന്തി വിലപിച്ചു:– ''ഹാ, എന്തൊരു വിധിവിപര്യയം! സദ്ധർമ്മചാരികളും വിശാലമനസ്കരും ദേവതോപാസകന്മാരും ദൃഢഭക്തന്മാരുമായ നിങ്ങൾക്കു് ഇത്തരമൊരു വ്യസനം വന്നുചേർന്നുവല്ലൊ! നാമാരും ഒരു ദോഷവും ചെയ്തതായി ഞാൻ ഓർക്കുന്നില്ല. അഥവാ, ഉത്തമഗുണവാന്മാരായ നിങ്ങൾ ഇങ്ങനെ കഷ്ടങ്ങളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുന്നതു് ഭാഗ്യഹീനയായ എൻെറ മക്കളായ് പിറന്നതുകൊണ്ടായിരിക്കാം. സുഖഭോഗങ്ങളൊന്നുമില്ലാതെ ക്ലേശഭൂയിഷ്ഠമായ കാട്ടിൽ നിങ്ങൾ എങ്ങനെ ജീവിക്കും? നിങ്ങൾക്കു് വീണ്ടും വനവാസമാണ് വിധിയെന്നു ഞാനറിഞ്ഞിരുന്നുവെങ്കിൽ, പണ്ടു് പാണ്ഡു മരിച്ചപ്പോൾ, ഞാൻ ഹസ്തിനാപുരത്തേയ്ക്കു വരുമായിരുന്നില്ല. ഈ പുത്രാധികളൊന്നുമനുഭവിക്കാതെ നാകം പൂകിയ നിങ്ങളുടെ പിതാവിനെ ധന്യനെന്നു ഞാൻ കരുതുന്നു. പരഗതി പ്രാപിച്ച മാദ്രിയും ധന്യതന്നെ. ക്ലേശം ഭുജിക്കാൻ ജീവിതം വരിച്ച ഞാൻ നിർഭാഗ്യ. മക്കളേ, കഷ്ടപ്പെട്ടുവളർത്തിയ നിങ്ങളെ പിരിഞ്ഞു ഞാനിരിക്കയില്ല. ഞാനും നിങ്ങളോടൊത്തു കാട്ടിലേയ്ക്കു വരുന്നു. വധൂ,

പാഞ്ചാലി, നീയെന്നെ ഉപേക്ഷിക്കുമോ? നശ്വരമായ ഈ ജീവിതത്തിൻെറ അന്തം നിർണ്ണയിക്കാൻ വിധാതാവു് വിസ്മരിച്ചുവോ ? അതുകൊണ്ടല്ലയോ എൻെറ പ്രാണൻ ഇനിയും പൊയ്പോകാത്തതു് ?

* ഹേ കൃഷ്ണ ദ്വാരകാവാസിൻ ക്വാസി സങ്കർഷണാനുജ,
കസ്മാന്ന ത്രായസേ ദുഃഖാന്മാം ചേമാംശ്ച നരോത്തമാൻ ?

ഹേ കൃഷ്ണ, അങ്ങെവിടെ, ദ്വാരകയിലോ ? എന്താണു ഞങ്ങളെ കരകയററാത്തതു്? അങ്ങയെ വിളിച്ചു കേഴുന്ന വരെ അങ്ങു പരിപാലിക്കുമെന്ന പ്രതിജ്ഞയെങ്ങനെ വ്യർത്ഥമായിത്തീൎന്നു? ഇവർ വ്യസനം ഭുജിക്കേണ്ടവരല്ല. നീതിജ്ഞന്മാരും കുലനാഥന്മാരുമായ ഭീഷ്മദ്രോണകൃപാദി കളിരിക്കെ ഇവൎക്കീ അവസ്ഥ എങ്ങനെ വന്നുകൂടി? ഹാ പാണ്ഡോ, ഹാ മഹാരാജ, അവിടുന്നെവിടെ? എന്താണു വിടുന്നെന്നെ കൈവിട്ടതു്? ശത്രുക്കരം ചൂതിൽ ചതിച്ചു് നാടുകടത്തുന്ന മക്കളെ അങ്ങു കാണുന്നില്ലേ? സഹദേവ, നീയെനിക്കു് പ്രാണാധികപ്രിയനല്ലയോ? നീ ഇങ്ങു വാ. കുപുത്രനെപ്പോലെ നിയെന്നെ ഉപേക്ഷിച്ചുപോകരുതു്. നിൻെറ ജ്യേഷ്ഠന്മാർ സത്യം പാലിക്കുന്നതിനായി വേണ മെങ്കിൽ പൊയ്ക്കൊള്ളട്ടെ. അമ്മയെ രക്ഷിക്കുകയെന്ന ധൎമ്മം നീ നിൎവ്വഹിക്കു്. മകനേ വാ.'' ഇങ്ങനെ കരഞ്ഞു കരംപൊട്ടിക്കുന്ന കുന്തിയെ നമസ്കരിച്ചു ശോകമഗ്നരായി പാണ്ഡവന്മാർ വനത്തിലേയ്ക്കു പോയി.

## വിദുരഗൃഹത്തിൽ

സ്വയം അത്യന്തദുഃഖിതനായ വിദുരൻ, പലതും പറഞ്ഞു് ഒരുവിധത്തിൽ പൃഥയെ ആശ്വസിപ്പിച്ചു് സ്വ ഗൃഹത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. കണ്ടുനില്ക്കുന്നവ രുടെ ഹൃദയംപോലും തകരുന്ന ഒരു രംഗം. മാതൃഹൃദയ

* സഭാപൎവ്വം, അദ്ധ്യായം 79, ശ്ലോകം 23.

ത്തിൻെറ വേദന ആക്കളക്കാം? രാമൻ കാട്ടിലേയ്ക്കു പുറപ്പെട്ടപ്പോഠം ദശരഥൻ അനുഭവിച്ച പുത്രവിരഹദുഃഖം എത്ര അഗാധമായിരുന്നുവെന്നു് തുല്യദുഃഖയായ കുന്തിക്കു് മാത്രമേ അറിയാൻ കഴിഞ്ഞിരിക്കു.

കാലം പലതു കഴിഞ്ഞു. കാട്ടിൽപോയ മക്കഠംക്കു് നന്മ നേൻും ഈശ്വരനെ പ്രാത്ഥിച്ചും നെഞ്ചു നൊന്തുനീറിയും നീണ്ട പതിമ്മൂന്നു വഷങ്ങഠം കഴിഞ്ഞു. അപ്പോഴേയ്ക്കും വനവാസവും അജ്ഞാതവാസവും ഉത്തരാസ്വയംവരവും കഴിഞ്ഞു് പാണ്ഡവന്മാർ, ശ്രീകൃഷ്ണൻ ദ്രുപദൻ മുതലായവരുടെ ഉപദേശത്തോടും സഹായത്തോടുംകൂടി, തങ്ങഠംക്കു് കരാറനുസരിച്ചു തിരിച്ചുകിട്ടേണ്ട അദ്ധരാജ്യത്തിന്നു് ആവശ്യപ്പെട്ടു. കൗരവന്മാർ സമ്മതിക്കുമെന്നു് ആക്കും വിശ്വാസമില്ലാതിരുന്നതിനാൽ യുദ്ധത്തിനു വേണ്ട ഒരുക്കങ്ങളും ചെയ്തു.

## ശ്രീകൃഷ്ണദശ്നം

യുധിഷ്ഠിരനു് എങ്ങനെയെങ്കിലും യുദ്ധംകൂടാതെ കഴിക്കണമെന്നു് അതിയായ ആഗ്രഹമുണ്ടായിരുന്നു. അവസാനകൈയ്യായി സന്ധിസംഭാഷണത്തിന്നു് ശ്രീകൃഷ്ണൻ തന്നെ പുറപ്പെട്ടു. ദൂതനായി പോകാൻ പുറപ്പെട്ടുനില്ക്കുന്ന ശ്രീകൃഷ്ണനെ ആലിംഗനം ചെയ്തുകൊണ്ടു് യുധിഷ്ഠിരൻ പറഞ്ഞു:– ''ഉപവാസതപസ്സുകഠംകൊണ്ടു് കൃശയും പുത്രപ്രാണയുമായ ഞങ്ങളുടെ അമ്മ, ഞങ്ങളെ വളത്തിക്കൊണ്ടു വരുന്നതിനുവേണ്ടി സഹിച്ച ദുഃഖങ്ങഠംക്കു കണക്കില്ല. സുയോധനഭയത്തിൽനിന്നും അമ്മ ഞങ്ങളെ ഒരുവിധം കാത്തുരക്ഷിച്ചു. ഞങ്ങഠംക്കുവേണ്ടി കരഞ്ഞുകൊണ്ടിരിക്കുന്ന അമ്മയെക്കണ്ടു് വിവരങ്ങഠം അറിയിക്കണം. ക്ഷേമം അന്വേഷിക്കണം. അമ്മയെ അവിടുന്നാശ്വസിപ്പിക്കണം. ഞങ്ങളിൽ ഓരോരുത്തരുടേയും പേരു പ്രത്യേകം

ചൊല്ലി വന്ദിച്ച് പുത്രശോകപരിപ്ളതയായ മാതാവി ൻെറ ഹൃദയത്തിന്ന കുളിർമയേകണം. വിവാഹംമുതൽ ശ്വശ്രുരന്മാരുടെ തിരസ്കാരമേ അമ്മ അനുഭവിച്ചിട്ടുള്ളു. എൻെറ കൃഷ്ണാ, ഈ കഷ്ടകാലം നീങ്ങി, അമ്മയ്ക്ക് സൗഖ്യം നൽകാൻ സാധിക്കുന്ന ഒരു കാലം വരുമോ? കാട്ടിലേയ്ക്കു പുറപ്പെട്ട ഞങ്ങളെ കരഞ്ഞുകൊണ്ടു പിന്തുടന്ന അമ്മയെ വിട്ടിട്ട് ഞങ്ങരം പോയി. അമ്മയിന്നു ജീവനോടെ ഇരിക്കുന്നുണ്ടെങ്കിൽ, ആരും ദുഃഖംമൂലം മരണം പ്രാപിക്ക യില്ലെന്നതു നിശ്ചയം. ഞങ്ങളുടെ അഭിവാദനങ്ങരം, ഹേ കൃഷ്ണാ, അമ്മയെ അറിയിച്ചാലും. അനന്തരം കുരുവൃദ്ധന്മാ രേയും മഹാപ്രാജ്ഞനായ വിദുരരേയും ഞങ്ങളുടെ അഭിവാ ദനം അറിയിച്ചാലും.''

## പുത്രകുശലാന്വേഷണം

ശ്രീകൃഷ്ണൻ ധൃതരാഷ്ട്രരെ ചെന്നുകണ്ടതിനുശേഷം ഉച്ച തിരിഞ്ഞു വിദുരഗൃഹത്തിലെത്തി. വിദുരൻെറ ആനന്ദ ത്തിന് അതിരുണ്ടായിരുന്നില്ല. കൃഷ്ണൻ പിതൃസഹോ രിയെ ചെന്നു വന്ദിച്ചു. കൃഷ്ണനെ കണ്ടപ്പൊഴേ കുന്തി അദ്ദേഹത്തിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ച് മക്കളെ ഓത്തു മുറയിട്ടു. അവരുടെ സന്തതസഹചാരിയായ ശ്രീകൃഷ്ണനെ ചിരകാലമായി കണ്ടപ്പോരം കുന്തി കണ്ണീരിൽ മുഴുകി. ആതിഥ്യമെല്ലാംചെയ്തു കൃഷ്ണനെപ്പിടിച്ചിരുത്തി. വാടിയ മുഖത്തോടെ തൊണ്ടയിടറിക്കൊണ്ട് ആ അമ്മ ചോദിച്ചു:— ''ബാല്യാത്പ്രഭൃതി ഗുരുശുശ്രൂഷാരതന്മാരും, പരസ്പരസു ഹൃത്തുക്കളും, സജ്ജനസമ്മതന്മാരും, സമചിത്തരും, ബ്രഹ്മ ണ്യരും, സത്യവാദികളും, ചതിയാൽ രാജ്യത്തിൽനിന്നു ഭ്രംശിതരുമായ എൻെറ മക്കരം കരഞ്ഞൊലിക്കുന്ന എന്നെ ഉപേക്ഷിച്ച് നിജ്ജനവനത്തിലേയ്ക്ക് പോയപ്പോരം,

എൻെറ കൃഷ്ണാ, അവരെൻെറ ഹൃദയം മൂലത്തോടെ പറിച്ചു കളഞ്ഞു. സിംഹവ്യാഘ്രഗജാകുലമായ ഗഭീരവിപിനത്തിൽ, എൻെറ ഓമൽക്കിടാങ്ങരം, അച്ഛനമമ്മയുമില്ലാതെ എങ്ങനെ കഴിച്ചുകൂട്ടി ? ശംഖദുന്ദുഭിഘോഷങ്ങളും, വാരണഗജ്ജനങ്ങളും, ഹയഹേഷാരവങ്ങളും, വേദധ്വനികളും, വീണാവേണുനിനാദവും, വിപ്രന്മാരുടെ ജയാശിസ്സുകളും, കേട്ടുകൊണ്ടു് പ്രാസാദാഗ്രങ്ങളിൽ, ഉത്തമപര്യങ്കങ്ങളിൽ നിന്നും ഉറക്കമുണന്നു ശീലിച്ചുപോന്ന എൻെറ പൈതങ്ങരം, ക്രൂരങ്ങളായ ശ്വാപദങ്ങളുടെ ഹൃദയഭേദകങ്ങളായ അലച്ചകരം കേട്ടു് ഉറങ്ങിയിട്ടുതന്നെ ഉണ്ടായിരിക്കയില്ല. അജാതശത്രുവും ധർമ്മാത്മാവും സ്വണ്ണസമാനവണ്ണനും സോമവത്പ്രിയദശ്നനുമായ യുധിഷ്ഠിരൻ എങ്ങനെയിരിക്കുന്നു ? നാഗായുതപ്രാണനും മഹാബലനും അമഷിയും ബകകീചകഹിഡിംബഹന്താവുമായ മാരുതി അവൻെറ ബലവും ക്രോധവും അടക്കി ജ്യേഷ്ഠൻെറ ശാസനത്തിൽ വത്തിക്കുന്നുണ്ടോ? തേജസ്സിൽ ആദിത്യസദൃശനും, ദമത്തിൽ ഋഷിതുല്യനും, ക്ഷമയിൽ പൃഥിവീതുല്യനും, വിക്രമത്തിൽ മഹേന്ദ്രസമനും, സഹസ്രബാഹുവായ കാത്തവീര്യനോടു് സ്പദ്ധിക്കുന്നവനും, നിൻെറ സോദരനും സഖാവുമായ ധനഞ്ജയൻ ഇന്നെങ്ങനെ കഴിയുന്നു ? ദയാവാനും സുകുമാരനും, ധാമ്മികനും, ധമ്മാത്ഥകുശലനും, ഭ്രാതൃശുശ്രൂഷുവും, സവ്വഭ്രാതാക്കന്മാരുടെയും ബഹിശ്ചരപ്രാണനുമായ എൻെറ സഹദേവൻെറ വിവരങ്ങളെന്തെല്ലാം? ചിത്രയോധനും, മഹാബലനും, സുഖോചിതനുമായ എൻെറ നകുലനെ ഞാനിനി കാണുമോ? കണ്ണിമപൂട്ടുമ്പോരം നകുലവിരഹംകൊണ്ടു വ്യാകുലയായിരുന്ന ഞാനിപ്പോഴും ജീവനോടേ ഇരിക്കുന്നുവല്ലൊ! എനിക്കെൻെറ പുത്രന്മാരേക്കാളെല്ലാം പ്രിയതരയാണു് പാഞ്ചാലി. കുലീനയും, രൂപസമ്പന്നയും, സത്യവാദിനിയും, പുത്രന്മാരെ ഉപേക്ഷിച്ചു് ഭത്താക്കന്മാരോടൊരുമിച്ചു് വനത്തിൽ

പോയവളുമായ യാജ്ഞസേനി എങ്ങനെ കഴിയുന്നു? പുണ്യകമ്മംകൊണ്ടു സുഖം ലഭിക്കുമെന്നതു് ശരിയല്ല. അങ്ങനെ ആയിരുന്നുവെങ്കിൽ എൻെറ സ്നുഷ ശാശ്വതസുഖം അനുഭവിക്കേണ്ടിയിരുന്നു. എനിക്കിതിലധികം എന്തു ദുഃഖം വരാനിരിക്കുന്നു! രജസ്വലയും, ഏകവസ്ത്രയുമായ എൻെറ വധു സഭാതലത്തിൽ അനാര്യന്മാരാൽ അധിക്ഷിപ്തയായി, നീചന്മാരുടെ ദുഷ്ടദൃഷ്ടികൾക്കു് വിഷയമായി, ശ്വശ്രുരന്മാരുടെ മുമ്പിൽ, കുരുവൃദ്ധന്മാരുടെ സമക്ഷം, നില്ക്കേണ്ടിവന്നതാലോചിക്കുമ്പോൾ എൻെറ ഹൃദയം തകരുന്നു. ആ സദസ്സിലുണ്ടായിരുന്നവരിൽ വിദുരനെമാത്രം ഞാൻ പൂജിക്കുന്നു. വൃത്തമാണൊരുവനെ ആര്യനാക്കുന്നതു്; അല്ലാതെ, ധനവുമല്ല, വിദ്യയുമല്ല.'' ഇങ്ങനെ പാണ്ഡവമാതാവു് പരിദേവനം ചെയ്തു.

## കുന്തിയുടെ പരാതി

പുകഞ്ഞുകൊണ്ടിരുന്ന ശോകാഗ്നിപവ്വതം കൃഷ്ണനെ കണ്ടപ്പോൾ വീണ്ടും പൊട്ടിയൊഴുകി:— ''ദ്രൗപദിയെ സഭയിൽ പരിക്ലേശിപ്പിച്ചതു് എന്നെ എരിച്ചുകൊണ്ടിരിക്കുന്നു. എനിക്കൊരിക്കലും ധാത്തരാഷ്ട്രന്മാരും പാണ്ഡവന്മാരും തമ്മിൽ ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല. ഞങ്ങൾക്കും സുഖം വരുന്ന ഒരു കാലം പക്ഷേ വരുമായിരിക്കാം. ഹതാമിത്രന്മാരായ പുത്രന്മാരോടൊപ്പം അങ്ങയെ കാണാൻ കഴിയുന്ന ഒരു കാലം വന്നേയ്ക്കും. അഥവാ എൻെറ ദുർവ്വിധിക്കു ഞാൻ എന്നെയോ സുയോധനനേയോ പഴിക്കുന്നില്ല. ഇതിനെല്ലാം മൂലഹേതു എൻെറ പിതാവു തന്നെയാണു്. കാരകളിച്ചു നടന്നിരുന്ന കേവലം ബാലയായ എന്നെ അദ്ദേഹം കുന്തിഭോജനു കൈയ്മാറി. അങ്ങനെ അച്ഛനും ഉപേക്ഷിച്ചു, ശ്വശ്രുരന്മാരും തിരസ്കരിച്ചു. കൃഷ്ണ, ഞാനിങ്ങനെ ജീവിച്ചിട്ടെന്തു കാര്യം? ഹേ മാധവ,

വൈധവ്യവും, അത്ഥനാശവും, ശത്രുവിരോധവുമൊന്നും, പുത്രവിരഹംപോലെ എന്നെ ദഹിപ്പിക്കുന്നില്ല. അജ്ജുനനെ പ്രസവിച്ചപ്പോഠ, 'ഇവൻ ലോകം ജയിക്കും, ഇവൻെറ കീത്തി സ്വഗ്ഗത്തിലെത്തും.' എന്നു് അശരീരി കേഠക്കുകയുണ്ടായി. ലോകത്തിൽ ധമ്മം എന്നൊന്നുണ്ടെങ്കിൽ, കൃഷ്ണ, അങ്ങതു സത്യമാക്കിച്ചെയ്യണം. ഉണ്ണീ, ധമ്മാത്മാവായ യുധിഷ്ഠിരനോടു പറയൂ, അവൻ ധർമ്മഹാനി വരുത്തുന്നുവെന്നു്; അതിനിട വരുത്തരുതെന്നു്. പരാശ്രയംകൊണ്ടുള്ള ജീവിതം നിന്ദ്യമാണു്. ദൈന്യംകൊണ്ടു നേടുന്ന ജീവിതവൃത്തിയേക്കാഠ മൃത്യുവാണു ശ്രേയസ്സുരം. ധനഞ്ജയനോടും നിത്യോത്സാഹിയായ വൃകോദരനോടും പറയുക, ക്ഷത്രിയസ്ത്രീ പ്രസവിക്കുന്നതിൻെറ ഉദ്ദേശം സാധിക്കുന്നതിനുള്ള സമയം സമാഗതമായെന്നു്. മാദ്രീസുതരേയും അറിയിക്കുക, വിക്രമംകൊണ്ടു് ഭോഗങ്ങഠ നേടി ക്ഷത്രിയധമ്മത്തെ പരിപാലിക്കുവിൻ, എന്നു്. സർവ്വശസ്ത്രകുശലനായ പാത്ഥനോടു് പാഞ്ചാലിയുടെ ആഗ്രഹത്തെ അനുസരിക്കാൻ പറയുക. പാഞ്ചാലിക്കു് സംഭവിച്ച അവമാനം ഭീമാജ്ജുനന്മാരുടെ അവമാനമാണു്. ദ്യൂതപരാജയമോ പ്രവ്രാജനമോ എന്നെ കഠിനമായി വേദനിപ്പിക്കുന്നില്ല. ഏകവസ്ത്രയായി സഭയിൽ ആനീതയായി, ദുശ്ശാസനപ്രഭൃതികളുടെ പരുഷവാക്കുകളും ക്രൂരദൃഷ്ടികളും കചഗ്രഹണവും എൻെറ വധു അനുഭവിക്കേണ്ടിവന്നതോത്തു് എൻെറ നെഞ്ചകം എരിയുന്നു. എനിക്കും എൻെറ മക്കഠക്കും, ഹേ മധുസൂദന, അങ്ങും, ബലിഷ്ഠനായ രാമനും, മഹാരഥനായ പ്രദ്യുമ്നനും മാത്രമാണാശ്രയം. ദുദ്ധഷനായ ഭീമസേനനും, രണശ്ശൂരനായ കിരീടിയും, ജീവനോടേ ഇരിക്കുമ്പോഠ എനിക്കിത്തരം ആപത്തുകഠ വന്നുചേൻവല്ലോ!''

ശ്രീകൃഷ്ണൻ ആശ്വസിപ്പിച്ചു:—''അമ്മായി, ഭവതിയെപ്പോലെ ഉത്തമയായ ഒരു മഹതി ലോകത്തിലാരിരിക്കുന്നു?

ശ്ശൂരമഹാരാജന്റെ പ്രിയപുത്രി, കുരുകുലത്തിൽ പരിണീത, ഭർത്താവിനാൽ പരമപൂജിത, വീരപത്നി, വീരജനനി, സർവ്വസദ്ഗുണസമ്പൂർണ്ണ; ഭവതിയെപ്പോലെ ഉള്ളവർ, അയി മഹാപ്രാജ്ഞേ, സുഖദുഃഖങ്ങൾ താങ്ങാൻ കെൽപുള്ളവരാകണം. നിദ്രാലസ്യങ്ങളും, മോദഖേദങ്ങളും, ക്ഷുത്പിപാസകളും, ഹിമാതപങ്ങളും ജയിച്ച് ഗ്രാമ്യസുഖങ്ങൾ വെടിഞ്ഞു്, വീരസുഖങ്ങൾ അനുഭവിച്ച് പാർത്ഥന്മാർ വർത്തിക്കുന്നു. മഹോത്സാഹികളും മഹാബലവാന്മാരുമായ അവർ അല്പംകൊണ്ടൊന്നും സന്തോഷിക്കുകയില്ല. ധീരന്മാർ അന്ത്യത്തെ ലക്ഷ്യമാക്കുന്നു; ഗ്രാമ്യസുഖപ്രിയന്മാർ മധ്യത്തിൽ സുഖം അനുഭവിക്കുന്നു. ലക്ഷ്യം ഉയരുംതോറും ക്ലേശങ്ങളുടെ കാഠിന്യം കൂടുന്നു. കഠിനങ്ങളായ ക്ലേശങ്ങളും അതിമാനുഷങ്ങളായ ഭോഗങ്ങളും ധീരന്മാർ അനുഭവിക്കുന്നു. അവർ അവസാനം സുഖിക്കുന്നു, മധ്യത്തിലില്ല. അവസാനം ലഭിക്കുന്നതാണു സുഖം; ഇടയ്ക്കു കിട്ടുന്നതു്, ദുഃഖവും. പാഞ്ചാലിയും പാണ്ഡവന്മാരും അവരുടെ അഭിവാദനങ്ങളും കുശലവും അറിയിക്കുന്നു; ഭവതിയുടെ കുശലം അന്വേഷിക്കുന്നു. സർവ്വലോകജേതാക്കളും, ഹതാമിത്രരും, ഐശ്വര്യസമൃദ്ധരും, സർവ്വാർത്ഥസിദ്ധരും, അരോഗന്മാരുമായി ഭവതി പാണ്ഡവന്മാരെ അചിരേണ കാണുന്നതായിരിക്കും.''

കൃഷ്ണന്റെ ആശ്വാസവചനങ്ങൾ കേട്ടു് കുന്തിയുടെ മനസ്സു തെളിഞ്ഞു. വീണ്ടും പറഞ്ഞു:— ''കൃഷ്ണാ, അവർക്ക് ശ്രേയസ്കരമെന്നു് അങ്ങേയ്ക്കു് തോന്നുന്നതെന്തോ അതു ചെയ്താലും. ധർമ്മലോപം വരുത്താതെയും വഞ്ചനയില്ലാതെയും വേണ്ടതു ചെയ്താലും. അങ്ങയുടെ മഹത്ത്വം എനിക്കറിയാം; അങ്ങയുടെ സത്യനിഷ്ഠയും ആഭിജാത്യവും എനിക്കറിയാം; മിത്രങ്ങളോടു് അങ്ങേയ്ക്കുള്ള ദൃഢബന്ധവും, അങ്ങയുടെ ബുദ്ധിവൈഭവവും, വിക്രമവും എനിക്കറിയാം. ഞങ്ങളുടെ കുലത്തിന്റെ ധർമ്മം അവിടുന്നാ

ണ്; അങ്ങാണ് സത്യം; തപസ്സും അങ്ങുതന്നെ. അങ്ങുതന്നെ രക്ഷകൻ. അങ്ങുതന്നെ പരബ്രഹ്മം; സർവ്വവും അങ്ങയിൽ പ്രതിഷ്ഠിതം. അങ്ങെന്തരുളിച്ചെയ്യുവോ അതപ്രകാരംതന്നെ സംഭവിക്കും. സത്യം അങ്ങയിൽ സ്ഥിതിചെയ്യുന്നു. ഹേ മാധവാ, കുരുക്കളുടേയും, പാണ്ഡവന്മാരുടേയും, സമസ്തലോകത്തിന്റേയും ആശ്രയം അവിടുന്നാകുന്നു.'' കുന്തിയെ വന്ദിച്ചു പ്രദക്ഷിണം ചെയ്ത് അനുവാദവും വാങ്ങി ഭഗവാൻ ദുര്യോധനഗൃഹത്തിലേയ്ക്കു പോയി.

## ദൂത്

കൗരവന്മാർ ശ്രീകൃഷ്ണനെ യഥോചിതം സ്വീകരിച്ചു, ഊണിനു ക്ഷണിച്ചു. കൃഷ്ണൻ സ്വീകരിച്ചില്ല: ''ദൂതന്മാർ വന്നകാര്യം സാധിച്ചിട്ടേ സൽക്കാരങ്ങൾ സ്വീകരിക്കൂ. ഞാൻ ഉദ്ദേശിച്ചുവന്ന കാര്യം നടന്നാൽ ബാക്കിയൊക്കെ സ്വീകരിക്കാം. പ്രീതിയോടെ തരുന്ന പരാന്നം സ്വീകാര്യമാണ്; അഥവാ, ആപത്ക്കാലത്തിൽ പരാന്നം ഭുജിക്കാം. ഇവിടെ ഇതു രണ്ടുമില്ല. ഞാൻ വിദുരന്റെകൂടെ താമസിച്ചുകൊള്ളാം.'' അന്നുരാത്രി വിദുരഗൃഹത്തിൽ വിശ്രമിച്ചു. ശ്രീകൃഷ്ണൻ സന്ധിസംഭാഷണത്തിനു കുരുസഭയിൽ പോകുന്നതു് ഉചിതമല്ലെന്നായിരുന്നു വിദുരന്റെ അഭിപ്രായം. കാരണം, ദുര്യോധനൻ സദുപദേശങ്ങളൊന്നും ചെവിക്കൊള്ളുകയില്ല. ധർമ്മകാര്യത്തിനു യഥാശക്തി ശ്രമിച്ചിട്ടു് ഫലം ഉണ്ടായില്ലെങ്കിലും അതിന്റെ പുണ്യം ലഭിക്കും എന്നായിരുന്നു കൃഷ്ണന്റെ മറുപടി. ശ്രീകൃഷ്ണൻ കുരുസഭയിൽ പ്രവേശിച്ചു. ''കൗരവന്മാരും പാണ്ഡവന്മാരും തമ്മിൽ ശമം ഉണ്ടാകണമെന്നാണെന്റെ ആഗ്രഹം.'' ഇതാണ് ശ്രീകൃഷ്ണന്റെ ദൗത്യം. ദൂതിൽ കുരുകുലത്തിന്റെ മഹത്ത്വം പ്രതിപാദിച്ചു; ഇരുവരും തമ്മിൽ യോജിച്ചിരുന്നാലുണ്ടാകുന്ന പ്രഭാവവും, പിണങ്ങിയാൽ

വരാൻപോകുന്ന വിപത്തുകളും വണ്ണിച്ചുകോംപ്പിച്ചു. ദുര്യോധനനെ ഭീഷണിപ്പെടുത്തിനോക്കി. ഒന്നുകൊണ്ടും ദുര്യോധനൻ കുലുങ്ങിയില്ല. അനുജനും ശകുനിയും കണ്ണനും ചേൎന്നു ശ്രീകൃഷ്ണനെ ബന്ധിക്കാൻപോലും അയാാം ആലോചിച്ചു. ഭഗവാൻ ഒന്നട്ടഹസിച്ചു. സഭാസദന്മാർ ഭഗവാൻെറ വിശ്വഭയാനകമായ വിശ്വരൂപം കണ്ടു നടുങ്ങി. കുരുവൃദ്ധന്മാരോടു് യാത്രപറഞ്ഞു് കൃഷ്ണൻ പുറപ്പെട്ടു.

## പുത്രസന്ദേശം

കൃഷ്ണൻ വിദുരഗൃഹത്തിലെത്തി കുന്തിയെ വന്ദിച്ചു് നടന്ന സംഗതികളൊക്കെ പറഞ്ഞുകോംപ്പിച്ചു: ''അറിയേണ്ടതു പലതും ഞാൻ യുക്തിയുക്തം പറഞ്ഞുനോക്കി. മഹൎഷിമാരും ഉപദേശിച്ചു; അവനതൊന്നും സമ്മതിച്ചില്ല. സുയോധനപക്ഷം കാലപക്വമായെന്നു ഞാൻ കരുതുന്നു. ഞാനിനി വേഗം പാണ്ഡവന്മാരുടെ അടുക്കലേക്കു പോകട്ടെ. അവിടുത്തെ സന്ദേശമായിട്ടു് പാണ്ഡവന്മാരോടു് ഞാനെന്താണു് ചെന്നറിയിക്കേണ്ടതു്?'' ഇതുകേട്ടു് ശൂരപുത്രി പറഞ്ഞു:– ''ഉണ്ണീ കേശവ, ധൎമ്മബുദ്ധിയായ യുധിഷ്ഠിരനോടു പറയൂ. 'മകനേ, നിൻെറ ധൎമ്മം ക്ഷയിക്കുന്നു. ബ്രാഹ്മണനാണു് സ്വാധ്യായധൎമ്മംമാത്രം ഉപദേശിക്കപ്പെട്ടിരിക്കുന്നതു്. പ്രജാപതി ക്ഷത്രിയരെ ബാഹുക്കളിൽനിന്നുമാണു് സൃഷ്ടിച്ചിരിക്കുന്നതു്. അവർ ബാഹുവീര്യോപജീവികളാണു്. പ്രജാപരിപാലനത്തിനുവേണ്ടി ക്രൂരകൎമ്മങ്ങളാം ചെയ്യാൻ അവർ നിർബ്ബദ്ധരാണു്. പഴമക്കാർ പറഞ്ഞു് ഒരു കഥ കേട്ടിട്ടുണ്ടു്. പണ്ടു് വൈശ്രവണൻ രാജൎഷിയായ മുചുകുന്ദനു് ഈ പൃഥ്വി മുഴുവൻ ദാനമായി കൊടുത്തു. അദ്ദേഹമതു സ്വീകരിച്ചില്ല. ''ക്ഷത്രിയനായ ഞാൻ പരദത്തം സ്വീകരിക്കയില്ല, സ്വകരബലാൎജ്ജിതമായതേ അനുഭവിക്കൂ.'' എന്നായിരുന്നു മുചുകുന്ദൻെറ

നിശ്ചയം. വൈശ്രവണൻ പ്രീതനും വിസ്മിതനുമായി. അനന്തരം സ്വബാഹുവീര്യംകൊണ്ടു വസുന്ധരയെ ജയിച്ച് ദീർഘകാലം ക്ഷത്രധർമ്മമനുസരിച്ച് മുചുകുന്ദൻ പരിപാലിച്ചു. രാജാക്കന്മാരാൽ സുരക്ഷിതരായിട്ട് പ്രജകൾ ചെയ്യുന്ന പുണ്യത്തിന്റെ ചതുർത്ഥഭാഗം രാജാവിനു ലഭിക്കുന്നതാണ്. രാജാവ് സ്വധർമ്മം ആചരിച്ചാൽ ദേവത്വത്തിനർഹനാകും. അധർമ്മം ചെയ്താൽ നരകം പ്രാപിക്കും. ദണ്ഡനീതിയാണ് ചതുർവ്വർണ്ണങ്ങളേയും അവരുടെ സ്വധർമ്മങ്ങളിൽ പുലർത്തിപ്പോരുന്നതു്. രാജാവ് യഥാവിധി ദണ്ഡനീതി പാലിക്കുന്ന കാലമാണ് ശ്രേഷ്ഠമായ കൃതയുഗം. കാലത്തിനു കാരണം രാജാവോ, രാജാവിനു കാരണം കാലമോ എന്നു നീ സംശയിക്കുകയേ അരുതു്; 'രാജാ കാലസ്യ കാരണം.' കാലത്തിനു കാരണം രാജാവാകുന്നു. പിതൃപൈതാമഹോചിതമായിരിക്കുന്ന രാജധർമ്മത്തെ അനുസരിക്കുക. നീയിപ്പോൾ ചെയ്യാൻ വിചാരിക്കുന്നതു് രാജർഷിധർമ്മമല്ല. പാണ്ഡുവോ, നിന്റെ പിതാമഹനോ, ഞാനോ ഇതിനായി നിന്നെ ആശീർവദിച്ചിട്ടില്ല. ഇതു നിന്റെ സ്വന്തം പ്രവൃത്തിയാണ്. യജ്ഞം ദാനം, തപസ്സ്, ശൗര്യം, പ്രജ്ഞ, സന്താനം, മാഹാത്മ്യം, ബലം, ഓജസ്സ് ഇവയാണ് ഞാൻ നിത്യവും ആശംസിച്ചതു്. ദാനം, അധ്യയനം, യജ്ഞം, പ്രജാപരിപാലനം ഇവ ധർമ്മ്യമായാലും അധർമ്മ്യമായാലും നിന്റെ ജന്മാനുസൃതങ്ങളായ കർത്തവ്യങ്ങളാകുന്നു. വിദ്വാന്മാരും, കുലീനന്മാരും, നിത്യവൃത്തിക്കു നിവൃത്തിയില്ലാത്തവരും, ക്ഷുധിതന്മാരും, സഞ്ചാരികളും, ഉദാരന്മാരായ രാജാക്കന്മാരെ പ്രാപിച്ച് സന്തുഷ്ടന്മാരായിപ്പോകുന്നുവെങ്കിൽ അതില്പരം ധർമ്മമെന്തിരിക്കുന്നു? ദാനംകൊണ്ടും ബലംകൊണ്ടും, സൂനൃതംകൊണ്ടും ധാർമ്മികനായ രാജാവ് സകലരേയും സ്വാധീനമാക്കണം. ബ്രാഹ്മണൻ ഭിക്ഷാടനം ചെയ്യണം; ക്ഷത്രിയൻ പ്രജകളെ പരിപാലിക്കേണ്ടതാകുന്നു. വൈശ്യൻ ധനാർജ്ജനം ചെയ്യണം; ശൂദ്രൻ ഇവരെ പരിചരിക്കണം.

ഭൈക്ഷം നിനക്കു് നിഷിദ്ധമാകുന്നു. കൃഷിയും ഉചിതമല്ല. നീ ക്ഷത്രിയനാണു്, ക്ഷതത്രാതാവാണു്, ബാഹുവീര്യോപജീവിയാണു്. മുങ്ങിപ്പോയ പൈതൃകാംശത്തെ സാമംകൊണ്ടോ, ഭേദംകൊണ്ടോ, ദാനംകൊണ്ടോ, ദണ്ഡംകൊണ്ടോ, നയംകൊണ്ടോ വീണ്ടെടുത്താലും. ഹേ അമിത്രനന്ദനാ, നിന്നെ പ്രസവിച്ചിട്ടു് ഹീനബാന്ധവയായി ഞാൻ പരപിണ്ഡം കാത്തു കഴിയേണ്ടിവരുന്നതിൽപരം ദുഃഖകരമായിട്ടെന്തുള്ളു ? രാജധർമ്മമനുസരിച്ചു് യുദ്ധം ചെയ്യുക; പിതാമഹന്മാരെ നരകത്തിൽ മുക്കരുതു്. പുണ്യമൊടുങ്ങി അനുജന്മാരോടൊത്തു് പാപഗതി പ്രാപിക്കാൻ നീ ഇടവരുത്തരുതു്.''

## ക്ഷത്രധർമ്മം: വിദുലോപാഖ്യാനം

കുന്തി തുടന്നു:— ''ഈ ഇതിഹാസവും എന്റെ പുത്രനോടു് വേണ്ടപോലെ പറഞ്ഞു കേൾപ്പിച്ചാലും. യശസ്വിനിയും, കുലീനയും, സ്വാഭിപ്രായസമ്പന്നയും ക്ഷത്രധർമ്മരതയും, ദീർഘദർശിനിയും, രാജസദസ്സുകളിൽ വിശ്രുതയും, ബഹുശ്രുതയും ആയ വിദുലയെന്ന രാജന്യ, സിന്ധുരാജനാൽ പരാജിതനായി ദീനമാനസനായി കിടക്കുന്ന തന്റെ ഔരസപുത്രനെ നിന്ദിച്ചുകൊണ്ടു പറഞ്ഞു:— 'എനിക്കു് ശോകത്തിനായി പിറന്നവനേ, ശത്രുക്കൾക്കു് ഹർഷം വളർത്തുന്നവനേ, നീ എന്റെയോ നിന്റെ പിതാവിന്റെയോ പുത്രനല്ല. എവിടെനിന്നു വന്നു നീ? ശത്രുദ്വേഷം നിനക്കില്ല; നീ ഒരു പുരുഷനോ നപുംസകമോ ? നീ നിരാശനാണു്; ശ്രേയസ്സിനായി ഉദ്യമിച്ചാലും. തന്നെത്താൻ അവമാനിക്കരുതു്. സ്വല്പംകൊണ്ടു പേടിക്കരുതു്. മംഗളത്തെ മനസ്സിൽ കണ്ടു് ഭയത്തെ അകററുക. നീ തിരിച്ചുപോ. ഹേ കുത്സിതപുരുഷ, പരാജിതനായിട്ടീവിധം വന്നു കിടക്കയോ! ഇതുമൂലം നീ ശത്രുക്കൾക്കു്

സന്തോഷം നൽകുന്നു; മിത്രങ്ങളെ ദുഃഖിപ്പിക്കുന്നു. ചെറു പുഴകരം വേഗം നിറയും; എലിയുടെ കൈയ്ക്കുഴി എളുപ്പം നിറയ്ക്കാം. കാപുരുഷൻ അല്പംകൊണ്ടു് തുഷ്ടി പ്രാപിക്കുന്നു. പാമ്പിൻെറ പല്ല് പറിക്കാൻ ശ്രമിച്ചിട്ട് നീ മരിച്ചാലും തരക്കേടില്ല. ജീവനു് സംശയമേപ്പെട്ടാലും പരാക്രമം ചെയ്യണം. വജ്രാഹതനെപ്പോലെ നീയെന്താണിങ്ങനെ കിടക്കുന്നതു്? മൂഢാ, എഴുനേല്ക്കു്, ശത്രുവിൻെറ തല്ലുമേററു വന്നു കിടന്നുറങ്ങുകയോ? നട്ടക്കും അടിയിലും താണും കിടക്കരുതു്, മങ്ങരുതു്, ദീനനാകരുതു്. വിക്രമംകൊണ്ടു് വിശ്രുതനാവുക.

* അലാതം തിന്ദുകസ്യേവ മുഹൂർത്തമപി വിജ്വല
മാ തുഷാഗ്നിരിവാനർച്ചിർധൂമായസ്വ ജിജീവിഷുഃ,
മുഹൂർത്തം ജ്വലിതം ശ്രേയോ ന ച ധൂമായിതം ചിരം.

പനച്ചിക്കൊള്ളിപോലെ തെല്ലിടയെങ്കിലും ആളിക്കത്തുക; അല്ലാതെ പ്രാണനിൽ കൊതിപൂണ്ടു്, നാളമില്ലാത്ത ഉമിത്തീയ്പോലെ നീണാരം പുകയരുതു്. അല്പനേരം ആളിക്കത്തുന്നതാണു് ചിരകാലം പുകഞ്ഞു കൊണ്ടിരിക്കുന്നതിനേക്കാരം ശ്രേയസ്കരം. രാജാക്കന്മാർ എപ്പോഴും കക്ശന്മാരായിരിക്കണം. മൃദുക്കളാകരുതു്. യഥാശക്തി കർമ്മംചെയ്താൽ, ഉത്തമമായ യുദ്ധം ചെയ്താൽ, ധർമ്മത്തോടുള്ള കടം വീട്ടുന്നു, ആത്മനിന്ദയകലുന്നു; ഫലം കിട്ടിയാലും പോയാലും പണ്ഡിതൻ പരിതപിക്കുന്നില്ല; പ്രാണൻ കളഞ്ഞും പിന്നെയും യതിക്കും. ഒന്നുകിൽ വീര്യം കൊണ്ടു് കീർത്തി പരത്തുക; അല്ലെങ്കിൽ പോരിൽ മൃതിയടഞ്ഞു് വീരസ്വർഗ്ഗം പ്രാപിക്കുക. ധർമ്മത്തെ കൈയ്‌വെടിഞ്ഞു് നീയെന്തിനു ജീവിക്കുന്നു? ഹേ ക്ലീബ, നിൻെറ ഇഷ്ടാപൂർത്തങ്ങളും കീർത്തിയും സർവ്വവും പൊയ്പോയി; ഭോഗോപായമെല്ലാം നശിച്ചു. നീയെന്തിനിങ്ങനെ ജീവിക്കുന്നു? മൂലം അററാലും വിഷാദത്തിനു് വശംവദനാ

* ഉദ്യോഗപർവ്വം 133 ശ്ലോകം 14, 15

കരുതു്. സ്വശക്തിയും മാനവും പൗരുഷവും സ്മരിക്കുക. നീമൂലം താണുപോയ കുലം നീതന്നെ ഉയൎത്തുക. ഏതൊരുവന്റെ ജീവിതം മാനവർ മഹത്തായ അത്ഭുതമെന്നു കീൎത്തിക്കുന്നില്ലയോ അവൻ വെറും പൊണ്ണത്തടിയൻ; അവൻ ആണുമല്ല, പെണ്ണുമല്ല. ദാനത്തിലും, തപസ്സിലും, സത്യത്തിലും, വിദ്യയിലും, അൎത്ഥലാഭത്തിലും കീൎത്തി നേടാത്തവൻ മാതാവിന്റെ മലം മാത്രമാകുന്നു. വേദാധ്യയനംകൊണ്ടും തപസ്സുകൊണ്ടും ഐശ്വര്യംകൊണ്ടും വിക്രമംകൊണ്ടും കൎമ്മംകൊണ്ടും അന്യരെ അതിശയിക്കുന്നവനാണു പുരുഷൻ. കൊററിനുവേണ്ടി കപടഭിക്ഷുവാകേണ്ടവനല്ല നീ. പുത്രനെന്നു പറയപ്പെടുന്ന നിന്നെ, ഹേ സഞ്ജയ, ഞാൻ പ്രസവിച്ചുവല്ലൊ! അമൎഷമില്ലാത്തവനും നിരുത്സാഹനും നിൎവ്വീര്യനും ശത്രുനന്ദകനുമായ നിന്നെ! സീമന്തിനികളാരും ഇത്തരം പുത്രനെ ജനിപ്പിക്കാതിരിക്കട്ടെ. പുകയരുതു്, ആളിക്കത്തു്; പാഞ്ഞടുത്തു ശത്രുക്കളെ നശിപ്പിക്കു്. ക്ഷമയും പൂണ്ടു് അമൎഷവുമില്ലാതെ വാഴുന്നവൻ, ''നൈവ സ്ത്രീ ന പുനഃ പുമാൻ,'' പെണ്ണേയല്ല, പിന്നെവേണ്ടേ ആണാകാൻ? സന്തോഷവും അനുക്രോശവും ഐശ്വര്യത്തെ ഹനിക്കുന്നു. മടിയും പിടിച്ചു് പേടിയുമാണ്ടു് ആശയുമററവൻ വലുതായൊന്നും നേടുകയില്ല. നെഞ്ചകം കാരിരുമ്പാക്കി സ്വാവകാശം സ്ഥാപിക്കുക. അങ്ങനെ ശത്രുവിനെ വിഷമിപ്പിക്കാം. അപ്പോൾ നീയൊരു പുരുഷനാകും. സ്വന്തം പ്രിയസുഖങ്ങൾ വെടിഞ്ഞു് ഐശ്വര്യം തേടുന്നവൻ അചിരേണ അമാത്യന്മാൎക്കു് സന്തോഷമരുളുന്നു.'

ഇതുകേട്ടു് മകൻ ചോദിച്ചു:—'എന്നെ കാണാതെ അമ്മയ്ക്കു് ഈ സൎവ്വപൃഥ്വിയും കിട്ടിയിട്ടെന്തു കാര്യം? ആഭരണങ്ങളെന്തിനു്? ഭോഗങ്ങളെന്തിനു്? ജീവിതം തന്നെ എന്തിനുവേണ്ടി?'

അമ്മ പറഞ്ഞു:—'ഭൃത്യന്മാരില്ലാത്തവരുടേയും, പരപിണ്ഡോപജീവികളുടേയും, ദീനന്മാരുടേയും, ദുർബ്ബലന്മാരുടേയും മാർഗ്ഗത്തെ നീ അനുവർത്തിക്കരുതു്. ജീവജാലങ്ങൾ വൃഷ്ടിയേയെന്നപോലെയും, ദേവന്മാർ ശതക്രതുവിനേയെന്നപോലെയും, സുഹൃത്തുക്കളും ബ്രാഹ്മണരും നിന്നെ ആശ്രയിച്ചു ജീവിക്കട്ടെ. സ്വബാഹുബലമാശ്രയിച്ചു് ജീവിതം നയിക്കുന്ന മനുഷ്യൻ ഇഹലോകത്തിൽ കീർത്തി നേടുന്നു, പരലോകത്തിൽ സദ്ഗതി അടയുന്നു.'

വിദുല തുടർന്നു:— 'യഥാശക്തി വിക്രമം പ്രദർശിപ്പിക്കാതെ ജീവനിൽ കൊതിപൂണ്ടു വാഴുന്ന ക്ഷത്രിയനെ കള്ളനെന്നാണു് പറയുന്നതു്. സഹായികളേയും സമ്പാദിച്ചു സന്നാഹങ്ങളും ശേഖരിച്ചു് വൈരികളെ പീഡിപ്പിക്കുക. അവർ നിന്റെ പൗരുഷം കാണട്ടെ. സുഹൃത്തുക്കളോടു് ഒത്തുചേർന്നു് ഗിരിദുർഗ്ഗങ്ങളിൽ താവളമുറപ്പിക്കുക. തക്കംനോക്കി തല്ലുക. സിന്ധുരാജൻ അജരാമരനൊന്നുമല്ല. പേരിൽമാത്രം നീ സഞ്ജയൻ, കാര്യത്തിൽ ഞാൻ കാണുന്നില്ല; മകനേ, നീ അന്വർത്ഥനാമാവായി ഭവിച്ചാലും. മഹാപ്രാജ്ഞനായ ഒരു ബ്രാഹ്മണൻ എന്നോടു് പറഞ്ഞിട്ടുണ്ടു്, നീ വലുതായ ആപത്തിൽ പെട്ടിട്ടു് വീണ്ടും ഉത്കർഷം പ്രാപിക്കും, എന്നു്. അദ്ദേഹത്തിന്റെ വചനം ഓർത്തിട്ടു് ഞാൻ നിനക്കു് വിജയം ആശംസിക്കുന്നു; അതുകൊണ്ടാണു് ഞാൻ നിന്നെ വീണ്ടും വീണ്ടും ഉപദേശിക്കുന്നതു്. ഇന്നേയ്ക്കും നാളേയ്ക്കും കൊററിനു വകയില്ലാതിരിക്കുന്നതാണു് ഏററവും നിന്ദ്യമായ നിലയെന്നു് പൂർവ്വന്മാർ പറയുന്നു. പതിപുത്രവധത്തേക്കാളെല്ലാം പരമദുഃഖം ഇതാണു്; * 'ദാരിദ്ര്യമിതി യത് പ്രോക്തം, പര്യായമരണം ഹി തത്.' ദാരിദ്ര്യം നിരന്തരമരണമാണു്. ഞാൻ മഹാകുലപ്രസൂതയാണു്, ഐശ്വര്യമാണ്ടവൾ, സർവ്വമംഗളങ്ങളുമനുഭവിച്ചവൾ, ഭർത്താവി

* ഉദ്യോഗപർവ്വം, അദ്ധ്യായം 134, ശ്ലോകം 18.

നാൽ പരമപൂജിത. മഹാഹ്ാഭരണങ്ങളണിഞ്ഞു്, കൗശേയവാസിനിയായി, സുഹൃത്പരിസേവിതയായി വസിച്ചിരുന്ന ഞാനും, നിൻെറ പ്രിയപത്നിയും ദാരിദ്ര്യംകൊണ്ടു് വലയുന്നതു കാണാൻ നിനക്കു് ഇടവരുന്നപക്ഷം, ഹേ സഞ്ജയാ, നിൻെറ ജീവിതംകൊണ്ടെന്തു പ്രയോജനം? ദാസന്മാരും, വേലക്കാരും, ഭൃത്യന്മാരും, ഋത്വിക്കകളും, പുരോഹിതന്മാരും, ഞങ്ങളും അഷ്ടിക്കവേണ്ടി അരിഷ്ടിക്കുന്നതു കണ്ടിട്ടു നീ ജീവിച്ചിട്ടെന്തുകാര്യം? നിന്നെ പണ്ടേപ്പോലെ യശസ്വിയായി കണ്ടില്ലെങ്കിൽ എൻെറ ഹൃദയത്തിനു ശാന്തിയുണ്ടാകയില്ല. അൎത്ഥിയായ ബ്രാഹ്മണനോടു് ഇല്ലെന്നു പറയേണ്ടിവന്നാൽ എൻെറ നെഞ്ചു തകരും. ഞാനോ, എൻെറ ഭൎത്താവോ ഒരിക്കലും ഒരു ബ്രാഹ്മണനോടു്, 'ഇല്ല' എന്നു പറഞ്ഞിട്ടില്ല. നാം ആശ്രയണീയരാണു്; പരന്മാരെ ആശ്രയിക്കേണ്ടവരല്ല. അങ്ങനെയുള്ള ഞാൻ അന്യനെ ആശ്രയിച്ചു ജീവിക്കണമെന്നു വന്നാൽ ഞാനെൻെറ ജീവിതം പരിത്യജിക്കും. നീ ജീവനിൽ കൊതിവെടിഞ്ഞു് പോരിനു പുറപ്പെട്ടാൽ ശത്രുക്കളെ ജയിക്കാം. നിൻെറ ഇത്തൊഴിൽ ഷണ്ഡന്മാൎക്കു മാത്രം ചേൎന്നതാണു്. ഒരൊററ ശത്രുവിനെ വെന്നു് ശൂരൻ വിശ്രുതനായിത്തീരുന്നു. ഇന്ദ്രൻ വൃത്രനെ കൊന്നു് മഹേന്ദ്രത്വം പ്രാപിച്ചു. സ്വൎഗ്ഗമോ, സ്വൎഗ്ഗദ്വാരോപമമായ രാജ്യമോ നേടുന്നതിനുള്ള മാൎഗ്ഗമാണു് യുദ്ധം. ഹേ രാജപുത്രാ, രണത്തിൽ ശത്രുക്കളെ കൊല്ലുക, സ്വധൎമ്മം പാലിക്കുക. സൗവീരകന്യകകളോടൊത്തു സുഖിച്ചു വസിച്ച നീ സൈന്ധവകന്യകകളുടെ അപഹാസപാത്രമായിത്തീരരുതു്. അന്യൻെറ സ്തുതിയും പാടി, പ്രിയവും ചൊല്ലി, അവൻെറ പിന്നാലെ നീ നടക്കുന്നതു കാണാൻ എനിക്കു് ഇടവന്നാൽ എൻെറ ഹൃദയത്തിനു് ശാന്തിയില്ല. ഇക്കുലത്തിൽ പിറന്നവരാരും പരൻെറ പിമ്പേ പോകരുതു്. വല്ലവരുടേയും പിന്നാലെ നടന്നു ജീവിക്കേണ്ടവനല്ല നീ.

ശാശ്വതമായ ക്ഷത്രഹൃദയം അറിയുന്നവളാണ് ഞാൻ. ക്ഷത്രധർമ്മമറിയുന്ന ക്ഷത്രിയൻ ഭയംകൊണ്ടോ, കൊററിനു വേണ്ടിയോ പരൻെറ മുമ്പിൽ തല കുനിക്കയില്ല. അവൻ ഉത്സാഹിക്കും, വളയുകയില്ല; ഉദ്യമമാണ് പൗരുഷം. സന്ധികളില്ലാത്തിടത്തും അവൻ പൊട്ടിയെന്നുവരാം: എന്നാലും ഒരുകാലവും ആരുടേയും മുമ്പിൽ കുനിയുകയില്ല; മത്തമാതംഗത്തേപ്പോലെ അവൻ ഗമിക്കും. ഹേ സഞ്ജയ, അവൻ ധർമ്മത്തെയും ബ്രാഹ്മണനെയും മാത്രം നമിക്കും.'

പുത്രൻ പറഞ്ഞു:— 'നിഷ്ഠുരണയും അമർഷണയും ആയ അമ്മേ, ഭവതിയുടെ ഹൃദയം കാരിരുമ്പുകൊണ്ടുണ്ടാക്കിയതാണല്ലോ! അവിടത്തെ വാത്സല്യഭാജനവും ഏക സന്താനവുമായ എന്നെ പരമാതാവിനെപ്പോലെ ഭവതി യുദ്ധത്തിന്നു് പ്രേരിപ്പിക്കുന്നുവല്ലോ? ഞാൻ യുദ്ധത്തിൽ മരണമടഞ്ഞാൽ അമ്മയ്ക്കു പിന്നെ ജീവിതംകൊണ്ടെന്തു കാര്യം?'

അമ്മ പറഞ്ഞു:— 'കുഞ്ഞേ, അറിവുള്ളവർക്ക് സർവ്വാവസ്ഥയും, ധർമ്മാർത്ഥങ്ങൾക്കുവേണ്ടിയാണ്; അവയ്ക്കുവേണ്ടിയാണ് നിന്നെ ഞാൻ പ്രചോദിപ്പിക്കുന്നതും. വിക്രമം കാണിക്കേണ്ട കാലമാണിപ്പോൾ. ഞാനിതു നിന്നോട്ട് പറഞ്ഞില്ലെങ്കിൽ നിനക്ക് ദുഷ്കീർത്തി വന്നുചേരും. അസമർത്ഥവും അഹേതുകവുമായ അതിനെ ഗർദ്ദഭവാത്സല്യമെന്നു പറയുന്നു. സജ്ജനങ്ങൾ ഗർഹിക്കുന്നതും മൂർഖന്മാർ സേവിക്കുന്നതുമായ മാർഗ്ഗത്തെ ഉപേക്ഷിക്കുക. ധർമ്മാർത്ഥങ്ങളോടും ദൈവാധീനത്തോടും സ്വപ്രയത്നത്തോടും സജ്ജനാചാരത്തോടും ചേർന്നവൻ പുത്രപൗത്രാദികളോടൊത്തു ദീർഘകാലം വാഴും. ക്ഷത്രിയൻ ശത്രുവിനേ വെന്നു് സുഖം നേടുന്നു.'

'അമ്മേ, ഭവതി ഇങ്ങനെ പറയരുതു്; പ്രത്യേകിച്ചും, പുത്രനോട്ട്; എന്നിൽ കരുണ കാണിച്ചാലും.' എന്നു്

വീണ്ടും മകൻ. 'വീണ്ടും നീ ഇങ്ങനെ പറയുന്നുവല്ലൊ! ഞാൻ നിന്നെ വീണ്ടും പ്രേരിപ്പിക്കുന്നു. സൎവ്വസൈന്ധവന്മാരെയും കൊന്നുവരുമ്പോൾ നിന്നെ ഞാൻ മാനിക്കാം. കഷ്ടപ്പെട്ടാൽ നിനക്കു് ജയം വരുമെന്നു ഞാൻ കാണുന്നു.' എന്നമ്മ. 'ഭണ്ഡാരവും തുണയുമററ എനിക്കെങ്ങനെ ജയം ലഭിക്കും? അതുകൊണ്ടെനിക്കു് രാജ്യത്തിൽ ആഗ്രഹം നശിച്ചു. അതിനെന്തെങ്കിലും ഉപായം അവിടുന്നു് കണ്ടിട്ടുണ്ടെങ്കിൽ സദയം അരുളിച്ചെയ്യാലും.' എന്നായി സഞ്ജയൻ. അമ്മ ഉപദേശിച്ചു:— 'ഉണ്ണീ, അൎത്ഥമില്ലെന്നു കരുതി സ്വയം നിന്ദിക്കരുതു്. ഇല്ലാത്തതുണ്ടാവും, ഉള്ളതിൽ ചിലതു് പൊയ്പ്പോകും. സൎവ്വകൎമ്മങ്ങളുടേയും ഫലം അനിശ്ചിതമാണു്. എന്നാൽ ഒന്നും ചെയ്യാതിരുന്നാൽ ഒന്നും ഉണ്ടാകുകയില്ല. ഒന്നും മിണ്ടാതിരുന്നാലുള്ള ഏകഗുണം ഒന്നും കിട്ടാതിരിക്കുകയെന്നതുമാത്രമാണു്. ഉദ്യമിച്ചാൽ കിട്ടിയെന്നും ഇല്ലെന്നും വരാം. മകനേ, ഈശ്വരനേയും ബ്രാഹ്മണനേയും ശ്രേയസ്സിനേയും മുൻനിൎത്തി പ്രവൎത്തിക്കുന്ന നൃപതിക്കു് സമൃദ്ധിയുണ്ടാകും. ദിനകരൻ ഉദയദിങ്മുഖത്തെയെന്നപോലെ ലക്ഷ്മി നിന്നെ കടാക്ഷിക്കും. നീ പ്രാണൻ പണയംവെച്ചു് പൊരുതാൻ തയ്യാറാണെന്നു് അറിയുമ്പോൾ ശത്രുക്കൾ പേടിച്ചു വിറയ്ക്കും. എന്തു് ആപത്തു വന്നാലും രാജാവു് ഒരിക്കലും ഭയപ്പെടരുതു്. ഭയമുണ്ടായാലും അതു കാണിക്കരുതു്. ഭീരുവാണു് രാജാവെന്നറിഞ്ഞാൽ സൎവ്വരും ഭീതരാകും. ഓരോരുത്തർ പിരിഞ്ഞുപോകും; ചിലർ ചെന്നു് ശത്രുവിനെ സേവിക്കും; മുമ്പു് വിമാനിതരായവർ തിരിഞ്ഞുകുത്താൻ നോക്കും. അത്യന്തസുഹൃത്തുക്കൾ മാത്രം അവനെ പിരിയാതെ നില്ക്കും. നിൻെറ പ്രഭാവത്തേയും പൗരുഷത്തേയും ബുദ്ധിയേയും തേജസ്സിനേയും ഉണൎത്തുന്നതിന്നുവേണ്ടി ഞാൻ ഈവിധം പറഞ്ഞതാണു്. നമുക്കു ധനമുണ്ടു്, സഹായികളുണ്ടു്, വീരന്മാരായ രണശൂരന്മാർ തുണയ്ക്കുണ്ടു്. ഹേ സഞ്ജയ,

നീ എഴനേററ് ജയം വരിച്ചാലും.' ഈ ധൈര്യദായകമായ വാക്കുകൾ കേട്ട് സഞ്ജയൻെറ ബുദ്ധി തെളിഞ്ഞു. അവൻ അമ്മയോടു പറഞ്ഞു:— 'ഞാൻ നീരിലോ കുഴിയിലോ പെട്ട് മരിച്ചെന്നു വരാം. എന്നാലും ഭവതിയുടെ ഉപദേശം അനുസരിച്ചാൽ എനിക്കു് ഭാവിയിൽ ശ്രേയസ്സുണ്ടാകും. വീണ്ടും വീണ്ടും അവിടുത്തെ അമൃതസമാനമായ ഉപദേശങ്ങൾ കേൾക്കുന്നതിന്നു്, ഞാൻ ഒന്നുരണ്ടു വാക്കു് ഇടയ്ക്കു പറഞ്ഞുംകൊണ്ടു് മിണ്ടാതിരിക്കുകയായിരുന്നു. അവിടുത്തെ ഉപദേശം കേട്ട് എനിക്കു് തൃപ്തിയായില്ല. ശത്രുനാശത്തിന്നും ജയലാഭത്തിന്നുമായി ഞാനിതാ പുറപ്പെടുന്നു.'

കുന്തി കൃഷ്ണനോടു് സന്ദേശം തുടൎന്നു:— ''ഈ വാക്ശരംകൊണ്ടു് ചോദിതനായ സഞ്ജയൻ അമ്മ പറഞ്ഞതനുസരിച്ചെല്ലാം ചെയ്തു. വിജയം വരിച്ചു. ശത്രുപീഡിതനായി വിഷാദിക്കുന്ന രാജാവിനെ മന്ത്രി ഈ തേജോവൎദ്ധനമായ പ്രോത്സാഹനകഥ കേൾപ്പിക്കണം. ദുഷ്ടന്മാരെ ദമനംചെയ്കയും ധാർമ്മികന്മാരെ ഗോപനംചെയ്കയും ചെയ്യുന്ന വീരനും സത്യപരാക്രമനുമായ സുതനെ ഇക്കഥ കേൾക്കുന്ന ക്ഷത്രിയാംഗന പ്രസവിക്കുന്നു. ധനഞ്ജയനോടും നിത്യോദ്യുക്തനായ വൃകോദരനോടും ഇതു പറയുക, ക്ഷത്രിയസ്ത്രീ പ്രസവിക്കുന്നതെന്തിനോ അതു സാധിക്കുന്നതിനുള്ള കാലം സമാഗതമായി, എന്നു്. പാഞ്ചാലിയോടും പാണ്ഡവന്മാരോടും ഞാൻ കുശലം ചോദിച്ചതായി അറിയിക്കുക. എൻെറ ക്ഷേമവും അറിയിക്കുക. കൃഷ്ണാ, അങ്ങയുടെ യാത്ര സുഖമായിരിക്കട്ടെ. എൻെറ പുത്രന്മാരെ കാത്തുരക്ഷിച്ചാലും.'' ശ്രീകൃഷ്ണൻ കുന്തിയെ അഭിവാദനം ചെയ്തു വലംവെച്ചു യാത്രപുറപ്പെട്ടു.

## ക്ഷാത്രരോഷം

നീണ്ട പതിമ്മൂന്നു സംവത്സരങ്ങളായി അടക്കി അമൎത്തിവെച്ചിരുന്ന വികാരവേഗങ്ങൾ കരകവിഞ്ഞൊഴുകി.

വിദുലയാണ് കുന്തിയുടെ ആദർശരാജന്യവനിത. വിദുല യിൽക്കൂടി സംസാരിക്കുന്നതു് കുന്തിയാണ്. ക്രമാതീത മായ ധർമ്മശങ്കകൊണ്ടു്, തങ്ങൾക്കു് അവകാശപ്പെട്ട രാജ്യ ഭാഗത്തിൽനിന്നും വിഭ്രംശിതരായ സ്വതനയന്മാരെ, അവ രുടെ കൃത്യനിർവ്വഹണത്തിന്നു് സർവ്വാത്മനാ യത്നിക്കുന്നതി നായി പ്രേരിപ്പിക്കുന്ന ഒരു സന്ദേശമാണു് കുന്തി കൃഷ്ണൻ വഴി അയയ്ക്കുന്നതു്. ക്ഷാത്രവീര്യം മൂർത്തിപൂണ്ട ഒരു വ്യക്തി യാണു് കുന്തി. പാണ്ഡവന്മാരെ അവരുടെ കുലമഹിമ ഓർമ്മിപ്പിച്ചു, ദിവ്യോദ്ഭവം അനുസ്മരിപ്പിച്ചു; അവരുടെ കരബലം വിവരിച്ചു. പഞ്ചാസ്യവിക്രമന്മാരായ പാണ്ഡ വന്മാരുടെ മാതാവായ തനിക്കു് പരാന്നം ഭുജിച്ചുകഴിക്കേ ണ്ടിവന്ന നാണക്കേട്ടു് കുന്തി എങ്ങനെ സഹിക്കും? അവ രുടെ പ്രാണപ്രിയയെ സഭാമദ്ധ്യത്തിൽ അധമന്മാർ അധി ക്ഷേപിച്ചതു് എങ്ങനെ സഹിക്കും? അമ്മയെ പോററാൻ കെല്പില്ലാത്തവർ, സ്വഭാര്യയുടെ മാനം കാക്കാൻ കഴിവി ല്ലാത്തവർ, അവർ മനുഷ്യരോ? രാജകുലത്തിൽ പിറന്ന അവർ കാട്ടിലലയുകയോ? ഭിക്ഷയെടുത്തുപജീവിക്കുക യോ? ക്ഷത്രധർമ്മം പാണ്ഡവന്മാരിൽ നശിച്ചുവെന്നോ? നാണവും മാനവും കെട്ടു്, കൊററിനുംവകയില്ലാതെ, തെ ണ്ടിത്തിരിഞ്ഞു് സ്വന്തം സത്കീർത്തിയും കുലത്തിൻെറ മഹിമയും കുന്തിയുടെ മക്കൾ കളഞ്ഞുകുളിക്കുകയെന്നോ? പെററമ്മയുടെ വയറു് നീറുന്നു. ക്ഷത്രിയസ്ത്രീയുടെ രോഷം ജ്വലിക്കുന്നു. സ്നുഷാവമാനത്തിൽ ആ തറവാട്ടമ്മയുടെ സർവ്വാംഗം പൊള്ളുന്നു. സ്വകുലധർമ്മവും, മനുഷ്യധർമ്മവും, പുത്രധർമ്മവും, ഭർത്തൃധർമ്മവും, ക്ഷത്രിയധർമ്മവും, അനുസ്മരി പ്പിച്ചും, സ്വകുലത്തിലെ സ്ത്രീജനങ്ങളുടെ മാനത്തെ കാത്തു രക്ഷിക്കാൻ ഉദ്ബോധിപ്പിച്ചും, സത്കീർത്തി നശിക്കാ നിടവരുത്തരുതെന്നു് ഉപദേശിച്ചും, സ്വപുത്രന്മാരെ കർത്ത വ്യോന്മുഖരാക്കുന്ന വീരജനനിയേയും ധീരരാജന്യയേയു മാണു് നാമിവിടെ കാണുന്നതു്. കുന്തി ഇവയെല്ലാം

എവിടെനിന്നും പഠിച്ചിരിക്കാം? മുമ്പൊരവസരത്തിൽ കുന്തിതന്നെ പറയുകയുണ്ടായി, വ്യാസൻ പറഞ്ഞു് ഞാനിവയെല്ലാം മനസ്സിലാക്കി, എന്നു്. സ്ത്രീശൂദ്രാദികൾക്കു് പൊതുവെ, ധർമ്മഗ്രഹണത്തിന്നു് ഉപായം ഉണ്ടാക്കിക്കൊടുക്കണം എന്നു തോന്നിയിട്ടാണല്ലൊ വ്യാസൻ ഈ പഞ്ചമവേദം നിർമ്മിച്ചതു്. അങ്ങനെയൊരാവശ്യം തോന്നാനിടയായതു് കുന്തിക്കു് ധർമ്മോപദേശം ചെയ്തപ്പോളായെന്നുവരാം. ശ്രീകൃഷ്ണൻ കൗരവന്മാരുടെ അടുക്കൽ സന്ധിസംഭാഷണത്തിനു് പോയതു്, താൻ ചെയ്യേണ്ടതു ചെയ്തില്ല എന്നാരും പറയാനിടവരരുതു് എന്നു വെച്ചിട്ടാണു് എന്ന കൃഷ്ണൻെറ ഉത്തരം മതിയായ ഒന്നാണെന്നു തോന്നുന്നില്ല. കുന്തിയെ ശരിയാംവണ്ണം അറിയാവുന്ന കൃഷ്ണൻ, ഇപ്രകാരം ഒരു സന്ദേശം പാണ്ഡവന്മാർക്കു് അവരുടെ അമ്മയിൽനിന്നും വാങ്ങിക്കൊണ്ടുക്കൊടുക്കുന്നതിനു് വേണ്ടിയല്ലേ ഹസ്തിനാപുരത്തിനു് പോകാൻ ഒരുമ്പെട്ടതു്, എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ വാക്ശരം ഏററുകഴിഞ്ഞാൽ ധർമ്മപുത്രർക്കും അനുജന്മാർക്കും പിന്നെ ഇരിക്കപ്പൊറുതിയുണ്ടോ? ഇതൊക്കെ കഴിഞ്ഞിട്ടും, രണഭൂമിയിൽ വീണ്ടും പാർത്ഥൻ പരാങ്മുഖനാവുകയും, ഗീതോപദേശവും വിശ്വരൂപപ്രദർശനവുംകൊണ്ടു് കൃഷ്ണനു് പാർത്ഥനെ ഉത്തേജിപ്പിക്കേണ്ടതായിവരികയും ചെയ്തു, എന്നുള്ളതോർക്കുമ്പോൾ, ധർമ്മജാദികളെ സ്വകൃത്യനിർവ്വഹണത്തിൽ ഉത്സാഹിപ്പിക്കുന്നതിനു് ഇത്തരമൊരു വാക്പ്രഹരം അനിവാര്യമായിരുന്നു എന്നു കാണാം. ഈ വിദുലോപാഖ്യാനം ധർമ്മപുത്രൻെറ നെഞ്ചിൽ തറച്ചു എന്നു് ഗാന്ധാരീധൃതരാഷ്ട്രന്മാരോടൊത്തു് ഒടുവിൽ കുന്തി കാട്ടിലേയ്ക്കു പുറപ്പെടുമ്പോൾ യുധിഷ്ഠിരൻെറ അമ്മയോടുള്ള ചോദ്യത്തിൽനിന്നും വ്യക്തമാകുന്നുണ്ടു്. *

---

* അനുബന്ധം നോക്കുക.

## കണ്ണനും കർണ്ണനും

ശ്രീകൃഷ്ണൻ മടങ്ങിപ്പോകുന്ന അവസരത്തിൽ കർണ്ണനെയും രഥത്തിൽ കയററി കുറച്ചുദൂരം കൊണ്ടുപോയി. കർണ്ണന്റെ കൗന്തേയത്വം വെളിപ്പെടുത്തി സോദരവശത്തേയ്ക്ക് തിരിക്കാൻ കൃഷ്ണൻ ശ്രമിച്ചു. അനുനയവും പ്രലോഭനവും പലതും പ്രയോഗിച്ചു. പാണ്ഡവജയം നിശ്ചയമെന്നു് ഉറപ്പിച്ചു പറഞ്ഞു. കർണ്ണൻ ഒന്നുകൊണ്ടും സ്വമിത്രങ്ങളെ ഉപേക്ഷിക്കാൻ കൂട്ടാക്കിയില്ല. സുയോധനപക്ഷം അധർമ്മബദ്ധമായതുകൊണ്ടു് നശിക്കുമെന്നു് കർണ്ണനും നിശ്ചയമുണ്ടു്. അധർമ്മം നശിച്ചു് ധർമ്മം പുലരട്ടേ എന്നായിരുന്നു ആ കർമ്മധീരന്റെ നില. ''വീരക്ഷത്രവിനാശകമായ ഈ മഹാരണത്തിൽനിന്നും ജീവനോടേ പുറത്തുവന്നാൽ ഹേ കൃഷ്ണ, അപ്പോൾ തമ്മിൽ കാണാം. അഥവാ, ഞങ്ങൾ സ്വർഗ്ഗത്തുണ്ടായിരിക്കും; അവിടെ ഞങ്ങൾ അങ്ങയോടൊന്നിച്ചു ചേർന്നുകൊള്ളാം.'' എന്നും പറഞ്ഞു് കർണ്ണൻ കണ്ണനെ കെട്ടിപ്പിടിച്ചു് യാത്രയും ചൊല്ലി മടങ്ങിപ്പോയി.

## ഒരു വിഷമസന്ധിയിൽ

ദൗത്യത്തിൽ പരാജയമടഞ്ഞു് ശ്രീകൃഷ്ണൻ പോയതും, ദുര്യോധനന്റെ മർക്കടമുഷ്ടിയും, ധൃതരാഷ്ട്രന്റെ ദൗർബ്ബല്യവും എല്ലാമോർത്തു് ചിന്താപരവശനായ വിദുരൻ സ്ഥിതിഗതികൾ കുന്തിയെ അറിയിച്ചു. വിദുരനു് അതുകൊണ്ടു് പാണ്ഡവന്മാർക്കുവേണ്ടി സാധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ടായിരുന്നു. വിദുരവാക്യം കേട്ടു് വ്യഥിതയായ പൃഥ നെടുവീർപ്പിട്ടുകൊണ്ടു് ചിന്തിച്ചു:— ''ജ്ഞാതിവധത്തിനു ഹേതുവായ അർത്ഥം അനർത്ഥംതന്നെ. പാണ്ഡവന്മാരും, പാഞ്ചാലരും, യാദവന്മാരും, കൗരവന്മാരോടു് പൊരുതാൻ

പുറപ്പെടുന്നു. ഇതില്പരം ദുഃഖമെന്തുണ്ടു്? യുദ്ധത്തിൽ ദോഷമുണ്ടെന്നു് ഞാൻ ശരിക്കും കാണുന്നു; യുദ്ധം ചെയ്യാതിരുന്നാൽ പരാഭവവും ഫലം. നിർദ്ധനൻ മരിക്കുന്നതാണു് ഭേദം; ജ്ഞാതിക്ഷയം ജയവുമല്ല. ഇതൊക്കെ ഓർത്തിട്ടു് എൻെറ മനസ്സിനു് സമാധാനമില്ല. ആചാര്യൻ പ്രിയശിഷ്യന്മാരോടു നിഷ്ഠുരണം പൊരുതുകയില്ല. പിതാമഹനും പാണ്ഡവന്മാരോട്ടു് വാത്സല്യമുണ്ടു്. ഇവനൊരുത്തനാണു് ദുർമ്മതിയായ ദുര്യോധനൻെറ ഇച്ഛാനുവർത്തിയായി നിന്നുകൊണ്ടു് നിത്യവും പാണ്ഡവന്മാരെ ദ്വേഷിക്കുന്നതു് — കൎണ്ണൻ. അവൻ നിർബ്ബന്ധബുദ്ധിയാണു്, ബലവാനാണു്. അതെൻെറ ഹൃദയം ദഹിപ്പിക്കുന്നു. പാണ്ഡവന്മാൎക്കുവേണ്ടി കൎണ്ണനെ പ്രസാദിപ്പിക്കുവാൻ ഞാനൊന്നു നോക്കട്ടെ. ദുൎവ്വാസാവു മഹർഷിയുടെ അനുഗ്രഹപ്രകാരം, ബാലിശത്വംകൊണ്ടു് എനിക്കു് സൂര്യദേവനിൽനിന്നു ലഭിച്ച പുത്രനാണല്ലോ ഇവൻ. പത്തുമാസം ഞാൻ ഇവനെ വയററിലിട്ടു രക്ഷിച്ചതുമാണല്ലോ. സഹോദരന്മാൎക്കുവേണ്ടി എൻെറ പഥ്യമായ അപേക്ഷ അവൻ സ്വീകരിക്കാതിരിക്കുമോ?'' ഇപ്രകാരം ആലോചിച്ചുകൊണ്ടു് കുന്തി ഭാഗീരഥീതീരത്തേയ്ക്കു പുറപ്പെട്ടു.

ഗംഗാതീരത്തിൽ സൂര്യാഭിമുഖം ഊർദ്ധ്വബാഹുവായി നിന്നു വേദാധ്യയനം ചെയ്യുന്ന കൎണ്ണൻെറ പിന്നിൽ ചെന്നു കുന്തി നിലയുറപ്പിച്ചു. മകൻെറ ജപം അവസാനിക്കുന്നതും കാത്തു നില്ക്കുകയാണു്. വെയിൽകൊണ്ടു വലഞ്ഞ കുന്തി കൎണ്ണൻെറ ഉത്തരീയത്തിനടിയിൽ ചെന്നുനിന്നു.

### അമ്മയും മകനും

ജപം നിൎത്തി തിരിഞ്ഞുനോക്കിയപ്പോൾ കുന്തിയെ കണ്ടു കൎണ്ണൻ യഥാവിധി അഭിവാദ്യം ചെയ്തു കൃതാഞ്ജലി [illegible] ധൎമ്മിഷ്ഠനും, മഹാതേജസ്വിയുമായ

UNIVERSITY LIBRARY MAR 2003 CHENNAI-600005
MUL
288086
032·1:5
KY

വൈകത്തനൻ, ''രാധേയനായ കൎണ്ണൻ അവിടുത്തെ അഭിവാദനം ചെയ്യുന്നു. ഭവതി ആഗതയായതു് എന്തിനോ? ഞാനെന്താണു് അവിടേയ്ക്കു് ചെയ്യേണ്ടതു്?'' എന്നു ചോദിച്ചു.

''ഉണ്ണീ, കൗന്തേയനാണു് നീ, രാധേയനല്ല; തപനപുത്രനാണു നീ, അധിരഥപുത്രനല്ല; ക്ഷത്രിയനാണു് നീ, സൂതജനല്ല. പിതൃഗൃഹത്തിൽ ഞാൻ കന്യകയായിരിക്കുമ്പോൾ ദേവൻ ദിനകരൻ നിന്നെ എന്നിൽ ജനിപ്പിച്ചു. കവചകുണ്ഡലധാരിയായി ശ്രീയുതനായ നീ എൻെറ മൂത്ത പുത്രനാകുന്നു. മകനെ, നീ നിൻെറ അനുജന്മാരെ തിരിച്ചറിയാതെ ധാൎത്തരാഷ്ട്രന്മാരെ സേവിക്കുന്നതു നിനക്കു ചേൎന്നതല്ല. എന്തുകൊണ്ടോ പിതൃക്കൾ സന്തോഷിക്കുന്നു, പ്രത്യേകിച്ചും പുത്രപ്രാണയായ മാതാവു് സന്തോഷിക്കുന്നു, അതാണു് ധൎമ്മം കുഞ്ഞേ. അൎജ്ജുനൻ സമ്പാദിച്ച ഐശ്വര്യം ലോഭംകൊണ്ടു് അസത്തുക്കൾ അപഹരിച്ചു. അവരിൽനിന്നും അതു വീണ്ടെടുത്തു് അനുജന്മാരുമൊത്തു് നീ അനുഭവിച്ചാലും. കൎണ്ണാൎജ്ജുനസമാഗമം കുരുക്കളിന്നു കാണട്ടെ. അവരുടെ സൗഭ്രാത്രം കണ്ടു് ദുഷ്ടന്മാർ കുമ്പിടട്ടെ. നിങ്ങൾ കൎണ്ണാൎജ്ജുനന്മാർ രാമജനാൎദ്ദനന്മാരെപ്പോലെ ആയിത്തീരും. നിങ്ങളിരുവരും യോജിച്ചാൽ ലോകത്തിൽ അസാദ്ധ്യമായിട്ടെന്തിരിക്കുന്നു? യാഗവേദിയിൽ ദേവന്മാരാൽ പരിവൃതനായ വിധാതാവിനെപ്പോലെ, ഹേ കൎണ്ണാ, ഭ്രാതൃപഞ്ചകപരിസേവിതനായ നീയും ആയിത്തീരും. ശ്രേഷ്ഠന്മാരായ ബന്ധുക്കൾക്കു്, സൎവ്വഗുണശ്രേഷ്ഠനായ നീ അനുരൂപനാകുന്നു. സൂതപുത്രൻ എന്ന പേരു വേണ്ടാ ഉണ്ണീ; നീ പാൎത്ഥനാകുന്നു.'' എന്നിങ്ങനെ കുന്തി മാതൃതവം പ്രസ്താവിച്ചു.

''കൎണ്ണാ, കുന്തി പറഞ്ഞതു് സത്യമാകുന്നു. അമ്മയുടെ വാക്കനുസരിച്ചാൽ നിനക്കു് ശ്രേയസ്സുണ്ടാകും.'' എന്നു ഭാസ്കരദേവനും കൎണ്ണനോടു പറഞ്ഞു.

## കണ്ണന്റെ കത്തവ്യനിഷ്ഠ

അച്ഛനമമ്മയും ഈവിധം പറഞ്ഞിട്ടും, സത്യധൃതിയായ കണ്ണൻ ഇളകിയില്ല. കണ്ണൻ പറഞ്ഞു:—''ക്ഷത്രിയേ, ഭവതിയുടെ വാക്യം ഞാൻ സ്വീകരിക്കുന്നില്ല. ഭവതിയുടെ നിയോഗമനുസരിച്ചാൽ എന്റെ ധമ്മം പടികടക്കും. ഭവതി എന്നോടു് കൊടിയ പാപമാണാചരിച്ചതു്; അമ്മേ, അതുമൂലം എന്റെ *യശസ്സും കീത്തിയും നഷ്ടമായി. ഞാൻ ജന്മനാ ക്ഷത്രിയനാണെങ്കിൽ, എനിക്കു് ക്ഷത്രിയസത്കാരമൊന്നും ഭവതികാരണം ലഭിച്ചിട്ടില്ല. ഇതിലും പാപതരവും അഹിതവുമായ ഒരു പ്രവൃത്തി ഒരു ശത്രുവിനുപോലും എന്തു ചെയ്യാനിരിക്കുന്നു? ചെയ്യേണ്ട കാലത്തു് കാരുണ്യമൊന്നും കാണിക്കാതെ ഹീനസംസ്കാരസമയത്താണല്ലൊ ഭവതി എന്നെ ഇങ്ങനെ ഉപദേശിക്കുന്നതു്. ഇല്ല, ഭവതി എന്നോടു് അമ്മ ചെയ്യേണ്ട ഹിതമൊന്നും ചെയ്തതില്ല. ഇന്നിപ്പോൾ കേവലം സ്വാത്ഥംകൊണ്ടു് ഇങ്ങനെ പറയുന്നതാണു്. കൃഷ്ണനോടൊത്ത ധനഞ്ജയനെ ആരു തന്നെ പേടിക്കയില്ല? ഇപ്പോൾ ഞാൻ അവരോടു ചേന്നാൽ എന്നെ ഭീരുവെന്നല്ലാതെ ആരെങ്കിലും കരുതുമോ? ഭ്രാതാവെന്ന വസ്തുത മുമ്പറിയാതെയിരുന്നതു് ഇപ്പോൾ പ്രഖ്യാപിച്ചുകൊണ്ടു് ഞാൻ പാണ്ഡവപക്ഷത്തു ചേരുകയാണെങ്കിൽ ക്ഷത്രിയന്മാരെന്നെക്കുറിച്ചെന്തു പറയും? സവ്വകാമങ്ങളും തന്നു് എന്നെ സത്കരിച്ച ധാത്തരാഷ്ട്രന്മാരെ ഞാനെങ്ങനെ നിരാശരാക്കും? വസുക്കൾ വാസവനേയെന്നപോലെ അവർ സദാ എന്നെ നമസ്കരിക്കുന്നു. എന്റെ കരബലം ആശ്രയിച്ചാണവർ ശത്രുക്കളെ എതിക്കാൻ ഒരുമ്പെടുന്നതു്. അവരുടെ മനോരഥം ഞാൻ തകക്കുന്നതെങ്ങനെ? ദുരത്യയമായ സംഗ്രാമസാഗരം തരണം ചെയ്യാൻ എന്നെയാണവർ നൗകയായിക്കരുതിയിരി

---

* പുണ്യകമ്മകൃതാ കീത്തിഃ പരാക്രമകൃതം യശഃ.

ക്കുന്നതു്; അവരുടെ കണ്ണധാരനായ ഞാൻ അവരേ എങ്ങനെ ഉപേക്ഷിക്കും ? ധാൎത്തരാഷ്ട്രന്മാരേ ആശ്രയിച്ച ജീവിക്കുന്നവർ പ്രവൎത്തിക്കേണ്ട കാലമിതാ അടുത്തിരിക്കുന്നു. ഞാനെൻെറ പ്രാണൻ കളഞ്ഞും അതിൽ പ്രയത്നിക്കും. കൃത്യകാലത്തിൽ, ചപലന്മാൎക്കു് ഉപകാരസ്മരണയില്ല. കൊററിൻെറ കൂറു കാണിക്കാത്തവൎക്കു് ഇഹവും പരവുമില്ല. ധൃതരാഷ്ട്രപുത്രന്മാൎക്കുവേണ്ടി എൻെറ സൎവ്വശക്തിയും ബലവും പ്രയോഗിച്ചു് ഞാൻ ഭവതിയുടെ പുത്രന്മാരോടു പൊരുതും. ഞാനൊന്നും ഒളിച്ചുവെയ്ക്കുന്നില്ല. നിഷ്കപടമായും സത്പുരുഷോചിതമായും, ധൎമ്മം വിടാതെയും പൊരുതും. അതുകൊണ്ടു്, ഭവതിയുടെ ഉപദേശം ലാഭകരമെങ്കിലും ഞാനനുസരിക്കുന്നില്ല. എന്നിരുന്നാലും, ഭവതിയുടെ ഈ പ്രയത്നം നിഷ്ഫലമാകുന്നുമില്ല. അൎജ്ജുനനേയൊഴിച്ചു്, ഭവതിയുടെ മററു നാലുപുത്രന്മാരിൽ ആരേയും, സൗകര്യം കിട്ടിയാലും ഞാൻ വധിക്കുന്നതല്ല. യുദ്ധത്തിൽ അൎജ്ജുനനേ ഞാനെതിൎക്കും. ഒന്നുകിൽ, അൎജ്ജുനനേക്കൊന്നു് ഞാൻ കൃതാൎത്ഥനാകും, അല്ലെങ്കിൽ, അൎജ്ജുനനാൽ കൊല്ലപ്പെട്ടു് ഞാൻ യശസ്വിയായിത്തീരും. യശസ്വിനീ, ഭവതിക്കു് അഞ്ചുമക്കൾ എന്നതിനു് ഒരിക്കലും കുറവു വരികയില്ല. ഞാൻ മരിച്ചാൽ അൎജ്ജുനാന്വിതരായ പുത്രന്മാരഞ്ചു്; ഞാൻ ജയിച്ചാൽ കൎണ്ണസമന്വിതരായ മക്കളഞ്ചു്.'' കൎണ്ണൻെറ ഈ വാക്കുകൾ കേട്ടു് ദുഃഖംകൊണ്ടു വിറയ്ക്കുന്ന കുന്തി, അചഞ്ചലനായ മകനെ ആശ്ലേഷംചെയ്തുകൊണ്ടു പറഞ്ഞു:—''അങ്ങനെതന്നെ വന്നുകൂടും. ഇതുമൂലം കൗരവന്മാർ മുടിയും. കൎണ്ണാ, നീ പറയുംപോലെ *ഈശ്വരേച്ഛയാണു് ബലവത്തരം. ഉണ്ണീ, ഇതു മറക്കരുതു്, നീ നാലു സോദരന്മാൎക്കു് അഭയം നല്കിയിട്ടുണ്ടു്; സംഗ്രാമമോചനം

---

* കുന്ത്യുവാച—...........

യഥാ ത്വം ഭാഷസേ കർണ്ണ ദൈവം തു ബലവത്തരം.

ഉദ്യോഗപൎവ്വം, അദ്ധ്യായം 146, ശ്ലോകം 25.

പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. നിനക്കു് ക്ഷേമം ഭവിക്കട്ടെ, മംഗളമുണ്ടാകട്ടെ.'' ''അങ്ങനെയാവട്ടെ'' എന്നും പറഞ്ഞു് ഇരുവരും പിരിഞ്ഞു.

## എന്തൊരു ഗതികേടു്!

സ്വരക്ഷമാത്രം കരുതി താൻ പെററ പൈതലിനെ പുഴയിലൊഴുക്കുക; ആ ശിശു പരരക്ഷയിൽ വളൎന്നു സ്ഥാന മാനങ്ങൾ നേടുക; തൻെറ പ്രശസ്തപുത്രന്മാരുടെ ബദ്ധ വൈരിയായിട്ടു് ആ പുത്രൻ വന്നുഭവിക്കുക; അവൎക്കു വേണ്ടി മൂത്തവൻെറ അടുക്കൽ അപേക്ഷയുമായിപ്പോവുക; അവൻ മുഖത്തുനോക്കി താൻ ചെയ്ത അധൎമ്മവും അപരാ ധവും വിളിച്ചുപറയുക! ഇതിലധികം ഒരു ഗതികേടു് ഒരു സ്ത്രീയ്ക്കു് സംഭവിക്കാനുണ്ടോ? അന്നുപേക്ഷിച്ചതും ഇന്നപേ ക്ഷിച്ചതും രണ്ടും സ്വാൎത്ഥത്തിനു വേണ്ടിയാണു്. 'കേവലാ ത്മഹിതൈഷിണീ' എന്നു മകൻ അമ്മയ്ക്കു് ഒരു വിശേ ഷണമാല ചാൎത്തുകയുണ്ടായി. എന്നാൽ കുന്തിയുടെ ദൗത്യം കേവലം നിഷ്ഫലമായില്ല. അഭിജാതനായ കൎണ്ണൻ അമ്മ യെ നിശ്ശേഷം നിരാശപ്പെടുത്തിയില്ല; എന്നാൽ സ്വധൎമ്മം വെടിയാൻ കൂട്ടാക്കിയതുമില്ല. ശത്രുപക്ഷത്തിലായാലും, പുത്രൻെറ ആത്മസ്ഥൈൎയ്യവും ധൎമ്മധീരതയും ആ ക്ഷത്രിയ മാതാവിനെ അഭിമാനം കൊള്ളിച്ചിട്ടുണ്ടാവണം. അമ്മയ്ക്കു ചേൎന്ന മകൻ. പുത്രഗാത്രസ്പൎശമാണു് ഏററവും വലിയ സുഖമെന്നു് ഭാരതകാരൻ പറയുന്നുണ്ടു്. കുന്തി അന്നാദ്യ മായും അവസാനമായും തൻെറ പ്രഥമജാതനെ പുണൎന്നു നിർവൃതിയാണ്ടു. ഭാരതപ്പോരിൻെറ പ്രധാനയോദ്ധാക്കൾ കൎണ്ണാൎജ്ജുനന്മാരാണു്; കൗന്തേയന്മാരാണു്. അതുകൊണ്ടു ണ്ടായ ജയപരാജയങ്ങളും, ലാഭനഷ്ടങ്ങളും, പ്രശസ്തിയും ആ നിലയ്ക്കു് കുന്തിയുടെ സമ്പാദ്യങ്ങളാകുന്നു.

## യുദ്ധം

ഭീഷ്മരും, വിദുരരും, ഗാന്ധാരിയും, ധൃതരാഷ്ട്രരും പറഞ്ഞതു കൂട്ടാക്കാതെ, കർണ്ണശകുനീദുശ്ശാസനന്മാരുടെ ഉപദേശപ്രകാരം ദുര്യോധനൻ പാണ്ഡവന്മാരുമായി പോരാരംഭിച്ചു. ഭാരതവർഷത്തിലെ സർവ്വരാജാക്കന്മാരും ഇരുഭാഗങ്ങളിലായി നിലയുറപ്പിച്ചു. കൗരവന്മാർക്കുവേണ്ടി പതിനൊന്നക്ഷൗഹിണിയും പാണ്ഡവന്മാരുടെ പക്ഷത്തു് ഏഴ് അക്ഷൗഹിണിയും സൈന്യങ്ങൾ അണിനിരന്നു. എല്ലാം തയ്യാറായിക്കഴിഞ്ഞപ്പോഴും അർജ്ജുനൻ സോദരമാരണത്തിനു് മടി കാണിച്ചു. കൃഷ്ണൻ ഗീതോപദേശം ചെയ്തു കിരീടിയെ സ്വധർമ്മനിർവഹണത്തിനു് സമർത്ഥനാക്കി. യുദ്ധം പതിനെട്ടുദിവസം നീണ്ടുനിന്നു. കൗരവപക്ഷത്തിൽ, ഭീഷ്മരും, ദ്രോണരും, കർണ്ണനും, ശകുനിയും, ശല്യരും, കൗരവന്മാർ നൂറും, പതിനൊന്നക്ഷൗഹിണിയോടൊപ്പം അടരിൽ മരണം പ്രാപിച്ചു. അശ്വത്ഥാമാവും, കൃപരും, കൃതവർമ്മാവും മാത്രം അവശേഷിച്ചു. പാണ്ഡവപക്ഷത്തിൽ അഭിമന്യുവും, ഘടോത്കചനും, ഇരാവാനും, ദ്രൗപദീപുത്രരഞ്ചും, ധൃഷ്ടദ്യുമ്നനും, ഏഴക്ഷൗഹിണിയും പോരിലൊടുങ്ങി. പാണ്ഡവന്മാരയ്വരും, വാസുദേവനും, സാത്യകിയും, അങ്ങനെ ഏഴുപേർ പ്രാണനോടെ ശേഷിച്ചു. പതിനെട്ടക്ഷൗഹിണിയിൽ ബാക്കി പത്തുപേർ മാത്രം. സർവ്വനാശകമായ യുദ്ധത്തിൽ ജയിക്കുന്നവരും യഥാർത്ഥത്തിൽ തോല്ക്കുകയാണു ചെയ്യുന്നതെന്നു് മഹാഭാരതയുദ്ധം നമ്മോടുപദേശിക്കുന്നു. അങ്ങനെ സഹോദരന്മാർ തമ്മിലുള്ള വൈരം സർവ്വസംഹാരം കൊണ്ടവസാനിച്ചു. വാസ്തവത്തിൽ തോററതു് ബാക്കി ജീവിച്ചിരുന്നവരാണു്. അവരുടെ കഥയിനിയെന്തു് ?

# വിലാപം

മക്കരം മരിച്ച അന്ധമിഥുനത്തെ വിദുരനും, വ്യാസനും, വാസുദേവനും ആശ്വസിപ്പിച്ചു. വ്യാസൻെറ അനുഗ്രഹം കൊണ്ടു് ദൃഷ്ടിലഭിച്ച ഗാന്ധാരി രണാങ്കണത്തിൽ നായ്ക്കും നരികളും കാകനും കഴുകനും ഇരയായി വീണുകിടക്കുന്ന സ്വതനയന്മാരേക്കണ്ടു് ഏറെനേരം വിലപിച്ചു. സോദര ൻെറ ഉദരംപിളന്നു് ചോര കുടിച്ചതിനു് ഭീമനെ ശാസിച്ചു. അന്ധരായ തങ്ങരംക്കു് ഉദകക്രിയയ്ക്കു് ഒരു പുത്രനേയെങ്കി ലും ബാക്കിവെയ്ക്കാതിരുന്ന ഭീമൻെറ പേരിൽ അമഷം കൊണ്ടു. വൃദ്ധരായ തങ്ങരംക്കു് താങ്ങായി ഒരു മകനേയെ ങ്കിലും, ധർമ്മിഷ്ഠനായ വികണ്ണനേയെങ്കിലും, കൊല്ലാതെ വിട്ടില്ലല്ലൊ എന്നു പരിതപിച്ചു. പുത്രപൗത്രവധംകൊണ്ടു് ശോകപരിപ്ളുതയായ ഗാന്ധാരി യുധിഷ്ഠിരനെ കാണാ നാവശ്യപ്പെട്ടു. പേടിച്ചുവിറച്ചുംകൊണ്ടു് യുധിഷ്ഠിരൻ വന്നു്, 'അവിടുത്തെ പുത്രഹന്താവിതാ,' എന്നറിയിച്ചു. തന്നെ ശപിച്ചു് ശിക്ഷിച്ചാലും എന്നു യാചിച്ചുകൊണ്ടു് കാലിൽ വീണ യുധിഷ്ഠിരനോടു് ദേവിയൊന്നും മിണ്ടി യില്ല. മൂടിക്കെട്ടിയിരുന്ന തുണിക്കിടയിൽക്കൂടി ദേവി യുടെ കണ്ണുകരം യുധിഷ്ഠിരൻെറ പദനഖങ്ങളിൽ പതിച്ചു: യുധിഷ്ഠിരനു് തന്മൂലം കുനഖം ഉണ്ടായി. ഇതുകണ്ടു് ഭയ പ്പെട്ടു് അജ്ജുനൻ കൃഷ്ണൻെറ പിന്നിൽ മറഞ്ഞു. വ്യാസ ൻെറ സമയോചിതമായ ഉപദേശമുണ്ടായില്ലെങ്കിൽ പുത്ര ശോകാന്ധയായ ഗാന്ധാരി പാണ്ഡവന്മാരെ ശാപദഗ്ദ്ധരാ ക്കിയേനെ.

ഇതിൻെറയെല്ലാം സൂത്രധാരൻ ശ്രീകൃഷ്ണനാണെന്നു് ഗാന്ധാരി കണ്ടു. 'വൃഷ്ണിവംശം പരസ്പരകലഹംമൂലം നശി ക്കുന്നതു് കാണാനിടവരട്ടെ.' എന്നു് ആ സ്വാധ്വി കൃഷ്ണനെ ശപിച്ചു. കോപം ശമിച്ച ഗാന്ധാരി അവരേ അമ്മയേ

പ്പോലെ ആശ്വസിപ്പിച്ചു. ഗാന്ധാരിയുടെ അനുവാദത്തോടെ അവർ അമ്മയുടെ അടുക്കലേയ്ക്കുപോയി. പുത്രാധികൊണ്ടു് വെന്തുകൊണ്ടിരുന്ന പൃഥ ചിരകാലമായി മക്കളെ കണ്ടപ്പോരം പൊട്ടിക്കരഞ്ഞു; ഉത്തരീയംകൊണ്ടു മുഖംമറച്ചു. അമ്മയും മക്കളും ഏറെനേരം കരഞ്ഞു. അനന്തരം പോരിൽ പലതരത്തിലും മുറിവേററ മക്കളെ ഓരോരുത്തരേയും വേറേ വേറേ വീണ്ടും വീണ്ടും തൊട്ടു തലോടി. മക്കരം മരിച്ച ദുഃഖം പൊറാഞ്ഞു പൂഴിയിൽ കിടന്നുരുളുന്ന പാഞ്ചാലിയേക്കണ്ടു പൃഥ വാവിട്ടു നിലവിളിച്ചു. ദ്രൗപദി കുന്തിയോടു് തേങ്ങിക്കൊണ്ടു് ചോദിച്ചു:—''ആര്യേ, എവിടെ ഭവതിയുടെ പൗത്രന്മാർ? എവിടെ സൗഭദ്രൻ? എവിടെപ്പോയി അവർ? അവർ ഭവതിയേക്കണ്ടിട്ടു് നാളെത്രയായി? എന്താണവരോടി വന്നു് അവിടുത്തേ അഭിവാദനം ചെയ്യാത്തതു്? മക്കളൊക്കെ മരിച്ച എനിക്കു് രാജ്യംകൊണ്ടു് എന്തുകാര്യം?'' പൃഥ വധുവിനെ ആശ്വസിപ്പിച്ചു. ദുഃഖം താങ്ങാനാകാതെ കരഞ്ഞു കരരംപൊട്ടിക്കുന്ന ദ്രൗപദിയേയും താങ്ങിനിർത്തി മക്കളോടൊന്നിച്ചു്, ശോകസാഗരമഗ്നയായ കുന്തി, സമാനശോകയായ ഗാന്ധാരിയുടെ അടുക്കലെത്തി. 'മകളേ, കരയരുതു്: നോക്കു, എൻെറ സ്ഥിതിയും ഇതു തന്നെ.' എന്നു പറഞ്ഞു ഗാന്ധാരി വധുവിനെ സാന്ത്വനപ്പെടുത്തി. ''ഈ ലോകനാശം കാലഗതിയാണെന്നെനിക്കു തോന്നുന്നു. വരാനുള്ളതു വന്നു. കൃഷ്ണൻ സന്ധിക്കു് ശ്രമിച്ചിട്ടു് നിരാശനായി മടങ്ങിയപ്പോരം, വിദുരൻ പറഞ്ഞതു് അതുപോലെ സംഭവിച്ചു. അതു് അപരിഹാര്യമായിരുന്നു. അതു് സംഭവിച്ചുംകഴിഞ്ഞു. വ്യസനിക്കരുതു്. അവർ വ്യസനാർഹരല്ല; ആയോധനത്തിൽ നിധനമടഞ്ഞവർ ശോച്യരല്ല. എൻെറ അവസ്ഥതന്നെ നിനക്കും. ആരു് ആരേ ആശ്വസിപ്പിക്കും? എൻെറ തെററുകൊണ്ടു് ശ്രേഷ്ഠമായ കുരുകുലം നാശമടഞ്ഞു.''

## കർണ്ണൻ കൗന്തേയനാണ്

യുധിഷ്ഠിരൻെറ നിർദ്ദേശമനുസരിച്ച് പുരോഹിതനായ ധൗമ്യനും വിദുരരും സഞ്ജയനുംകൂടി, പോരിൽമരിച്ച വീരന്മാരേയെല്ലാം യഥോചിതം സംസ്കരിച്ചു. സംസ്കാര ക്രിയകളെല്ലാം കഴിഞ്ഞശേഷം ധൃതരാഷ്ട്രനെ മുൻനിർത്തി എല്ലാവരും ഗംഗയിലേയ്ക്കു പോയി. ഗംഗാസ്നാനം കഴിഞ്ഞ് ഓരോരുത്തരും, തങ്ങളുടെ പിതാക്കന്മാക്കും, ഭ്രാതാക്കന്മാക്കും, ഭർത്താക്കന്മാക്കും, പുത്രന്മാക്കും, പൗത്രന്മാക്കും, സുഹൃത്തുക്കൾക്കും, കണ്ണുനീരിനോടൊപ്പം ഉദകദാനംചെയ്തു. ആ സമയത്ത് കുന്തി പെട്ടെന്നു വീണ്ടും ശോകകശിതയായി കരഞ്ഞുകൊണ്ട് മക്കളോടു മെല്ലെ പറഞ്ഞു:—"വില്ലാളിവീരനും, മഹാരഥനും, പാൎത്ഥനാൽ പരാജിതനും, വീരലക്ഷണയുക്തനും, സൂതപുത്രനായ രാധേയനെന്ന് നിങ്ങൾ കരുതുന്നവനും, സൂര്യനേപ്പോലെ പ്രകാശിച്ചിരുന്നവനും, നിങ്ങളേയെല്ലാം എതിർത്തുപൊരുതവനും, സുയോധനബലത്തേ മുഴവൻ നയിച്ചിരുന്നവനും, നിസ്തുലവീര്യനും, പ്രാണനേക്കാൾ യശസ്സിനെ വരിച്ചിരുന്നവനും, സത്യസന്ധനും, പോരിൽ പിന്തിരിയാത്തവനും, മഹാപരാക്രമിയും, നിങ്ങളുടെ സോദരനുമായ കർണ്ണനുവേണ്ടിയും സലിലം സമപ്പിച്ചാലും. അവൻ നിങ്ങളുടെ പൂവ്വജനാണ്. ആദിത്യനിൽനിന്നും എനിക്കുണ്ടായ പുത്രനാണ് കർണ്ണൻ." അമ്മയുടെ ഈ അപ്രിയവാക്കുകൾ കേട്ട് പാണ്ഡവന്മാർ വീണ്ടും ശോകവ്യാകുലരായി. യുധിഷ്ഠിരൻ ഒരു പാമ്പിനേപ്പോലെ നെടുവീപ്പിട്ടുകൊണ്ട് അമ്മയോടു പറഞ്ഞു:-- 'ആരുടെ ബാഹുപ്രതാപംകൊണ്ട് ഞങ്ങളൊക്കെ വിറച്ചിരുന്നുവോ, ആരുടെ അസ്ത്രപ്രയോഗം അജ്ജുനനൊഴിച്ച് സകലക്കും അസഹ്യമായിരുന്നുവോ, ആരുടെ കരബലം കൗരവന്മാർ ആശ്രയിച്ചിരുന്നുവോ, സവ്വശസ്ത്രവിശാരദനായ ആ മഹാരഥൻ കർണ്ണൻ ഞങ്ങളുടെ

ജ്യേഷ്ഠഭ്രാതാവായിരുന്നുവെന്നോ? അഹോ! ഭവതി ഇക്കാര്യം ഗൂഹനം ചെയ്തുവെച്ചിരുന്നതുകൊണ്ടു് ഞങ്ങറം നശിച്ചല്ലൊ! അഭിമന്യുവിൻേറയും, ദ്രൗപദേയന്മാരുടേയും, പാഞ്ചാലന്മാരുടേയും, കൗരവന്മാരുടേയും നാശംകൊണ്ടുണ്ടായതിൽ നൂറുമടങ്ങു് വ്യസനം ഇതുമൂലം എന്നെ ബാധിച്ചിരിക്കുന്നു. എന്നെ എരിതീയിൽ എറിഞ്ഞതുപോലെ തോന്നുന്നു. ഈ കുലനാശകമായ കൂട്ടക്കൊല ഉണ്ടായില്ലെങ്കിൽ നമുക്കു നേടാൻ കഴിയാത്തതു് ഒന്നുമുണ്ടായിരുന്നില്ല.' എന്നിങ്ങനെ കരഞ്ഞുകൊണ്ടു് യുധിഷ്ഠിരൻ തൻേറ ജ്യേഷ്ഠനു് ഉദകദാനംചെയ്തു. കർണ്ണപത്നിമാരെയും വരുത്തിച്ചു യുധിഷ്ഠിരൻ അവരോടൊപ്പം ജ്യേഷ്ഠൻേറ പ്രേതകൃത്യങ്ങളെല്ലാം ചെയ്തു. ''അഹോ, പാപിയായ ഞാൻ എൻേറ ജ്യേഷ്ഠനെ കൊന്നുവല്ലൊ! ഇതു കാരണം സ്ത്രീകളുടെ മനസ്സിൽ ഗൂഹ്യമായതൊന്നും ഇരിക്കാതെ പോകട്ടെ.'' എന്നിങ്ങനെ അമ്മ ചെയ്ത അപരാധത്തിനു് സ്ത്രീവർഗ്ഗത്തിനു് മുഴുവൻ ഒരു ശാപവുംപൊഴിച്ചുകൊണ്ടു് ധർമ്മജാദികറം ഗംഗയിൽനിന്നും കരയ്ക്കുകയറി.

## ത്യാഗമെന്നതേ നേട്ടം

പാണ്ഡവന്മാക്കു് അർഹമായ രാജ്യം കൊടുക്കുകയില്ലെന്നു് ദുര്യോധനൻ വാശിപിടിച്ചു. സ്വാവകാശം പിടിച്ചെടുക്കുമെന്നു് പാണ്ഡവന്മാരും. തങ്ങറംക്കു വന്നുചേൎന്ന അവമാനം നീക്കണമെന്നും, അവകാശം സ്ഥാപിക്കണമെന്നും, ക്ഷത്രധർമ്മം പാലിക്കണമെന്നുമെല്ലാം കുന്തിയും പുത്രന്മാരെ പ്രേരിപ്പിച്ചു. അവസാനഫലമോ? വാശിയും, അവകാശസ്ഥാപനവും, വൈരനിര്യാതനവും, ക്ഷത്രധർമ്മപാലനവുമെല്ലാം കണ്ണുനീരിലാണു് വന്നവസാനിച്ചതു്. കാമലോഭങ്ങറംക്കു വേണ്ടിയുള്ള മത്സരങ്ങളുടെയെല്ലാം പരിണാമമാണിതു്. സൗഭ്രാത്രവും, സഹി

ഷ്ണുതയും, നിർവ്വൈരവും, മൈത്രിയുമാണ് ജീവിതയാത്രയെ സുഗമമാക്കുന്നത്. ത്യാഗമാണ് ശാന്തിയരുളുന്നത്. അധമ്മത്തിനെതിരായിട്ടാണെന്നിരുന്നാലും ഹിംസയിൽക്കൂടിയുള്ള മാർഗ്ഗം വ്യക്തിക്ക് ശാന്തിയരുളുന്നതല്ല. രഘുവംശത്തിൽ സോദരന്മാർതമ്മിൽ രാജ്യാവകാശത്തിനുവേണ്ടി തക്കം വന്നു. അവിടെ പക്ഷെ, രാമനും ഭരതനും, രാജ്യം തനിക്കുവേണ്ട, തനിക്കുവേണ്ട, എന്നിങ്ങനെ ത്യാഗത്തിൽ മത്സരിക്കുകയാണുണ്ടായത്. ഫലമോ? രാമരാജ്യം. മഹാഭാരതയുദ്ധത്തിലും, അതിൻെറ അനന്തരഫലങ്ങളിലും കുന്തിക്കും ഒരു നല്ല പങ്കുണ്ട്. പക്ഷേ, സ്വധർമ്മാനുഷ്ഠാനത്തിൽ, ജീവിതായോധനത്തിൽ, ഇതൊക്കെ അപരിഹാര്യമാണുതാനും.

## വിധിവൈപരീത്യം

സ്വസോദരവധംമൂലം യുധിഷ്ഠിരൻ എരിഞ്ഞുകൊണ്ടിരുന്നു. കാട്ടിൽ പാർത്തിരുന്ന കാലമത്രയും കർണ്ണഭയംകൊണ്ട് യുധിഷ്ഠിരന് ഉറക്കം വന്നിരുന്നില്ല; ഇപ്പോഠം കർണ്ണവധംകൊണ്ടുള്ള ദുഃഖംകാരണം ഉറക്കം വരുന്നില്ല. പൗരുഷത്തിലും, വീര്യത്തിലും, ശൗര്യത്തിലും, ഔദാര്യത്തിലും, പ്രഭാവത്തിലും അതുല്യനായിരുന്നു കർണ്ണൻ. സ്വശക്തികൊണ്ട് കഴിയുന്നതിൽ അങ്ങേയററം കർണ്ണൻ എത്തിയിരുന്നു. പക്ഷേ, ദൈവാധീനത്തോടുകൂടാതെയുള്ള പുരുഷപ്രയത്നം അവസാനം നിഷ്ഫലമാകുന്നു. ശ്രീകൃഷ്ണൻെറ തുണയില്ലായിരുന്നെങ്കിൽ കിരീടിക്കു കർണ്ണനെ വീഴ്ത്താൻ സാധിക്കുമായിരുന്നില്ല. മായകൊണ്ട് ശതക്രതു കർണ്ണൻെറ ജന്മസിദ്ധമായ കവചകുണ്ഡലങ്ങഠം അപഹരിച്ചു. ഇന്ദ്രദത്തമായ ശക്തി, കൃഷ്ണൻ ഉപായംകൊണ്ടു് ഘടോൽകചൻെറ മേൽ പ്രയോഗിപ്പിച്ചു; പരശുരാമനും, ബ്രാഹ്മണനും, കർണ്ണനെ ശപിച്ചിരുന്നു; ഭീഷ്മർ

അർധരഥനെന്നധിക്ഷേപിച്ചു; സാരഥിയായ ശല്യൻ തേജോവധം ചെയ്തു. പുരുഷപ്രയത്നത്തിൽ അതുല്യപ്രഭാവനായ തപനപുത്രനെ വാസുദേവസഹായനായ പാൎത്ഥൻ വധിച്ചു.

## ധൎമ്മപുത്രശാപം

അമ്മവഴിക്കു് കർണ്ണൻ യുധിഷ്ഠിരന്റെ ജ്യേഷ്ഠൻ; അച്ഛൻവഴിക്കു് പിതൃവ്യൻ. തപനപുത്രനെ വധിച്ച താപം തപനപൗത്രനെ വിട്ടുമാറിയില്ല. ശോകവ്യാകുലയായ കുന്തി മകനോടു പറഞ്ഞു:—"യുധിഷ്ഠിര, നീ കർണ്ണനെച്ചൊല്ലിക്കരയരുതു്. ഞാൻ പറയുന്നതു കേൾക്കു. നിങ്ങളുടെ സാഹോദര്യം ഞാൻ അവനെ അറിയിക്കുകയുണ്ടായി. അവന്റെ അച്ഛനും പറഞ്ഞു. സ്നേഹംകൊണ്ടു് അവനെ സ്വാധീനമാക്കാൻ എനിക്കോ ഭാസ്കരദേവനോ കഴിഞ്ഞില്ല; നിങ്ങളോടു് യോജിപ്പിക്കാൻ ശ്രമിച്ചിട്ടു് അവൻ വഴങ്ങിയില്ല. അവൻ വൈരം തീൎക്കാതെ അടങ്ങുകയില്ലെന്നും, നിങ്ങൾക്കു വിപരീതം നില്ക്കുമെന്നും തീൎച്ചയായതുകൊണ്ടു ഞാൻ ഉപേക്ഷിക്കുകയാണുണ്ടായതു്." ഇതുകേട്ടു് താപതപ്തനായ ധൎമ്മജൻ അമ്മയോടു പറഞ്ഞു: — "ഭവതിയുടെ ഗൂഢഗോപനംമൂലമാണിതു വന്നുചേൎന്നതു്. സ്ത്രീകൾക്കാൎക്കും ഗോപ്യം രക്ഷിക്കാൻ സാധിക്കാതെ പോകട്ടെ." ഇങ്ങനെ വീണ്ടും മാതൃവൎഗ്ഗത്തെ മുഴുവൻ യുധിഷ്ഠിരൻ ശപിച്ചു.

യുധിഷ്ഠിരനു് ജ്ഞാതിവധംമൂലം ഏൎപ്പെട്ട മനോവ്യഥയും നിരാശയും അകററുന്നതിനു്, വ്യാസനും, ശ്രീകൃഷ്ണനും, മററു മഹൎഷിമാരും ധൎമ്മോപദേശങ്ങൾ പലതും ചെയ്തു. ശരശയനത്തിൽ കിടക്കുന്ന ഭീഷ്മപിതാമഹന്റെ അടുക്കൽ നിന്നും വൎണ്ണധൎമ്മം, ആശ്രമധൎമ്മം, രാജധൎമ്മം, ആപ

ധൎമ്മം, പ്രായശ്ചിത്തം, ദാനധൎമ്മം, മോക്ഷധർമ്മം എന്നി ങ്ങനെ സൎവ്വശാസ്ത്രസാരങ്ങളും ധർമ്മജൻ ഗ്രഹിച്ചു. ഭീഷ്മർ ശരീരത്യാഗംചെയ്തു. പാണ്ഡവന്മാർ പിതാമഹൻെറ ഔൎദ്ധ്വദൈഹികകൃത്യങ്ങളെല്ലാം യഥാവിധി കഴിച്ചു. യുധിഷ്ഠിരൻ ദാനധർമ്മങ്ങളുമെല്ലാം ചെയ്തു് ഹസ്തിനാപുര ത്തിൽ രാജ്യഭാരം നടത്തി.

## പരീക്ഷിത്തിൻെറ ജനനം

അങ്ങനെയിരിക്കെ ശ്രീകൃഷ്ണൻ ഒരു ദിവസം ഹസ്തി നാപുരത്തിലെത്തി. യുധിഷ്ഠിരപട്ടാഭിഷേകം കഴിഞ്ഞു് ദ്വാരകയ്ക്കു പോകുമ്പോൾ, അശ്വമേധത്തിനു് വന്നുചേരണ മെന്നു് അവർ അപേക്ഷിച്ചിരുന്നു. അതനുസരിച്ചു് വന്ന താണു്. ബലരാമനും, സാത്യകിയും, മററു വൃഷ്ണിമുഖ്യരും ഒരുമിച്ചുണ്ടു്. ധൃതരാഷ്ട്രർ എല്ലാവരേയും യഥോചിതം സ്വീകരിച്ചു സത്കരിച്ചു. അക്കാലത്താണു് അഭിമന്യു പുത്രനും ജനമേജയപിതാവുമായ പരീക്ഷിത് പിറന്നതു്. പക്ഷെ, അശ്വത്ഥാമാവിൻെറ ബ്രഹ്മാസ്ത്രംകൊണ്ടു് പീഡി തനായിരുന്നതിനാൽ പിറക്കുമ്പോൾ ജീവനില്ലായിരുന്നു. ആഹ്ളാദമൊക്കെ നിലച്ചു. കൃഷ്ണൻ ഓടി അന്തഃപുരത്തി ലെത്തി. അപ്പോഴുണ്ടു്, ''ഓടിവാ കൃഷ്ണാ'' എന്നു വിളി ച്ചുംകൊണ്ടു് കുന്തി പാഞ്ഞുവരുന്നു. പിന്നിൽ കരഞ്ഞും കൊണ്ടു് ദ്രൗപദിയും സുഭദ്രയും മററു ബന്ധുക്കളും. കൃഷ്ണൻെറ അടുത്തെത്തി, ഗദ്ഗദത്തോടെ കുന്തി പറഞ്ഞു:— ''വാസു ദേവ, അങ്ങയെ പുത്രനായി ലഭിച്ച ദേവകീദേവി ഭാഗ്യ വതിതന്നെ. കൃഷ്ണാ, അങ്ങാണു് ഞങ്ങൾക്കാശ്രയം, ഞങ്ങ ളുടെ ജീവൻ; അങ്ങയുടെ കൈയിലാണു് ഈ കുലം. കേശവ, അവിടുത്തെ ഭാഗിനേയപുത്രൻ അശ്വത്ഥാമാ വിൻെറ അസ്ത്രംമൂലം ഹതജീവനായിട്ടാണു് പിറന്നിരിക്കു ന്നതു്. അവനു് പ്രാണൻ നല്കിയാലും: അവനെ ജീവി

പ്പിച്ചുകൊള്ളാമെന്നു് അങ്ങു് പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലൊ. ഉത്തരയേയും, സുഭദ്രയേയും, ദ്രൗപദിയേയും, എന്നേയും, എന്റെ മക്കളേയും അങ്ങുതന്നെ രക്ഷിക്കണം. പാണ്ഡവന്മാരുടേയും എന്റേയും പ്രാണൻ ഇവനിലാണു് സ്ഥിതിചെയ്യുന്നതു്. പാണ്ഡുവിന്റെയും, എന്റെ ശ്വശ്രുരന്റെയും, അങ്ങയുടെ പ്രിയനും സദൃശനുമായ ഭാഗിനേയന്റെയും, പിണ്ഡവും അവനിൽ വർത്തിക്കുന്നു. ഞങ്ങൾക്കെല്ലാം പ്രിയംകരമായതു ചെയ്താലും. ഞങ്ങളിതാ കുമ്പിട്ടു യാചിക്കുന്നു.'' ഇങ്ങനെ പറഞ്ഞു് കുന്തി കൈയ്രണ്ടും പൊക്കി ഉച്ചത്തിൽ മുറവിളികൂട്ടി, നിലംപതിച്ചു; മററു സ്ത്രീകളും കരഞ്ഞു നിലത്തുവീണു. കൃഷ്ണൻ വേഗം കുന്തിയെ താങ്ങി സമാധാനിപ്പിച്ചു. സുഭദ്രയും സോദരനോടു് കരഞ്ഞപേക്ഷിച്ചു. കൃഷ്ണൻ വേഗം സൂതികാഗൃഹത്തിലെത്തി. ദ്രൗപദി മുമ്പേചെന്നു് കൃഷ്ണന്റെ വരവു് ഉത്തരയെ അറിയിച്ചു. ഭഗവാനെക്കണ്ടു് അഭിമന്യുപത്നി വാവിട്ടു കരഞ്ഞു. കൃഷ്ണൻ ഉത്തരയെ ആശ്വസിപ്പിച്ചു:— ''ഉത്തരേ, ഞാൻ ഈ കുട്ടിയെ ജീവിപ്പിച്ചുതരാം. ഞാനൊരിക്കലും, നേരമ്പോക്കിൽപോലും, അസത്യം പറഞ്ഞിട്ടില്ലെങ്കിൽ, പോരിൽ പിൻതിരിഞ്ഞിട്ടില്ലെങ്കിൽ, എനിക്കു് ധർമ്മം പ്രിയമാണെങ്കിൽ, ബ്രാഹ്മണർ എന്റെ പ്രാണനാണെങ്കിൽ, മൃതജാതനായ ഈ അഭിമന്യുസുതൻ ജീവിക്കട്ടെ.'' എന്നാശംസിച്ചു. മെല്ലെ, മെല്ലെ, പ്രാണൻ പ്രവേശിച്ചു. ശിശു കൈയ്കാൽ കുടഞ്ഞു. കുരുകുലം പരിക്ഷീണമായിരുന്ന കാലത്തു ജനിച്ചതുകൊണ്ടു് ആ കുട്ടിക്കു് പരീക്ഷിത് എന്നു് ഭഗവാൻ നാമകരണംചെയ്തു.*

---

* പരിക്ഷീണേ കുലേ യസ്മാജ്ജാതോ/യമഭിമന്യുജഃ
പരീക്ഷിദിതി നാമാസ്യ ഭവതചിത്യബ്രവീത് തദാ.

ആശ്വമേധികപർവ്വം, അദ്ധ്യായം 70, ശ്ലോകം 11–12

## ധൃതരാഷ്ട്രവിരാഗം

യാഗമെല്ലാം യഥാവിധി നടന്നു. സർവ്വകാര്യങ്ങളും ധൃതരാഷ്ട്രരുടെ അനുമതിയോടുകൂടി യുധിഷ്ഠിരൻ നടത്തിപ്പോന്നു. ധൃതരാഷ്ട്രർക്ക് സർവ്വവിധരാജഭോഗങ്ങളും സല്ക്കാരങ്ങളും ലഭിച്ചിരുന്നു. പുത്രവിയോഗം ധൃതരാഷ്ട്രർ ഓർമ്മിക്കാനിടവരാത്തവിധം ഏവരും വർത്തിക്കണമെന്നായിരുന്നു യുധിഷ്ഠിരൻെറ നിർദ്ദേശം. ഭീമസേനനൊഴിച്ച് മററെല്ലാവരും അതു് അന്യൂനമായി പരിപാലിച്ചു. ഭീമനുമാത്രം ധാർത്തരാഷ്ട്രന്മാർ ചെയ്ത കട്ടംകൈയ്കരം മറക്കാൻ കഴിഞ്ഞില്ല. കുന്തിയും ദ്രൗപദിയും സുഭദ്രയും ഗാന്ധാരിയെ പരിചരിച്ചുപോന്നു. ഗാന്ധാരീധൃതരാഷ്ട്രന്മാർ എന്തെന്തു് ആഗ്രഹിച്ചുവോ, എന്തായാലും അതു യുധിഷ്ഠിരൻ സാധിച്ചുകൊടുത്തു. അവക്കു സ്വപുത്രന്മാരേക്കാരം പ്രീതി പാണ്ഡവന്മാരോടും തോന്നി. ദിവസവും കാലത്തു് ജപഹോമാദികരംക്കുശേഷം കുരുവൃദ്ധൻ പാണ്ഡവന്മാക്ക് മംഗളം ആശംസിച്ചു. പക്ഷെ, മന്ദബുദ്ധിയായ ദുര്യോധനനെ സ്മരിക്കുമ്പോഴെല്ലാം അന്ധതാതനു് ഭീമനോടു് വൈരം തോന്നിയിരുന്നു. അതുപോലെ ഭീമനു് ധൃതരാഷ്ട്രരോടും അമഷം തോന്നി. ചിലപ്പോരം ധൃതരാഷ്ട്രൻെറ ആജ്ഞയ്ക്കു് വിപരീതം ഭീമൻ പ്രവർത്തിച്ചു. ഗാന്ധാരീധൃതരാഷ്ട്രന്മാർ കേരംക്കെ, സുഹൃത്തുക്കളോടായി, ദുര്യോധനാദികരം ചെയ്ത അപചാരങ്ങളേയും, അവരെയെല്ലാം തൻെറ ബലിഷ്ഠകരങ്ങരംകൊണ്ടു് ഞെരിച്ചുകൊന്ന പ്രകാരവും ഭീമൻ വർണ്ണിക്കാറുണ്ടായിരുന്നു. ഈ വാക്ശല്യങ്ങളേററു് ധൃതരാഷ്ട്രർ ലോകകാര്യങ്ങളിൽ വിരക്തനായ്ഭവിച്ചു. മനസ്വിനിയായ ഗാന്ധാരി അവയെല്ലാം സഹിച്ചു. യുധിഷ്ഠിരരാജ്യഭാരം തുടങ്ങിയിട്ടു് പതിനഞ്ചു വഷമായി. ഭീമവാക്പീഡിതനായ ധൃതരാഷ്ട്രർ വനത്തിനു പോകാൻ തീർച്ചയാക്കി. ഭീമൻെറ ഈ പ്രവൃത്തികളൊന്നും കുന്തിയോ, യുധിഷ്ഠി

രനോ, മററു സോദരന്മാരോ അറിഞ്ഞിരുന്നില്ല. യുധിഷ്ഠിരന്ന് ക്ലേശം വരുത്തരുതെന്നു കരുതി ധൃതരാഷ്ട്രർ ഒന്നും ആരോടുമൊട്ടു പറഞ്ഞതുമില്ല. ധൃതരാഷ്ട്രർ വനയാത്രയ്ക്ക് നിശ്ചയിച്ചു് സുഹൃത്തുക്കളോടു് അനുവാദം ചോദിച്ചു: — ''എൻെറ അപരാധംമൂലം കുരുക്ഷയം സംഭവിച്ചു. വ്യാസനും, വിദുരനും, ഭീഷ്മരും, കൃഷ്ണനും, പലവുരു ഹിതമുപദേശിച്ചതാണു്. അതൊന്നും വേണ്ടകാലത്തു് ശ്രവിച്ചില്ല. എൻെറ മക്കളൊക്കെ മരിച്ചു. എൻെറ ഹൃദയത്തിൽ ശോകശല്യങ്ങൾ ആയിരക്കണക്കിന്നു് തറച്ചിരിക്കുന്നു. ഉണ്ണീ, യുധിഷ്ഠിര, നിൻെറ സല്ക്കാരങ്ങളേററു് ഞാൻ സുഖമായി ഇത്രനാളും വസിച്ചു. എൻെറ പുത്രന്മാരൊക്കെ വീരസ്വർഗ്ഗം പ്രാപിച്ചു. ഞാനിനി പരലോകഗതിക്കുള്ള മാർഗ്ഗം തേടണം. രാജ്യഭാരം പുത്രന്മാരെ ഏല്പിച്ചു് വാർദ്ധക്യത്തിൽ വനഗമനം ചെയ്കയെന്നുള്ളതു് നമ്മുടെ കുലത്തിൻെറ പാരമ്പര്യമാണു്. നിങ്ങളുടെയെല്ലാം അനുവാദത്തോടുകൂടി ഞാൻ ഗാന്ധാരിയോടൊരുമിച്ചു് ചീരവല്ക്കലധാരിയായി വനേചരനാകാനാഗ്രഹിക്കുന്നു.''

യുധിഷ്ഠിരന്നു് ഇക്കാര്യം തീരെ സമ്മതമായില്ല. ''അച്ഛാ, അവിടുന്നാണു് രാജാവു്; ഞങ്ങളെല്ലാം അവിടുത്തെ കിങ്കരന്മാർ. അങ്ങേയ്ക്കു സമ്മതമാണെങ്കിൽ അവിടുത്തെ പ്രിയപുത്രൻ യുയുത്സു രാജ്യം ഭരിക്കട്ടെ. അങ്ങീവിധം ക്ലേശം അനുഭവിച്ചിട്ടു് ഞങ്ങൾക്കു് രാജ്യമെന്തിനു്? അവിടുന്നു് രാജ്യം വാണാലും; ഞാൻ കാട്ടിൽ പൊയ്ക്കൊള്ളാം. ഇതൊന്നും വകവെയ്ക്കാതെ അവിടുന്നു കാട്ടിലേയ്ക്കു് പോകുന്നതിനാണു് നിശ്ചയിക്കുന്നതെങ്കിൽ, ഞാൻ സത്യംചെയ്തു പറയുന്നു, അങ്ങയുടെ പിന്നാലെ ഞാനും കാട്ടിലേയ്ക്കു വരുന്നു. ദുര്യോധനാദികൾ എപ്രകാരമോ അതേവിധം ഞങ്ങളും അവിടുത്തെ ഉണ്ണികൾ; എനിക്കു് ഗാന്ധാരീദേവിയും കുന്തീദേവിയും ഒരുപോലെ അമ്മമാരാണു്. ദുഷ്കീർത്തികൊണ്ടു് ദഗ്ദ്ധനായ എന്നെ ഇനിയും ദഹിപ്പിക്ക

രുതേ. അവിടുത്തെ കാലുപിടിച്ചു ഞാനിരക്കുന്നു, അങ്ങയെ ശുശ്രൂഷിച്ചു് എൻെറ മനോവ്യാധി അകററാൻ അനുമതി യരുളിയാലും.''

ഉപവാസകൃശനും വയോവൃദ്ധനുമായ ധൃതരാഷ്ട്രർ വാനപ്രസ്ഥ്യം കുലപാരമ്പര്യമാണെന്നും, അതിനു് എല്ലാവരും തന്നെ അനുവദിക്കണമെന്നും, വീണ്ടും വീണ്ടും യാചിച്ചു; അദ്ദേഹം ക്ഷീണംകൊണ്ടു തളൎന്നുവീണു. യുധിഷ്ഠിരൻ ശീതോപചാരംചെയ്തു് ആലസ്യം നീക്കി. വ്യാസമഹൎഷിയും ധൃതരാഷ്ട്രരുടെ അഭിപ്രായത്തെ അനുസരിക്കണമെന്നു് യുധിഷ്ഠിരനോടു് പറഞ്ഞു. ''രാജൎഷികളുടെ ധൎമ്മം ഹേ യുധിഷ്ഠിര, ഒന്നുകിൽ സമരത്തിൽ മരണം, അല്ലെങ്കിൽ, വിധിപൂൎവ്വം വനത്തിൽ ദേഹത്യാഗം,'' എന്നു് വ്യാസൻ ഉപദേശിച്ചു. ''അച്ഛൻെറ അഭിലാഷവും മഹൎഷിയുടെ അഭിപ്രായവും അങ്ങനെയാണെങ്കിൽ, അങ്ങനെയാവട്ടെ.'' എന്നു് യുധിഷ്ഠിരൻ സമ്മതംകൊടുത്തു. ''അച്ഛാ, ഊണുകഴിച്ചിട്ടു് ആശ്രമത്തിലേയ്ക്കു് എഴുന്നെള്ളാം, ഞാൻ കാലുപിടിച്ചു് പ്രാൎത്ഥിക്കുന്നു.'' എന്നു യുധിഷ്ഠിരൻ യാചിച്ചു.

എല്ലാവരും ഊണുകഴിച്ചു. ധൃതരാഷ്ട്രർ യുധിഷ്ഠിരനു് രാജധർമ്മം ഉപദേശിച്ചു. പൗരമുഖ്യന്മാരെയെല്ലാം വരുത്തി അവരുടെ അനുവാദം മേടിച്ചു. തൻെറ മക്കൾ ചെയ്ത തെററിനു് ക്ഷമ യാചിച്ചു. യുദ്ധത്തിൽ മരിച്ച തൻെറ മക്കൾക്കുവേണ്ടി, യുധിഷ്ഠിരൻ സമൎപ്പിച്ച ധനംകൊണ്ടു്, ധൃതരാഷ്ട്രർ യഥേഷ്ടം മഹൎഷിമാൎക്കും ബ്രാഹ്മണൎക്കും ദാനധർമ്മങ്ങൾ ചെയ്തു.

## വനഗമനം

അടുത്തനാൾ പ്രഭാതത്തിൽ വനവാസത്തിനു് നിശ്ചയിച്ചു് ധൃതരാഷ്ട്രനും ഗാന്ധാരിയും പാണ്ഡവന്മാരേയെല്ലാം വിളിച്ചുവരുത്തി ആശീർവദിച്ചു; വേദജ്ഞന്മാരായ ബ്രാഹ്മ

ണരെക്കൊണ്ടു് ഹോമം നടത്തിച്ചു; പുരോഹിതനെക്കൊണ്ടു് അഗ്നിഹോത്രത്തെ മുമ്പിൽ വഹിപ്പിച്ചുംകൊണ്ടു് ചീരാംബരധരനായി വധൂജനപരിവൃതനായി രാജഭവനത്തിൽനിന്നും പുറപ്പെട്ടു. കുരുപാണ്ഡവസ്ത്രീകരം വാവിട്ടുനിലവിളിച്ചു. യുധിഷ്ഠിരൻ കൂപ്പുകൈയോടെ, വിറച്ചുംകൊണ്ടു്, കരഞ്ഞുകണ്ണീരുമൊലിപ്പിച്ചു്, ''അച്ഛാ, അങ്ങു് എവിടേയ്ക്കു പോകുന്നു!'' എന്നു ചോദിച്ചുകൊണ്ടു് ഉരുണ്ടുവീണു. തീവ്രദുഃഖാഭിതപ്തനായ അർജ്ജുനൻ നെടുവീർപ്പിട്ടുകൊണ്ടു് ജ്യേഷ്ഠനെ സമാധാനിപ്പിച്ചു. ബദ്ധനേത്രയായ ഗാന്ധാരിയുടെ കൈയ് തോളിൽ വഹിച്ചുംകൊണ്ടു് കുന്തി മുമ്പേ നടന്നു; ഗാന്ധാരിയുടെ തോളിൽ കൈയ് വെച്ചുകൊണ്ടു ധൃതരാഷ്ട്രർ പിന്നിലും. ദ്രൗപദിയും, സുഭദ്രയും, ഉത്തരയും, മററു വധുക്കളെല്ലാവരും, പാണ്ഡവന്മാരും, പുരോഹിതനും, വിദുരനും, സഞ്ജയനും, കൃപരും, പൗരജനങ്ങളും കരഞ്ഞുംകൊണ്ടു് അനുഗമിച്ചു. രാജമാർഗ്ഗം മുഴുവൻ കരയുന്ന ജനങ്ങളെക്കൊണ്ടു് നിറഞ്ഞിരുന്നു. ഒരുവിധത്തിൽ വൃദ്ധരാജൻ വിറച്ചുംകൊണ്ടു് കൈയുംകൂപ്പി ഹസ്തിനാപുരത്തിനു പുറത്തെത്തി. ജനങ്ങളെ ഒരുതരത്തിൽ പറഞ്ഞയച്ചു. വിദുരനും സഞ്ജയനും അവരോടൊരുമിച്ചു് വനത്തിൽ പോകുന്നിനു് തീർച്ചയാക്കി. കൃപരേയും യുയുത്സുവിനേയും ധൃതരാഷ്ട്രർ യുധിഷ്ഠിരനെ ഏല്പിച്ചുമടക്കി. പൗരജനങ്ങരം മടങ്ങിയശേഷം പിതാവിൻെറ അനുമതിയോടുകൂടി മടങ്ങിപ്പോകുന്നതിനു യുധിഷ്ഠിരൻ ആലോചിച്ചു. വനപ്രസ്ഥയായ കുന്തിയുടെ അടുക്കൽ ചെന്നു്, ''അമ്മേ, വധുക്കളോടൊരുമിച്ചു്, അമ്മ കൊട്ടാരത്തിലേയ്ക്കു മടങ്ങിയാലും; അച്ഛൻെറ കാര്യങ്ങരം ഞാൻ അന്വേഷിച്ചുകൊള്ളാം.'' എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ടും, കണ്ണുനീർ പൊഴിച്ചുകൊണ്ടു് കുന്തി ഗാന്ധാരിയേയും പിടിച്ചുകൊണ്ടു് യാത്ര തുടന്നു.

## അമ്മയും കാട്ടിലേയ്ക്കോ?

കുന്തി യുധിഷ്ഠിരനോടു പറഞ്ഞു:– ''ഉണ്ണീ, സഹദേവനു് അപ്രിയമൊന്നും ചെയ്യരുതു്. അവനു് എന്നിലും നിന്നിലും വലിയ സ്നേഹമാണു്. പോരിൽ പിൻതിരിയാത്ത കർണ്ണനെ എല്ലായ്പോഴും സ്മരിക്കുക. മകനെ, കർണ്ണനെ കാണാഞ്ഞു് തകരാത്ത എൻെറ ഹൃദയം ഇരിമ്പുകൊണ്ടുണ്ടാക്കിയതാണു്. ഇങ്ങനെയൊക്കെ വന്നുകൂടിയപ്പോൾ, എനിക്കെന്തുചെയ്യാൻ കഴിയും? അവൻ നിൻെറ സോദരനാണെന്ന വസ്തുത നേരത്തേ പ്രസ്താവിക്കാതിരുന്നതു് എൻെറ തെററുതന്നെ. ജ്യേഷ്ഠനുവേണ്ടി, നിങ്ങൾ സോദരന്മാരെല്ലാവരും ഉത്തമദാനങ്ങൾ ചെയ്യണം. നിങ്ങളേവരും ദ്രൗപദിയുടെ പ്രിയം സദാ സാധിച്ചുകൊടുക്കണം. ഭീമസേനനേയും, അർജ്ജുനനേയും, നകുലനേയും വേണ്ടതുപോലെ കാത്തുരക്ഷിക്കണം. കുലഭാരം നിന്നിലാണിന്നു്. ശ്വശ്രുവിനേയും ശുശ്രൂഷിച്ചുകൊണ്ടു് തപസ്സിലേർപ്പെട്ടു് ഞാൻ വനത്തിൽ വസിക്കാൻ പോകുന്നു.''

## അമ്മ പോകരുതു്

ഇതുകേട്ടപ്പോൾ, യുധിഷ്ഠിരനും സോദരന്മാർക്കും എന്തു പറയേണ്ടു എന്നു നിശ്ചയമില്ലാതായി. മുഹൂർത്തനേരം ചിന്താധീനനായിരുന്നശേഷം ശോകവ്യാകുലനായ യുധിഷ്ഠിരൻ പറഞ്ഞു:– ''എന്താണമ്മ പറയുന്നതു്? ഇങ്ങനെ പറയരുതു്. അമ്മ പോകാൻ ഞാൻ അനുവാദം തരികയില്ല. എന്നിൽ പ്രസാദിച്ചാലും. വിദുലാവാക്കുകൾ കൊണ്ടു് ഞങ്ങളെ ഉത്സാഹിപ്പിച്ചിട്ടു്, ഇന്നിപ്രകാരം ഉപേക്ഷിച്ചുപോകാൻ പാടില്ല. ശ്രീകൃഷ്ണൻമുഖേന ഭവതിയുടെ ഉപദേശം കേട്ടിട്ടാണു്, രാജാക്കന്മാരെയെല്ലാം കൊന്നു ഞാൻ രാജ്യം സ്വാധീനമാക്കിയതു്. ഇന്നിപ്പോൾ

എന്താണിങ്ങനെയൊരു ബുദ്ധി തോന്നുന്നതു്? ക്ഷത്രധർമ്മത്തിൽ നില്ക്കാൻ ഞങ്ങളെ ഉപദേശിച്ചിട്ടു് ഭവതിയെന്താണു് അതിൽനിന്നും തെററിപ്പോകുന്നതു്? ഞങ്ങളേയും ഈ സ്നുഷയേയും രാജ്യത്തേയും വെടിഞ്ഞു് കൊടിയ വനത്തിൽ ഭവതി എങ്ങനെ വസിക്കും? എന്നിൽ പ്രസാദിച്ചാലും.'' ഈ ബാഷ്പപൂർണ്ണവാക്കുകൾ കേട്ടു് കുന്തി കണ്ണീരൊലിപ്പിച്ചു. ഭീമൻ അമ്മയോടു പറഞ്ഞു:– ''അമ്മേ, പുത്രന്മാർ നേടിയ രാജ്യം അനുഭവിക്കേണ്ട കാലത്തു് എന്താണിങ്ങനെയൊരു നിശ്ചയം? എന്തിനുവേണ്ടിയാണു് ഞങ്ങളെക്കൊണ്ടു് ഈ പൃഥിവീക്ഷയം വരുത്തിവെച്ചിച്ചതു്? ഞങ്ങളെ വെടിഞ്ഞു വനത്തിൽ പോകാൻ എന്താണിപ്പോൾ കാരണം? എങ്കിൽ കുട്ടിക്കാലത്തു് ഞങ്ങളെ എന്തിനു കാട്ടിൽനിന്നു കൊണ്ടുപോന്നു? അമ്മേ, കനിഞ്ഞാലും, കാട്ടിലിപ്പോൾ പോകരുതു്. യുധിഷ്ഠിരൻ ബലംകൊണ്ടു് നേടിയ ഭോഗങ്ങൾ അനുഭവിച്ചാലും.'' വനവാസത്തിനു നിശ്ചയിച്ചുറച്ച കുന്തി, മക്കളുടെ ഹൃദയഭേദകമായ അപേക്ഷ സ്വീകരിച്ചില്ല. ദ്രൗപദിയും, സുഭദ്രയും ശ്വശ്രുവിനെ കരഞ്ഞുകൊണ്ടു പിന്തുടന്നു. കരഞ്ഞു കണ്ണീരൊലിപ്പിക്കുന്ന മക്കളെ വീണ്ടും വീണ്ടും നോക്കിനോക്കി കുന്തി പൊയ്ക്കൊണ്ടിരുന്നു. പാണ്ഡവന്മാരും അന്തഃപുരസ്ത്രീകളും മടങ്ങാൻ കൂട്ടാക്കിയില്ല.

## യുദ്ധത്തിനു പ്രേരിപ്പിച്ചതെന്തിനെന്നോ?

അപ്പോൾ കണ്ണുനീരെല്ലാം തുടച്ചുകൊണ്ടു് കുന്തി പുത്രന്മാരെ നോക്കി ഇപ്രകാരം പറഞ്ഞു:– ''അല്ലയോ രാജകുമാരന്മാരേ, വാസ്തവമാണു്, ദുഃഖംകൊണ്ടു് വലഞ്ഞിരുന്ന നിങ്ങളെ ഞാൻ മുമ്പു് പ്രോത്സാഹിപ്പിക്കുകയുണ്ടായി. കള്ളച്ചൂതിൽ രാജ്യം അപഹരിക്കപ്പെട്ടു്,

ബന്ധുക്കളാൽ അവമാനിതരായി, നിത്യവൃത്തിക്കപോലും ക്ലേശിച്ചിരുന്ന നിങ്ങളെ ഞാൻ ഉത്സാഹിപ്പിച്ചു. അതെന്തിനെന്നല്ലേ ? ഹേ വീരകുമാരന്മാരേ, പാണ്ഡുവിൻെറ സന്തതി നശിക്കാതിരിക്കുന്നതിനു്, നിങ്ങളുടെ യശസ്സു് നാമാവശേഷമാകാതെയിരിക്കുന്നതിനു്, അതിനായി ഞാൻ പ്രോത്സാഹിപ്പിച്ചു. ദേവതുല്യപരാക്രമന്മാരും, മഹേന്ദ്രസമന്മാരുമായ നിങ്ങാം അന്യരുടെ മുഖപ്രേക്ഷകരായിത്തീരാതിരിക്കാൻ ഞാനപ്രകാരം ചെയ്തു. ധർമ്മിഷ്ഠന്മാരിൽ ശ്രേഷ്ഠനും, വാസവോപമനും രാജാവുമായ നീ വീണ്ടും വനത്തിൽ കിടന്നു നട്ടംതിരിയാതിരിക്കുന്നതിനു വേണ്ടി ഞാൻ ഉദ്യോഗിപ്പിച്ചു. നാഗായുതസമപ്രാണനും വിഖ്യാതവിക്രമനുമായ ഈ ഭീമസേനൻ ക്ലേശങ്ങളനുഭവിക്കാതിരിക്കുന്നതിനുവേണ്ടി ഞാൻ നിങ്ങളെ ഉത്സാഹിപ്പിച്ചു. ഭീമസേനാനുജനും, ഇന്ദ്രതുല്യനുമായ ഈ വിജയൻ വലയാതിരിക്കുന്നതിനായി ഞാൻ നിങ്ങളെ പ്രേരിപ്പിച്ചു. ജ്യേഷ്ഠാനുവർത്തികളായ നകുലസഹദേവന്മാർ വിശപ്പുകൊണ്ടു് വാടിത്തളരാതിരിക്കുന്നതിന്നുവേണ്ടി ഞാൻ പ്രേരിപ്പിച്ചു. കമനീയാംഗിയായ എൻെറ സ്നുഷസ്സു് വീണ്ടും അവമാനം നേരിടാതിരിക്കുന്നതിനായി ഞാൻ നിങ്ങളെ പോരിനു പ്രേരിപ്പിച്ചു. ഹേ ഭീമ, നിങ്ങളൊക്കെ മിഴിച്ചുനോക്കിനില്ക്കെ, ദ്യൂതപരാജിതയും രജസ്വലയുമായ ഇവളെ, കാററിലുലയുന്ന വാഴപോലെ വിറച്ചുകൊണ്ടു നില്ക്കുന്ന ഇവളെ, മൂർഖനായ ദുശ്ശാസനൻ ദാസിയേയെന്നപോലെ വലിച്ചിഴച്ചപ്പോാം കുരുകുലം മുടിഞ്ഞുവെന്നു് എനിക്കു് തീച്ചയായി. എൻെറ ശ്വശ്രുരന്മാരും, മററു കുരുവൃദ്ധന്മാരും സഭയിൽ സന്നിഹിതരായിരുന്നുവെങ്കിലും, നാഥവതിയായ എൻെറ വധു അനാഥയെന്നപോലെ വിലപിക്കുന്നതിനിടയായി. ഹതബുദ്ധിയും മഹാപാപിയുമായ ദുശ്ശാസനൻ ഇവളെ വേണീകർഷണം ചെയ്തപ്പോാം എൻെറ നെഞ്ചു തകൎന്നു. മക്കളേ, നിങ്ങളുടെ തേജസ്സു്

ഉണൎത്തുന്നതിനുവേണ്ടിയാണു് അന്നു ഞാൻ വിദുലാവാക്യം കൊണ്ടു് നിങ്ങളെ സ്വധർമ്മനിൎവ്വഹണത്തിനു പ്രേരിപ്പിച്ചതു്. പാണ്ഡുമഹാരാജൻെറ മഹനീയവംശം എൻെറ മക്കളിൽ വന്നവസാനിച്ചു എന്നുള്ളതു് വരാതിരിക്കാനായി ഞാൻ ഉത്സാഹിപ്പിച്ചു. വംശനാശം വരുത്തുന്നവൻെറ പുത്രപൗത്രാദികൾക്കൊന്നും സദ്ഗതിയില്ല. എൻെറ ഉണ്ണികളേ, എൻെറ പ്രാണനാഥൻ സമ്പാദിച്ചുതന്ന രാജ്യഭോഗങ്ങളെല്ലാം ഞാൻ വേണ്ടുവോളം ഭുജിച്ചു; മഹാദാനങ്ങൾ നിരവധിചെയ്തു, യഥാവിധി സോമപാനവുംചെയ്തു. ഞാൻ എനിക്കുവേണ്ടിയിട്ടല്ല, വാസുദേവൻ മുഖേന, വിദുലോപാഖ്യാനംവഴിക്കു് നിങ്ങളെ പ്രോത്സാഹിപ്പിച്ചതു്. നിങ്ങളെ പാലിക്കുന്നതിനുവേണ്ടിയാണു് ഞാനന്നതു ചെയ്തതു്. പുത്രനിൎജ്ജിതമായ രാജഭോഗങ്ങളൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തപസ്സുചെയ്തു് ഭർത്തൃലോകം പ്രാപിക്കുന്നതിനാണു് ഞാനാശിക്കുന്നതു്. യുധിഷ്ഠിര, വനവാസികളായ ശ്വശ്രൂശ്വശുരന്മാരുടെ ശുശ്രൂഷയും ചെയ്തു്, തപസ്സുകൊണ്ടു് ഞാൻ ശരീരക്ഷയം വരുത്താൻ പോകുന്നു. കുരുകുലോത്തമ, ഭീമാദികളോടൊരുമിച്ചു് മടങ്ങിയാലും. നിൻെറ ബുദ്ധി ധർമ്മത്തിൽ സ്ഥിതിചെയ്യട്ടെ; മനസ്സു് മഹത്തായിരിക്കട്ടെ.''

കുന്തിയുടെ വാക്കുകൾ കേട്ടു് പാണ്ഡവന്മാർ ലജ്ജിച്ചു തലതാഴ്ത്തി.

## ശ്രേയാൻ സ്വധർമ്മോ വിഗുണഃ

കൃഷ്ണൻ ദൂതുകഴിഞ്ഞു യാത്രപറഞ്ഞു പോയതിനു ശേഷം കുന്തിയുടേയും, പാണ്ഡവന്മാരുടേയും, കുരുകുലത്തിൻേറയും ഭാഗധേയങ്ങൾ അപ്പാടേ മാറി. സർവ്വസംഹാരകമായ ഒരു യുദ്ധം കഴിഞ്ഞു; ജയിച്ചവരും തോററവരും

ഒരുപോലെ നാശമടഞ്ഞ ഒരു യുദ്ധം. കണ്ണുനീരു തോരാത്ത ഒരവസ്ഥാവിശേഷമാണു വന്നുചേൎന്നതു്. ആരു് ആരേ സമാധാനിപ്പിക്കും? കുന്തി, ഗാന്ധാരി, ദ്രൗപദി, സുഭദ്ര, ഇവരിൽ ആരു് ആശ്വാസമരുളും? ഏതായാലും വന്നതൊക്കെ വന്നു. കർണ്ണൻ പോയതുകൊണ്ടുള്ള തീയും തിന്നുകൊണ്ടു് കുന്തി ഭൎത്താവിന്റെ ജ്യേഷ്ഠനായ ധൃതരാഷ്ട്രനേയും ധൃതരാഷ്ട്രപത്നിയേയും ശുശ്രൂഷിച്ചുകൊണ്ടു് ഒരനുജത്തിയേപ്പോലെ നാൾകഴിച്ചു. അങ്ങനെയിരിക്കുമ്പോഴാണു് ഉത്തര ഒരു മൃതപുത്രനെ പ്രസവിക്കുന്നതു്. തന്റെ വംശം നശിക്കുമോ എന്നുള്ള ഭയംകൊണ്ടു് ആൎത്തയായി പാഞ്ഞുവരുന്ന ഒരു തറവാട്ടമ്മയേയാണു് നാമവിടെ കണ്ടതു്. അധികാരമൊക്കെ തന്റെ മക്കൾക്കു് കിട്ടി, താൻ രാജമാതാവാണു്, എന്നുള്ള അഭിമാനമൊന്നും ആ മഹതിയെ തീണ്ടിയില്ല. ധൃതരാഷ്ട്രനും ഗാന്ധാരിയും വനത്തിനു പുറപ്പെട്ടപ്പോൾ കുന്തിക്കും അവരുടെ ഭാവിയേപ്പററി വ്യാകുലതയുണ്ടായി. മക്കളേപ്പിരിഞ്ഞുപോകുന്നതിൽ ആ അമ്മയ്ക്കും വ്യസനമുണ്ടായിരുന്നു. എന്നാലതൊന്നും തന്റെ ശ്വശുരനോടുള്ള കർത്തവ്യം നിൎവ്വഹിക്കുന്നതിൽനിന്നോ ആത്മശ്രേയസ്സിനായുള്ള തപസ്സിൽനിന്നോ കുന്തിയെ പിന്തിരിപ്പിക്കുന്നതിനു് സമൎത്ഥമായില്ല. അമ്മ പോകുന്നതിൽ മക്കൾക്കുണ്ടായതുപോലെതന്നെ തീവ്രവ്യഥ പൃഥയ്ക്കുമുണ്ടായി. എന്നാൽ മക്കൾ തന്റെ പൂൎവ്വകൃത്യത്തിന്റേയും ഇപ്പോഴത്തെ പുറപ്പാടിന്റേയും ഔചിത്യത്തെ ചോദ്യം ചെയ്തപ്പോൾ, കുന്തിയുടെ ഭാവമൊന്നു മാറി. വിദുലാവാക്യംകൊണ്ടു് തങ്ങളെ എന്തിനു പോരിനു പ്രേരിപ്പിച്ചു എന്ന യുധിഷ്ഠിരന്റെ ചോദ്യം ആ ക്ഷത്രിയമഹതിയെ ചൊടിപ്പിച്ചു. അന്നു ചെയ്തതും ഇന്നു ചെയ്യുന്നതും ധർമ്മരക്ഷയ്ക്കുവേണ്ടിയാണു്. സ്വധർമ്മം നിൎവ്വഹിച്ചതു് തെററായിപ്പോയെന്നു വിരൽ ചൂണ്ടിയപ്പോൾ ആ ധീരവനിതയുടെ കണ്ണുനീരെല്ലാം വററി. ധൎമ്മധീരത വീണ്ടു

കിട്ടി. ധൈര്യമാൎന്ന യുക്തികഠം, ശൗര്യമാണ്ട വാദങ്ങഠം, പ്രത്യുത്തരമില്ലാത്ത ചോദ്യങ്ങഠം, ത്യാഗപൂർണ്ണമായ നിശ്ച യങ്ങഠം, ധർമ്മാധിഷ്ഠിതങ്ങളായ ഭാവിപരിപാടികഠം, ആ ക്ഷത്രഹൃദയത്തിൽനിന്നും പൊഴിഞ്ഞു. കുലധൎമ്മവും, രാജ ധർമ്മവും വന്നപ്പോഠം സ്വസൗകര്യങ്ങളൊക്കെ വഴിമാറി ക്കൊടുത്തു. ആ ക്ഷാത്രമൂർത്തിയുടെ ധർമ്മപ്രഭാവത്തിനും, പൗരുഷത്തിനും ധീരതയ്ക്കും മുമ്പിൽ ധൎമ്മപുത്രൻ സ്തബ്ധ മൂകനായി.

## കാട്ടിലേയ്ക്കുതന്നെ

ധൃതരാഷ്ട്രർ വിദുരനേയും ഗാന്ധാരിയേയും അവ ലംബിച്ചുകൊണ്ടു പറഞ്ഞു:—''യുധിഷ്ഠിരൻെറ അമ്മ തിരി ച്ചുപോകട്ടെ. ഉണ്ണി പറഞ്ഞതെല്ലാം ശരിയാണു്. ഈ മഹത്തായ പുത്രൈശ്വര്യമെല്ലാം ഉപേക്ഷിച്ചു്, മക്കളേയും വിട്ടു് വിവരമുള്ളവരാരെങ്കിലും പോകുമോ? രാജ്യത്തിലി രുന്നുകൊണ്ടുതന്നെ തപസ്സാചരിക്കുന്നതിനും അനിയത്തി ക്കു് സാധിക്കുന്നതാണല്ലൊ. ഗാന്ധാരീ, വധുവിൻെറ ശുശ്രൂ ഷണംകൊണ്ടു് ഞാൻ സന്തുഷ്ടനാണു്; ധൎമ്മജ്ഞേ, ഭവതി യും വധുവിനെ അനുവദിച്ചാലും.'' ഇങ്ങനെ ഭൎത്താവിനാൽ ആജ്ഞപ്തയായ ഗാന്ധാരി വിവരം കുന്തിയെ ധരിപ്പിച്ചു; മടങ്ങിപ്പോകുന്നതിനു് ഉപദേശിക്കുകയും ചെയ്തു. വനവാ സത്തിനു നിശ്ചയിച്ചുറച്ച കുന്തിയെ പിന്തിരിപ്പിക്കാൻ ആൎക്കും കഴിഞ്ഞില്ല. ഗത്യന്തരമില്ലാതെ പാണ്ഡവന്മാർ മടങ്ങി; സ്ത്രീകഠം മുറവിളികൂട്ടി.

പാണ്ഡവന്മാൎക്കു് ഒന്നിലും ഒരുത്സാഹവുമില്ല. തള്ള യെക്കാണാതെ വലയുന്ന പൈക്കുട്ടിയുടെ അവസ്ഥ അവ രനുഭവിച്ചു.

## തപസ്സിൽ

ധൃതരാഷ്ട്രർ ഗംഗാതീരത്തിലെത്തി. വിദുരനും സഞ്ജയനും കൂടി കുശകൊണ്ടു് രാജാവിൻെറ ശയ്യ തയ്യാറാക്കി; അധികം അകലെയല്ലാതെ ഗാന്ധാരിക്കും. ഗാന്ധാരീസമീപത്തിൽ കുശാസനത്തിൽ കുന്തി സസുഖം ഇരിപ്പുറപ്പിച്ചു. വിദുരാദികൾ, വിളിച്ചാൽ കേൾക്കുന്ന ദൂരത്തിൽ ഇരിപ്പായി. കുറച്ചുനാൾ അവിടെ കഴിച്ചശേഷം അവർ കുരുക്ഷേത്രത്തിലേയ്ക്കു പോയി. അവിടെ ശതയൂപാശ്രമത്തിൽ ചെന്നു. ശതയൂപൻ കേകയാധിപനായിരുന്നു. മകനെ രാജാവാക്കി വാഴിച്ചശേഷം തപസ്സിനായി വനത്തിലെത്തിയിരിക്കുകയാണു്. ശതയൂപനേയും കൂട്ടിക്കൊണ്ടു് ധൃതരാഷ്ട്രർ വ്യാസാശ്രമത്തിലെത്തി. മഹർഷിയെ യഥാവിധി വന്ദിച്ചു. വ്യാസൻ മകനു് വാനപ്രസ്ഥദീക്ഷ നല്കി. രാജാവു് തിരിച്ചു് ശതയൂപാശ്രമത്തിൽ വന്നു് താമസമുറപ്പിച്ചു. ശതയൂപൻ വ്യാസൻെറ നിർദ്ദേശപ്രകാരം ധൃതരാഷ്ട്രനു വേണ്ട വാനപ്രസ്ഥവിധികളെല്ലാം പറഞ്ഞുകൊടുത്തു. അദ്ദേഹം തപസ്സിലേർപ്പെട്ടു; കൂടെയുള്ളവരേയും തപസ്സിനു് നിയോഗിച്ചു. ഗാന്ധാരിയും കുന്തിയും വല്ക്കലാജിനധാരിണികളായി ഇന്ദ്രിയഗ്രാമത്തെ അടക്കി തീവ്രമായ തപസ്സിലേർപ്പെട്ടു. വിദുരനും സഞ്ജയനും അവർക്കുവേണ്ട ശുശ്രൂഷകളും ചെയ്തു് ഘോരതപസ്സിൽ മുഴുകി.

## അമ്മ

അമ്മ പോയതിൽ പിന്നെ പാണ്ഡവന്മാർക്കു് രാജ്യകാര്യങ്ങളിൽ ഒരു താല്പര്യവും തോന്നിയില്ല. അവർ ശോകമൂർത്തികളായി നാൾ നീക്കിക്കൊണ്ടിരുന്നു. ''മക്കളൊക്കെ മരിച്ച അച്ഛൻ കാട്ടിലെങ്ങനെ കഴിയുന്നു? ഗാന്ധാരീമാതാവു് അന്ധനായ ഭർത്താവിനെ വിജനവന

ത്തിൽ എങ്ങനെ അനുഗമിക്കുന്നു ? അമ്മ അവരെ ഇരുവരേയും എങ്ങനെ പരിചരിക്കുന്നു ? എന്താണവരുടെ അവസ്ഥ? വിദുരൻെറ സ്ഥിതിയെന്തു്? സഞ്ജയൻ എങ്ങനെ കഴിയുന്നു ?'' ഈവക ചിന്തകളായിരുന്നു സദാനേരവും അവരുടെ മനസ്സിൽ. ഈവക കാര്യങ്ങളെക്കുറിച്ചല്ലാതെ വേറെ യാതൊന്നിനേക്കുറിച്ചും അവർ തമ്മിൽ സംസാരിക്കാറുമില്ല. അമ്മയെ പിരിഞ്ഞിട്ടു് ഏകദേശം ഒരുവഷ്മാകാറായി. യുധിഷ്ഠിരനും, പാഞ്ചാലിക്കും, സുഭദ്രയ്ക്കും, മററെല്ലാവക്കും അച്ഛനമ്മമാരേ ഒന്നുപോയി കാണണമെന്നു് അതിയായ ആഗ്രഹം തോന്നി. സഹദേവൻ ജ്യേഷ്ഠൻെറ കാല്ക്കൽ വീണു യാചിച്ചു:—''അഹോ ഭാഗ്യം, അമ്മയെ കാണാൻ പോകുന്നതിനു് ജ്യേഷ്ഠനും സമ്മതമാണല്ലൊ. അവിടേയ്ക്കു് ഇഷ്ടമാകുമോ എന്നു നിശ്ചയമില്ലാതിരുന്നതുകൊണ്ടാണു് ഞാനിത്രനാളും മിണ്ടാതിരുന്നതു്. ഈശ്വരാനുഗ്രഹംകൊണ്ടു് തപസ്വിനിയും, വൃദ്ധയും, കുശകാശപരിക്ഷതയും ഉപവാസകൃശയുമായ എൻെറ അമ്മയെ അടുത്തുതന്നെ എനിക്കു കാണാൻ സംഗതിവരും.''

## അമ്മയും മക്കളും

വേണ്ട സന്നാഹങ്ങളെല്ലാംചെയ്തു് പാണ്ഡവന്മാർ അന്തഃപുരസ്ത്രീകളും, പൗരമുഖ്യന്മാരും, സൈന്യവും ഒരുമിച്ചു് മാതാപിതാക്കന്മാരെ കാണുന്നതിനു് കുരുക്ഷേത്രത്തിലേയ്ക്കു് പുറപ്പെട്ടു. അകലെവെച്ചുതന്നെ തേരിൽ നിന്നിറങ്ങി എവരും കാൽനടയായിട്ടാണു് യാത്രതുടന്നതു്. അവർ ധൃതരാഷ്ട്രാശ്രമത്തിലെത്തി. അവിടെ ആരെയും കണ്ടില്ല. താപസന്മാരോടു ചോദിച്ചതിൽ ധൃതരാഷ്ട്രാദികരം യമുനയിൽ സ്നാനത്തിനു് പോയിരിക്കുകയാണെന്നു മനസ്സിലായി. വേഗം പാണ്ഡവന്മാർ നദീതീരത്തേയ്ക്കു്

പുറപ്പെട്ടു. സഹദേവൻ മുമ്പിൽക്കടന്നു് ഓട്ടം തുടങ്ങി. അമ്മയുടെ കാലിൽ പതിച്ചു് ഉറക്കെ നിലവിളിച്ചു. കുന്തിയും ആലോല വീഴുന്ന കണ്ണുനീരോടെ ഓമനമകനെ കണ്ടു; രണ്ടു കൈയ്കൊണ്ടും കെട്ടിപ്പിടിച്ചു പൊക്കി നിർത്തി. മകൻ വന്നിരിക്കുന്ന വിവരം ഗാന്ധാരിയെ അറി യിച്ചു. അപ്പോഴേയ്ക്കും യുധിഷ്ഠിരനും, ഭീമനും, അർജ്ജുനനും, നകുലനും വരുന്നതുകണ്ടു് കുന്തി വേഗത്തിൽ നടന്നുതുടങ്ങി. ഗാന്ധാരീധൃതരാഷ്ട്രന്മാരേയും നയിച്ചുകൊണ്ടു് മുമ്പിൽ നടന്നുവരുന്ന കുന്തിയേക്കണ്ടു് മക്കളൊക്കെ നിലംപതിച്ചു. ശബ്ദംകൊണ്ടും, സ്പർശംകൊണ്ടും ധൃതരാഷ്ട്രർ അവരെ ഓരോ രുത്തരേയും തിരിച്ചറിഞ്ഞു. അദ്ദേഹം അവരെ ആശ്വ സിപ്പിച്ചു. പാണ്ഡവന്മാർ കണ്ണുനീരെല്ലാം തുടച്ചു് ഗാന്ധാരീധൃതരാഷ്ട്രന്മാരേയും മാതാവിനേയും യഥാവിധി അഭിവാദനം ചെയ്തുനിന്നു. അമ്മയും അവരെ സമാധാനി പ്പിച്ചു. അവൎക്കല്ലാം വെളിവുകിട്ടി. വേഗം അച്ഛനമ്മമാരു ടെ കൈയിലിരുന്ന ജലകലശങ്ങൾ മക്കൾ ഏററുവാങ്ങി. അനന്തരം അന്തഃപുരസ്ത്രീകളും പൗരജനങ്ങളും വന്നു് കുരു കുലാധിപനെ വന്ദിച്ചു. യുധിഷ്ഠിരൻ അവരോരോരു ത്തരേയും അച്ഛനു പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹം അവരെ വേണ്ടപോലെ സ്വീകരിച്ചു. പുത്രന്മാരാലും വധു ക്കളാലും പൗരന്മാരാലും പരിവൃതനായ ധൃതരാഷ്ട്രർ, ആനന്ദബാഷ്പം പൊഴിച്ചു. താൻ വീണ്ടും പണ്ടേപ്പോലെ ഹസ്തിനാപുരത്തിൽ വാഴുകയാണെന്നു വിചാരിച്ചു. ദ്രൗപ ദിയും സുഭദ്രയും മററു വധുക്കളും വന്നു് അഭിവാദനംചെയ്തു; അവരെയെല്ലാം ധൃതരാഷ്ട്രനും ഗാന്ധാരിയും കുന്തിയും ആശീർവദിച്ചു. ധൃതരാഷ്ട്രർ യുധിഷ്ഠിരനോടു രാജ്യക്ഷേമ ങ്ങളും എല്ലാവരുടേയും കുശലവും പ്രത്യേകം പ്രത്യേകം അന്വേഷിച്ചു. അതിനൊക്കെ യുധിഷ്ഠിരൻ യഥായോഗ്യം ഉത്തരം പറഞ്ഞു. അച്ഛനമ്മമാരുടെ തപസ്സിനേപ്പററി ധർമ്മപുത്രർ അന്വേഷിച്ചു:—"അമ്മ അച്ഛനെ വേണ്ടതു

പോലെ ശുശ്രൂഷിക്കുന്നുണ്ടല്ലോ? വിദുരൻ എവിടെ? ദേഹത്തെ ഇവിടെ കാണുന്നില്ലല്ലൊ. സഞ്ജയനും കുശലം തന്നെയല്ലേ?'' ''വിദുരൻ ഘോരതപസ്സിലേപ്പെട്ടു് സഞ്ചരിക്കുന്നു. വായുഭക്ഷനായ വിദുരനെ വല്ലപ്പോഴും വനത്തിലങ്ങിങ്ങു് വിപ്രന്മാർ കാണാറുണ്ടു്.'' എന്നിങ്ങനെ ധൃതരാഷ്ട്രർ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ദൂരത്തായി ദിഗ്വാസസ്സും, ധമനിസന്തതനും, ജടിലനും, അവധൂതവേഷനുമായ വിദുരൻ കാണപ്പെട്ടു. ആശ്രമം കണ്ട ഉടനെ വിദുരൻ തിരിച്ചുനടന്നു. യുധിഷ്ഠിരൻ പിന്നാലേ ചെന്നു. ഘോരവനത്തിൽക്കൂടി യുധിഷ്ഠിരൻ വിദുരനേയും വിളിച്ചുകൊണ്ടു് ഒരു പ്രകാരത്തിൽ പിന്നാലെ നടന്നു. ഏകാന്തമായ ഒരിടത്തു് ഒരു മരത്തിൽ ചാരി വിദുരൻ നിന്നു. ആകൃതികൊണ്ടു് ഒരു തരത്തിൽ വിദുരനാണെന്നു തിരിച്ചറിഞ്ഞു് യുധിഷ്ഠിരൻ അഭിവാദനംചെയ്തു മുമ്പിൽ നിന്നു. നിന്നിമേഷനായി വിദുരൻ യുധിഷ്ഠിരനെ നോക്കിക്കൊണ്ടു നിന്നു. ധർമ്മാംശഭൂതനായ വിദുരൻ യോഗബലം കൊണ്ടു്, ധർമ്മപുത്രനിൽ പ്രവേശിച്ചു. വിദുരശരീരം ഗതപ്രാണമായി. യതിധർമ്മം സ്വീകരിച്ചിരുന്നതിനാൽ വിദുരനു പ്രേതകാര്യങ്ങളൊന്നും ചെയ്യേണ്ടതുണ്ടായിരുന്നില്ല.

## പുരാവൃത്തഖ്യാപനം

അങ്ങനെയിരിക്കെ വ്യാസഭഗവാൻ മററു മഹർഷിമാരോടൊരുമിച്ചു് ധൃതരാഷ്ട്രാശ്രമത്തിലെത്തി. എല്ലാവരും എഴുന്നേററു സ്വീകരിച്ചു. എല്ലാവരും യഥാസ്ഥാനം ഇരുന്നു. വ്യാസൻ ധൃതരാഷ്ട്രനോടു പറഞ്ഞു:—''ധൃതരാഷ്ട്ര, അങ്ങയുടെ തപസ്സു് വർദ്ധിക്കുന്നുണ്ടല്ലൊ? പുത്രനാശംകൊണ്ടുള്ള ശോകം അസ്തമിച്ചുവല്ലൊ? ധർമ്മാർത്ഥദർശിനിയായ ഗാന്ധാരിക്കു് ശോകമൊന്നുമില്ലെന്നു് ഞാൻ കരുതുന്നു. സ്വപുത്രന്മാരെ

വിട്ട് ഗുരുശുശ്രൂഷണത്തിനായി പോന്ന പൃഥ വിനയപുരസ്സരം വേണ്ട ശുശ്രൂഷകരം ചെയ്യുന്നുണ്ടല്ലൊ? പാണ്ഡവന്മാർ അങ്ങയുടെ അനുഗ്രഹം ലഭിച്ചു് സമാധാനചിത്തരായി കഴിയുന്നില്ലേ? അങ്ങേയ്ക്കു് അവരുടെ പേരിൽ പ്രീതിയുണ്ടല്ലൊ? അങ്ങയുടെ സംശയങ്ങളെ ദൂരീകരിക്കുന്നതിനാണു് ഞാനിപ്പോരം വന്നിരിക്കുന്നതു്. ഞാനെൻെറ തപോബലം കാണിച്ചുതരാം. എന്നിൽനിന്നും എന്താണു് അങ്ങേയ്ക്കു വേണ്ടതു്? കാണുകയോ കേരംക്കുകയോ, തൊടുകയോ ചെയ്യേണ്ടതായി എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞോളൂ.'' ധൃതരാഷ്ട്രർ തനിക്കു വന്നുചേൻ്ന വിപത്തിനെക്കുറിച്ചു പരിതപിച്ചു. മഹഷിമാരുടെ സംസൎഗ്ഗത്തിൽ സന്തോഷംകൊണ്ടു. ഗാന്ധാരി ശ്വശുരനോടു് അപേക്ഷിച്ചു:—''ഭഗവൻ, ഈ മഹാരാജാവിനേയും, എന്നേയും, കുന്തിയേയും, ശോകമുക്തരാക്കിച്ചെയ്യാലും.'' തത്സമയം, കുന്തി, ആദിത്യസന്നിഭനായ തൻെറ പ്രച്ഛന്ന പുത്രനെ സ്മരിച്ചു. വ്യാസൻ കുന്തിയോടു്, ''കുന്തീ, എന്താണു് ഭവതിക്കു് എന്നോടു പറയാനുള്ളതു്? മനസ്സിൽ എന്താണു് ഉള്ളതെന്നുവെച്ചാൽ അതു പറഞ്ഞോളൂ.'' എന്നു പറഞ്ഞു. ഇതു കേട്ടപ്പോരം, ശ്വശുരപാദങ്ങളിൽ പ്രണമിച്ചുകൊണ്ടു് കുന്തി സവ്രീഡം തൻെറ ഒരു പൂൎവ്വചരിത്രം പറഞ്ഞുതുടങ്ങി:—''ഗൂഢജാതനായ കൎണ്ണനെ ഞാൻ പുഴയിലൊഴുക്കി. ആ ദേവൻെറ അനുഗ്രഹംകൊണ്ടുതന്നെ ഞാൻവീണ്ടും കന്യകയുമായി. മൂഢയായ ഞാൻ അറിഞ്ഞുകൊണ്ടു് എൻെറ പുത്രനെ ഉപേക്ഷിച്ചു. മഹഷേ, അതെന്നെ എരിക്കുന്നു; അങ്ങേയ്ക്കു് അതറിയുകയും ചെയ്യാം. അതു് പാപമായാലും അപാപമായാലും ഞാനങ്ങയോടു പറഞ്ഞു. എൻെറ ഈ നീററൽ അവിടുന്നു് നീക്കിത്തന്നാലും.''

''കുന്തീ, നിന്നിൽ തെററൊന്നുമില്ല. നീ വീണ്ടും കന്യാത്വം പ്രാപിച്ചല്ലൊ. ദേവന്മാരുടെ പ്രവൃത്തികൊണ്ടു് മനുഷ്യധർമ്മത്തിനു ഹാനിയൊന്നും വരുന്നതല്ല. ഇതറിഞ്ഞു്

നീ മനോവ്യഥ അകററിയാലും. ബലവാന്മാക്ക് സർവ്വവും ധർമ്മമാണ്, ശുചിയാണ്, സ്വന്തമാണ്.'' എന്നിങ്ങനെ വ്യാസൻ വധുവിനെ സാന്ത്വപ്പെടുത്തി.

## അന്ധരാജൻ മക്കളെ കാണുന്നു

ഹതബാന്ധവരായ ധൃതരാഷ്ട്രാദികളെ സമാധാനിപ്പിക്കുന്നതിന് വ്യാസൻ അവരോട് ഗംഗാതീരത്തേയ്ക്കു പോകാൻ നിർദ്ദേശിച്ചു. സന്ധ്യാകർമ്മങ്ങളെല്ലാം കഴിച്ച് എല്ലാവരും വ്യാസൻെറ സമീപമെത്തി. മഹഷി ഗംഗയിലിറങ്ങി മുങ്ങി, യുദ്ധത്തിൽ മരിച്ചവരേയെല്ലാം വിളിച്ചു. ഗാന്ധാരീധൃതരാഷ്ട്രന്മാക്ക് ദിവ്യദൃഷ്ടി കൊടുത്തു. ഭീഷ്മദ്രോണാദികളും, സുയോധനാദികളും, കണ്ണനും ദ്രൗപദേയന്മാരും, അഭിമന്യുവും, സർവ്വരാജാക്കന്മാരും, സേനകളും അവരുടെ പൂവ്വരൂപത്തിൽ ആവിർഭവിച്ചു. വീരസ്വഗ്ഗം പ്രാപിച്ച ബന്ധുക്കളേക്കണ്ടു് എല്ലാവക്കും ആശ്വാസമായി. കർണ്ണനേയും, അഭിമന്യുവിനേയും, ദ്രൗപദീസുതന്മാരേയും കണ്ടു് പാണ്ഡവന്മാർ സന്തുഷ്ടരായി. പാണ്ഡവന്മാർ കണ്ണനുമായി സൗഭ്രാത്രം സ്ഥാപിച്ചു. വ്യാസാനുഗ്രഹംകൊണ്ടു്, കൗരവപത്നിമാർ ജാഹ്നവീജലത്തിൽ മുങ്ങി വിമാനത്തിൽ കയറി ഭർത്തൃലോകം പ്രാപിച്ചു. വ്യാസൻ സകലരുടെയും ആഗ്രഹങ്ങരം സാധിച്ചുകൊടുത്തു. രാത്രി അവസാനിച്ചതോടെ ദശ്നവും അവസാനിച്ചു.

കുന്തിയുടെ നീറുന്ന ഹൃദയത്തിനു വ്യാസവചനവും ഈ അത്ഭുതദശ്നവും വലിയ ആശ്വാസം നൽകിയിട്ടുണ്ടാവണം. തെററു പററാതെയൊ ചെയ്യാതെയൊ, അധികമാരും ലോകത്തിൽ കാണുകയില്ല. അന്യഥാ അപരിഹാര്യങ്ങളായ തെററുകരംക്ക് അനുതാപവും ഖ്യാപനവുമാണ് പരിഹാരം. അനുതാപം വേണ്ടതിലധികം സഹി

ച്ചു. ഇപ്പോരം ശ്വശുരനോട്ട് തൻെറ അപരാധം ഏററുപറഞ്ഞു. ശ്വശുരൻ സ്നുഷയെ സമാധാനിപ്പിച്ചു. കണ്ണൻ അനുജന്മാരുമായി സൗഹൃദം സ്ഥാപിച്ചതുകണ്ടു കുന്തിയുടെ മാതൃഹൃദയം ശീതളമായി.

## വിടവാങ്ങൽ

പാണ്ഡവന്മാർ പിതാക്കളോടൊന്നിച്ച് ഒരു മാസത്തിലധികംകാലം വനത്തിൽ കഴിച്ചു. വ്യാസൻെറ ഉപദേശമനുസരിച്ച് ധൃതരാഷ്ട്രർ പാണ്ഡവന്മാരോട്ട് രാജ്യത്തേയ്ക്കു് മടങ്ങിപ്പോകാനായി പറഞ്ഞു. ''അജാതശത്രോ, ഞാൻ പറയുന്നതു കേട്ടാലും. നിങ്ങളുടെയെല്ലാം സന്മനസ്സുകൊണ്ടു് ഞങ്ങളെ ശോകമൊന്നും ബാധിക്കുന്നില്ല. മുമ്പു ഹസ്തിനാപുരത്തിലെന്നപോലെ ഞാനിപ്പോരം ആനന്ദം കൊള്ളുന്നു. എനിക്കു് നിങ്ങളോടെല്ലാം സന്തോഷം മാത്രമേയുള്ളു. തപഃകൃശമായ ശരീരം ദുർബലമായിരിക്കുന്നു. നിങ്ങളെയെല്ലാം കണ്ടതുകൊണ്ടു് അതു് വീണ്ടും നിലനില്ക്കുന്നതാണു്. നിങ്ങളെ കണ്ടുകൊണ്ടിരുന്നാൽ ഞങ്ങളുടെ തപസ്സിനു് വിഘ്നം ഏപ്പെടും. നിൻെറ ഈ രണ്ടമ്മമാരും ഉണങ്ങിയ ഇല ആഹരിച്ച് എന്നോടൊപ്പം തപസ്സാചരിക്കുന്നു. അവരും ഇനി അധികകാലം ജീവിച്ചിരിക്കുകയില്ല. നിങ്ങരം വന്നുചേർന്നതിനാലും വ്യാസൻെറ അനുഗ്രഹംകൊണ്ടും ലോകാന്തരഗതന്മാരായ ദുര്യോധനാദികളെ കാണാൻ സാധിച്ചു. ഉണ്ണീ, എൻെറ ജീവിതംകൊണ്ടുള്ള പ്രയോജനം അവസാനിച്ചു. ഉഗ്രതപസ്സു് അനുഷ്ഠിക്കാൻ ഞാൻ വിചാരിക്കുന്നു. നീയതിനു് അനുവദിക്കണം. നിന്നിലാണു് ഞങ്ങളുടെ പിണ്ഡവും കീർത്തിയും കുലവും വർത്തിക്കുന്നതു്. മകനെ, ഇന്നോ നാളെയോ മടങ്ങിപ്പോയാലും. അധികം അമാന്തിക്കരുതു്. രാജനീതിയെല്ലാം നീ പലവാറു കേട്ടിരിക്കുന്നു. ഇനിയൊന്നും ഞാൻ പറ

ഞ്ഞുതരേണ്ടതായിട്ടു കാണുന്നില്ല.'' യുധിഷ്ഠിരനു് അക്കാര്യം അത്ര സമ്മതമായില്ല. അനുജന്മാരെ രാജ്യത്തിലേയ്ക്കയച്ചിട്ടു് താൻ മാതാപിതാക്കന്മാരെ ശുശ്രൂഷിച്ചുകൊണ്ടു് വനത്തിൽ വസിച്ചുകൊള്ളാം എന്നു പറഞ്ഞുനോക്കി. 'അച്ഛൻ പറഞ്ഞതു് അനുസരിക്കണം.' എന്നു് ഗാന്ധാരിയും ഉപദേശിച്ചു കരഞ്ഞുകൊണ്ടിരിക്കുന്ന കുന്തിയുടെ അടുക്കൽ ചെന്നു് കണ്ണുനീരും തുടച്ചുകൊണ്ടു് യുധിഷ്ഠിരൻ പറഞ്ഞു:— ''അച്ഛനും അമ്മ ഗാന്ധാരീദേവിയും ഞങ്ങളെ കൈവിടുന്നു. എൻെറ നെഞ്ചകം അമ്മയെ വിട്ടുപിരിയുന്നില്ല. ഈ താപവും താങ്ങി ഞാനെങ്ങനെയാണു് പോകുന്നതു്? എന്നാൽ അവിടുത്തെ തപസ്സിനു് വിഘ്നം വരുത്താൻ എനിക്കിഷ്ടവുമില്ല. തപസ്സിനേക്കാൾ ശ്രേഷ്ഠമായിട്ടൊന്നുമില്ല. തപസ്സുകൊണ്ടു് മഹാകാര്യങ്ങൾ സാധിക്കുന്നു. അമ്മേ, എനിക്കു് പണ്ടേപ്പോലെ രാജ്യകാര്യങ്ങളിൽ ശ്രദ്ധയില്ല. എൻെറ മനസ്സും തപസ്സാചരിക്കാൻ വെമ്പൽകൊള്ളുന്നു. രാജ്യമെല്ലാം ശൂന്യമായിരിക്കുന്നു. പഴയ ബലമൊന്നും ഞങ്ങൾക്കില്ല. ബന്ധുക്കളൊക്കെ നാശമടഞ്ഞു. വസുദേവപരിരക്ഷിതരായ വൃഷ്ണികൾമാത്രം ബാക്കിയുണ്ടു്. അവരെ കണ്ടുകൊണ്ടു് ധർമ്മം നടത്തുന്നതിനു് ഞാൻ ജീവിക്കാം. വേറെ യാതൊരു പ്രയോജനവുമിനി ഞങ്ങൾക്കില്ല. ഞങ്ങളെയൊക്കെ അനുഗ്രഹിച്ചയച്ചാലും. ഭവതിയുടെ ദർശനം ദുർല്ലഭമാണല്ലൊ. അച്ഛൻ അത്യുഗ്രമായ തപസ്സാചരിക്കാൻ ആരംഭിക്കുകയാണു്.'' ഇതുകേട്ടു് സഹദേവൻ കണ്ണുനീർ വാർത്തുകൊണ്ടു് ജ്യേഷ്ഠനോടു പറഞ്ഞു:— ''എനിക്കു് അമ്മയെ പിരിയാൻ സാധ്യമല്ല. അങ്ങു് വേഗം മടങ്ങി പൊയ്ക്കൊള്ളു. ഞാൻ തപസ്സാചരിക്കാൻ പോകുന്നു. അച്ഛൻേറയും അമ്മമാരുടേയും പാദശുശ്രൂഷയുംചെയ്തു് തപസ്സുകൊണ്ടു് ഞാൻ ഇവിടെത്തന്നെ ശരീരം ശോഷിപ്പിക്കാൻ വിചാരിക്കുന്നു.'' ഓമനമകനെ കെട്ടിപ്പിടിച്ചുകൊണ്ടു്

കുന്തി ഉപദേശിച്ചു:– ''മകനേ പോക, ഇങ്ങനെ പറയരുതു്; ഞാൻ പറയുന്നതു കേഠംക്കു. നിങ്ങളുടെ യാത്ര സുഖമായിരിക്കട്ടെ. കുഞ്ഞുങ്ങളേ, സ്വസ്ഥരായിരിക്കുവിൻ. ഇതുമൂലം ഞങ്ങളുടെ തപസ്സിന്നു് വിഘ്നം വരും. നിങ്ങളിലുള്ള സ്നേഹപാശംമൂലം ഉത്കൃഷ്ടമായ തപസ്സിന്നു് ലോപം വരാനിടയുണ്ടു്. അതുകൊണ്ടു്, കുഞ്ഞേ, നീ പോവുക. ഞങ്ങഠംക്കിനി ബാക്കി അല്പകാലമേ ഉള്ളു.'' ഇങ്ങനെ ബഹുവിധവാക്കുകഠംകൊണ്ടു് കുന്തി യുധിഷ്ഠിരനേയും സഹദേവനേയും മററുള്ളവരേയും ഒരുവിധം സമ്മതിപ്പിച്ചു. അവർ അച്ഛനെ അഭിവാദനംചെയ്തു് യാത്ര ചോദിച്ചു;– ''അച്ഛാ, അവിടുത്തെ ആശിസ്സുകളോടുകൂടി ഞങ്ങഠം പുറപ്പെടുന്നു.'' ധൃതരാഷ്ട്രർ യുധിഷ്ഠിരന്നു് അഭിനന്ദനപൂർവ്വം അനുജ്ഞയരുളി. ഭീമൻ യഥാവിധി വന്ദിച്ചു. ഭീമനേയും ധൃതരാഷ്ട്രർ സാന്ത്വനപ്പെടുത്തി. അർജ്ജുനനേയും നകുലസഹദേവന്മാരേയും ആശ്ലേഷംചെയ്തു് അഭിനന്ദിച്ചു് അവക്കും അനുവാദംകൊടുത്തു. ഗാന്ധാരിയുടെ കാല്ക്കൽ നമസ്കരിച്ചു; ദേവിയും അവരെ അനുഗ്രഹിച്ചു വിടനൽകി. അമ്മ കെട്ടിപ്പിടിച്ചു നെറുകയിൽ മുകന്നു. അച്ഛനിൽനിന്നും കണ്ണെടുക്കാതെ അവർ പലതവണ വലംവെച്ചു. ദ്രൗപദി മുതലായ സ്ത്രീകളും ശ്വശ്രൂശ്വശുരന്മാരുടെ ആശീർവ്വാദത്തോടും അനുമതിയോടുംകൂടി പുറപ്പെട്ടു. പാണ്ഡവർ ഹസ്തിനാപുരത്തിലേയ്ക്കു മടങ്ങി.

## ദേഹത്യാഗം

അവർ വനത്തിൽനിന്നും മടങ്ങിയെത്തി രണ്ടുവഷം കഴിഞ്ഞപ്പോഠം ഒരു ദിവസം നാരദമഹഷി യാദൃച്ഛികമായി ഹസ്തിനാപുരത്തിൽ വന്നുചേന്നു. അദ്ദേഹത്തെ പൂജിച്ചു സ്വീകരിച്ചു; കുറച്ചൊന്നാശ്വസിച്ചശേഷം യുധിഷ്ഠിരൻ ചോദിച്ചു:– ''ഭഗവൻ, അങ്ങയുടെ ദശ്നം ലഭി

ച്ചിട്ട വളരെ നാളായല്ലൊ. അവിടേയ്ക്കു ക്ഷേമം തന്നെ യല്ലേ? പര്യടനത്തിനിടയിൽ അങ്ങു് ഏതെല്ലാം ദേശങ്ങൾ സന്ദർശിച്ചു? ഞാനെന്താണു് അങ്ങേയ്ക്കു് ചെയ്യേണ്ടതു്?'' 'കണ്ടിട്ടു വളരെ നാളായല്ലൊ എന്നു വിചാരിച്ചു് ഇപ്പോൾ വന്നതാണു്; തപോവനത്തിൽനിന്നുമാണിപ്പോൾ വരുന്നതു്. പല തീർത്ഥങ്ങളും ഗംഗയും ഞാൻ കാണുകയുണ്ടായി.' എന്നു മഹർഷി പറഞ്ഞപ്പോൾ മന്നവൻ വീണ്ടും ചോദിച്ചു:– ''ഗംഗാതീരവാസികളായ ആളുകൾ എന്നോടു പറയുകയുണ്ടായി, ധൃതരാഷ്ട്രമഹാരാജാവു് ഉഗ്രതപസ്സു് ആചരിക്കുകയാണു്, എന്നു്. അങ്ങു് അദ്ദേഹത്തെ അവിടെ കാണുകയുണ്ടായോ? അദ്ദേഹത്തിനു് കുശലംതന്നെയോ? ഗാന്ധാരിയും, കുന്തിയും, സഞ്ജയനും ക്ഷേമമായി കഴിയുന്നുവോ? എന്റെ അച്ഛൻ ഇപ്പോൾ എങ്ങനെ കഴിയുന്നു? അങ്ങു് അവരെ കാണുകയുണ്ടായെങ്കിൽ വിവരങ്ങൾ അറിയാൻ ഞാനാഗ്രഹിക്കുന്നു.'' അതിനുത്തരമായി മാമുനി പറയാനാരംഭിച്ചു:– 'ഹേ മഹാരാജൻ, നടന്ന സംഗതികൾ, ഞാൻ കാണുകയും കേൾക്കുകയും ചെയ്തവ യഥാതഥം പറയാം, മനസ്സുറപ്പിച്ചു കേട്ടുകൊള്ളുക. നിങ്ങൾ വനവാസം കഴിഞ്ഞു മടങ്ങിപ്പോന്നശേഷം, അങ്ങയുടെ അച്ഛൻ അനുചരന്മാരോടൊന്നിച്ചു് കുരുക്ഷേത്രത്തിൽനിന്നും ഗംഗാദ്വാരത്തിലേയ്ക്കുപോയി. അവിടെ അദ്ദേഹം നിരാഹാരനായി കഠോരതപസ്സിലേപ്പെട്ടു. മഹാതപസ്വിയായ അദ്ദേഹത്തെ മററു മഹർഷിമാരെല്ലാം വളരെ ആദരിച്ചുപോന്നു. ആറു മാസം ത്വഗസ്ഥിമാത്രശേഷനായി അങ്ങനെ കഴിച്ചു. ഗാന്ധാരി ജലപാനം മാത്രംചെയ്തു് ജീവസന്ധാരണംചെയ്തു. കുന്തി മാസത്തിലൊരിക്കൽ ആഹാരം കഴിക്കും; സഞ്ജയൻ ആറു ദിവസം കൂടുമ്പോൾ ഒരുനേരം ആഹാരം കഴിക്കും. യാജകന്മാർ യഥാവിധി അഗ്നിഹോത്രം നടത്തിപ്പോന്നു. മഹാരാജൻ അനികേതനായി വനചരനായി. ദേവിമാരിരുവരും സഞ്ജയനും

അദ്ദേഹത്തെ പിന്തുടൎന്നു. സഞ്ജയൻ നൃപതിയുടെ നേതാവും കുന്തി ഗാന്ധാരിയുടെ നേത്രവുമായിരുന്നു. അങ്ങനെയിരിക്കെ ഒരുനാരം ഗംഗയിൽ സ്നാനവും കഴിഞ്ഞു്, തടത്തിൽക്കൂടി രാജാവു് ആശ്രമത്തിലേയ്ക്കു് പൊയ്ക്കൊണ്ടിരിക്കെ, ഒരു വലിയ കൊടുങ്കാററു വീശി; കാടിനു തീപിടിച്ചു; അഗ്നി അതിശീഘ്രം ചുററിനും വ്യാപിച്ചു. അനശനംകൊണ്ടു് മന്ദപ്രാണരായിരുന്ന അങ്ങയുടെ മാതാപിതാക്കന്മാർ ഒഴിച്ചുപോവാൻ അശക്തരായിരുന്നു. കാട്ടുതീ അടുത്തെത്തിയെന്നു കണ്ടപ്പോരം ധൃതരാഷ്ട്രമഹാരാജൻ സഞ്ജയനോടായി പറഞ്ഞു:— ''സഞ്ജയാ, നീ അഗ്നിബാധയില്ലാത്ത ഇടംനോക്കി പൊയ്ക്കൊരംക. ഞങ്ങരം അഗ്നിയിൽ പെട്ടു് പരഗതി പ്രാപിച്ചുകൊള്ളാം.'' ഇതുകേട്ടു് വിറച്ചുകൊണ്ടു് സഞ്ജയൻ ചോദിച്ചു:—''രാജൻ, അനിഷ്ടമായ മൃത്യു അങ്ങയെ ഗ്രസിക്കുന്നുവല്ലൊ. അഗ്നിയിൽനിന്നും രക്ഷനേടാനുള്ള വഴിയൊന്നും ഞാൻ കാണുന്നില്ല; ഇനി എന്താണു് കരണീയമെന്നു് അവിടുന്നു് അരുളിച്ചെയ്യാലും.'' ഇതിനുത്തരമായി ധൃതരാഷ്ട്രർ പിന്നെയും പറഞ്ഞു:—''ഗൃഹത്തിൽനിന്നും സ്വമേധയാ പുറപ്പെട്ട ഞങ്ങരംക്കു് മൃത്യു അനിഷ്ടമല്ല. ജലം, അഗ്നി, വായു, ശോഷണം ഇവ മൂലമുള്ള മരണം താപസന്മാൎക്കു പ്രശസ്തമാണു്. സഞ്ജയാ, പൊയ്ക്കോളൂ. ഇനി അമാന്തിക്കരുതു്.'' ഇത്രയും പറഞ്ഞു് ധൃതരാഷ്ട്രമഹാരാജനും, ഗാന്ധാരീദേവിയും, കുന്തീദേവിയും മനസ്സിനെ സമാധാനംചെയ്തു് പ്രാങ്മുഖരായി ഇരിപ്പുറപ്പിച്ചു. സഞ്ജയൻ സ്വസ്വാമിയെ പ്രദക്ഷിണംചെയ്തു്, ''ആത്മാനുസന്ധാനം ചെയ്യാലും.'' എന്നു പറഞ്ഞു. ഋഷിപുത്രനും മനീഷിയുമായ ആ താപസൻ അപ്രകാരം ചെയ്തു.

സന്നിരുദ്ധ്യേന്ദ്രിയഗ്രാമമാസീത് കാഷ്ഠോപമസ്തദാ
ഗാന്ധാരീ ച മഹാഭാഗാ ജനനീ ച പൃഥാ തവ*.

---

* ആശ്രമവാസപൎവ്വം, അദ്ധ്യായം 37, ശ്ലോകം 31.

ധൃതരാഷ്ട്രനും, മഹാഭാഗയായ ഗാന്ധാരിയും, അങ്ങ യുടെ അമ്മ കുന്തിയും ഇന്ദ്രിയസമൂഹത്തെ അടക്കി നിശ്ചേഷ്ടകാഷ്ഠതുല്യം വൎത്തിച്ചു. അമ്മമാരിരുവരും അങ്ങയുടെ പിതാവും ദാവാഗ്നിയിൽ ദഹിച്ചു. സഞ്ജയൻമാത്രം അഗ്നിയിൽനിന്നും മുക്തനായി. മാമുനിമാരാൽ പരിവാരിതനായ സഞ്ജയനെ ഞാൻ ഗംഗാദ്വാരത്തിൽ കാണുകയുണ്ടായി. ഇക്കഥകളെല്ലാം പറഞ്ഞുകേൾപ്പിച്ചശേഷം എല്ലാവരോടും യാത്ര പറഞ്ഞു് അദ്ദേഹം ഹിമാലയത്തിലേയ്ക്കു പോയി. അങ്ങനെ കുരുരാജനായ ധൃതരാഷ്ട്രനും, അങ്ങയുടെ അമ്മമാരായ ഗാന്ധാരീദേവിയും, കുന്തീദേവിയും പരമഗതി പ്രാപിച്ചു. അവിടെ ചുററിനടന്നപ്പോൾ അവരുടെ അവശിഷ്ടങ്ങൾ ഞാൻ കാണുകയുണ്ടായി. മാമുനിമാരിൽനിന്നും മഹാരാജാവിൻെറ നിഷ്ഠകളെപ്പററിയെല്ലാം ഞാൻ കേട്ടു. സ്വതേ അഗ്നിസംയോഗം ഏൎപ്പെട്ടു് സദ്ഗതി പ്രാപിച്ച അങ്ങയുടെ മാതാപിതാക്കന്മാരെക്കുറിച്ചു് അങ്ങു് ശോകാധീനനാകരുതു്.

ഇതു കേട്ടപ്പോഴേയ്ക്കും പാണ്ഡവന്മാരും അന്തഃപുരസ്ത്രീകളും തല്ലിയലച്ചു കൂട്ടമിട്ടാൎത്തു. വിലാപം വളരെനേരം തുടൎന്നു. കുറേക്കഴിഞ്ഞു് യുധിഷ്ഠിരൻ കണ്ണുനീരു തുടച്ചു് പ്രലപിച്ചു:—''ഞങ്ങൾ ജീവിച്ചിരിക്കെ ഞങ്ങളുടെ മാതാപിതാക്കന്മാർ അശരണരെപ്പോലെ മരണമടഞ്ഞുവല്ലൊ! രാജധാനിയിൽ അന്തഃപുരസ്ത്രീകളാൽ പരിവാരിതനായി ശയിച്ചു പരിചയിച്ച ഞങ്ങളുടെ പിതാവു് കാട്ടിൽ വെറുംപൂഴിയിൽ വീണുകിടക്കുമാറായല്ലൊ! ഭൎത്താവിനെ അനുഗമിച്ച ഗാന്ധാരീദേവിയെക്കുറിച്ചു് എനിക്കു് പരിതാപമില്ല. പുത്രൈശ്വര്യത്തെ പരിത്യജിച്ചു് വനവാസം സ്വീകരിച്ചു് കാട്ടുതീയിൽപെട്ടു് മരണമടഞ്ഞ ഞങ്ങളുടെ അമ്മയെ ഓൎക്കുമ്പോൾ എനിക്കു് ദുഃഖം സഹിക്കാനാവുന്നില്ല. ക്ഷത്രധൎമ്മം നിന്ദ്യം, നീചം; അതുമൂലമാണല്ലോ ഈവക വിപത്തുകളെല്ലാം വന്നുചേൎന്നതു്!

യുധിഷ്ഠിരൻെറയും ഭീമസേനൻെറയും ഫല്ഗുനൻെറയും മാതാവു് അപമൃത്യുവാണ്ടതിൽ എൻെറ മനം കലങ്ങുന്നു. മന്ത്രപൂതമായ അഗ്നിയിരിക്കെ ഞങ്ങളുടെ താതൻ എങ്ങനെ ഈ പ്രാകൃതാഗ്നിയിൽ ദഗ്ദ്ധനായി? കത്തിക്കാളുന്ന തീയ്ക്കു നടുക്കപെട്ടു് വിറപൂണ്ട അമ്മ, 'ഉണ്ണീ യുധിഷ്ഠിര, ഭീമ, അജ്ജുന, നകുല, പ്രാണാധികപ്രിയനായ സഹദേവ, ഓടിവരുവിൻ, എന്നെ രക്ഷിക്കുവിൻ.'' എന്നിങ്ങനെ മുറവിളി കൂട്ടിയിരിക്കണം.' ഇതുകേട്ടു് എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും കെട്ടിപ്പിടിച്ചു് തല്ലിയലച്ചു് നിലവിളിച്ചു.

നാരദമുനി സമാധാനിപ്പിച്ചു:—''പ്രാകൃതാഗ്നിയിലല്ല അങ്ങയുടെ താതമാതാക്കരം ദഹിച്ചതു്. വായുഭക്ഷനായ ധൃതരാഷ്ട്രൻ വനത്തിൽ പ്രവേശിച്ചപ്പോരം ഹോമം നടത്തിച്ചു് അഗ്നിയെ അരണ്യത്തിൽ ഉപേക്ഷിച്ചു. യാജകന്മാർ വനത്തിൽ നിജ്ജനമായ പ്രദേശത്തു് അഗ്നിയെ നിക്ഷേപിച്ചു. ആ അഗ്നി വളന്നാണു് വനം ദഹിച്ചതു്. അതേ അഗ്നിയിൽ തന്നെയാണു് ഭാഗീരഥീതീരത്തിൽ അങ്ങയുടെ മാതാപിതാക്കന്മാർ ദഹിപ്പിക്കപ്പെട്ടതു്. നിങ്ങളാരും ദുഃഖിക്കരുതു്. അദ്ദേഹം സദ്ഗതിയടഞ്ഞു. ഗുരുശുശ്രൂഷചെയ്തു് നിങ്ങളുടെ ജനനിയും സിദ്ധി പ്രാപിച്ചിരിക്കുന്നു. നിങ്ങളിനി അവരുടെ ഉദകക്രിയകരം ചെയ്യുവിൻ.''

## ശ്രാദ്ധം

സോദരന്മാരെല്ലാവരും, പത്നിമാരും, പൗരമുഖ്യന്മാരും ഒത്തൊരുമിച്ചു് ഗംഗയിൽചെന്നു് സ്നാനം ചെയ്തു്, യുയുത്സുവിനെ മുൻനിത്തി ധൃതരാഷ്ട്രനു തോയദാനം ചെയ്തു. ഗാന്ധാരീദേവിക്കും, കുന്തീദേവിക്കും അവരുടെ നാമഗോത്രങ്ങരം ചൊല്ലി ഉദകം സമപ്പിച്ചു. അശൗചം അവസാനിക്കുന്നതുവരെ അവർ നഗരത്തിനു പുറത്തു താമ

സിച്ചു. ഗംഗാദ്വാരത്തിൽ വിധിജ്ഞന്മാരായ ആളുകളെ അയച്ച് അവിടെ ചെയ്യേണ്ട കൃത്യങ്ങളെല്ലാം ചെയ്യിച്ചു. പന്ത്രണ്ടാംദിവസം ശൗചം ആചരിച്ച് ദക്ഷിണാപുര സ്സരം ശ്രാദ്ധം നടത്തി. ധൃതരാഷ്ട്രരുടേയും, ഗാന്ധാരി യുടേയും, കുന്തിയുടേയും പേരു് പ്രത്യേകം ചൊല്ലി സ്വർണ്ണം, വെള്ളി, ഗോക്കഠം, ശയനങ്ങഠം തുടങ്ങി നിരവധി വസ്തുക്കഠം ദാനം ചെയ്തു. ഗംഗാദ്വാരത്തിൽ പോയവർ വിവിധങ്ങളായ ഗന്ധമാല്യങ്ങഠം ചേർത്തു് പ രേതരുടെ അസ്ഥി സഞ്ചയനം ചെയ്തു് വന്ന വിവരം യുധി ഷ്ഠിരനെ അറിയിച്ചു. ധർമ്മാത്മാവിനെ സമാധാനിപ്പിച്ച ശേഷം നാരദമഹർഷി യാത്ര തുടന്നു. യുധിഷ്ഠിരൻ മനസ്സി ല്ലാമനസ്സോടെ രാജ്യകാര്യങ്ങഠം നടത്തിപ്പോന്നു.

## കുന്തി

ഒരു രാജപുത്രിയായി പിറന്നു. വേറൊരു രാജഗൃഹ ത്തിൽ ബാല്യകാലം കഴിച്ചു. പാണ്ഡുരാജൻെറ പട്ടമഹി ഷിയായി കുറച്ചുനാഠം സുഖമായിവാണു. ആപദ്ധർമ്മവിധി പ്രകാരം സന്താനലാഭം സാധിച്ചു. വീരന്മാരായ മക്കളുടെ അമ്മയായി. വൈധവ്യം പ്രാപിച്ചു. അമ്മയും മക്കളും കാട്ടിലലഞ്ഞുനടന്നു; ഭിക്ഷയെടുത്തു ജീവിതം കഴിച്ചു. ബന്ധുബലം ലഭിച്ചു. കുറച്ചുനാഠംകൂടി ഐശ്വര്യത്തിൽ വാണു. നെടുനാഠം പരാന്നം ഭുജിച്ചു്, പുത്രവിരഹിത യായി ശത്രുമദ്ധ്യത്തിൽ സുഹൃദ്ഗൃഹത്തിൽ കഴിച്ചു. ഘോരയുദ്ധത്തിൽ, മക്കളൊഴിച്ചു് ബാക്കി ബന്ധുക്കളൊ ക്കെ നാശമടഞ്ഞു. ശത്രുക്കളെ നിശ്ശേഷം നശിപ്പിച്ചു് മകൻ ഭാരതചക്രവർത്തിയായി. രാജമാതാവു് അന്ധനായ ഭർത്തൃ ജ്യേഷ്ഠനേയും അദ്ദേഹത്തിൻെറ ഭാര്യയേയും പരിചരിച്ചു. ശ്വശ്രുരൻ വനവാസത്തിനു പുറപ്പെട്ടപ്പോഠം, പുത്രന്മാ രുടെ എതിർപ്പിനേയൊന്നും വകവെയ്ക്കാതെ മുമ്പേ ഇറങ്ങി

ത്തിരിച്ചു. വിനീതശിഷ്യയേപ്പോലെ ശ്വശ്രൂരന്മാരെ ശുശ്രൂഷിച്ചു. തീവ്രമായ തപസ്സാചരിച്ചു. ധീരമായി മൃത്യുവിനെ അഭിമുഖീകരിച്ചു. ഉയച്ച്യയും താഴ്ചയും, സമ്പത്തും വിപത്തും, കഷ്ടവും നഷ്ടവും, അവമാനവും ക്ലേശങ്ങളും കണക്കില്ലാതെ അനുഭവിച്ച ഒരു ജീവിതമാണു് കുന്തിയുടേതു്.

## സീതയും കുന്തിയും

സീതയുടേയും കുന്തിയുടേയും ജീവിതത്തിൽ ചില സാദൃശ്യങ്ങളും അനേകം വൈസാദൃശ്യങ്ങളും കാണാം. ഇരുവരും വളർത്തുപുത്രികളായിട്ടാണു വളൎന്നതു്. ഒരാരം ഒരവതാരപുരുഷൻെറ ധൎമ്മപത്നിയായി. അപരയുടെ സോദരപുത്രൻ ഒരവതാരപുരുഷൻ. വനവാസം ഇരുവൎക്കും വേണ്ടിവന്നു. സീത ഭൎത്താവിനെപ്പിരിഞ്ഞു് അശോകവനികയിൽ കഴിച്ചു; കുന്തി പുത്രന്മാരേ പിരിഞ്ഞു് വിദുരഗൃഹത്തിൽ വസിച്ചു. സീത അഗ്നിപ്രവേശംചെയ്തു. കുന്തി തീയിൽ പെട്ടുപെട്ടില്ല എന്ന ദിക്കായി. സീത ആദികവിയുടെ സംരക്ഷണത്തിൽ കുറേനാരം കഴിച്ചുകൂട്ടി. ഭാരതകൎത്താവിൻെറ സ്നുഷയാണു് കുന്തി. ഭൂസുത ഭൂമി പിളൎന്നു തിരോധാനം ചെയ്തു; കാട്ടുതീയിലകപ്പെട്ടു കുന്തി മരിച്ചു. രാമായണം ഏതാണ്ടു മുഴുവനും സീതയുടെ ശോകത്തിൻെറ കഥയാകുന്നു. ശതസാഹസ്രിയിൽ കുന്തിയുടെ ജീവിതകഥ അങ്ങിങ്ങായി ചിതറിക്കിടക്കുകയാണു്. അതെല്ലാംകൂടി അടുക്കിയെടുത്തു സീതയുടേതുമായി ഒത്തുനോക്കുമ്പോരം കാണാം, കുന്തിക്കു വന്നുചേൎന്ന വിപത്തുകളും എണ്ണത്തിലും വണ്ണത്തിലും ഒട്ടും കുറവല്ലായിരുന്നുവെന്നു്. പക്ഷേ ഇരുവരും അവയെ നേരിട്ട രീതികരം വിഭിന്നമാണു്. സീതയ്ക്കു രാമനിൽനിന്നു് ഭിന്നമായ ഒരു നിലനില്പില്ല. തനിക്കു വന്നുകൂടിയ വിപത്തുകളെക്കുറിച്ചു്

സീത ദീർഘദീർഘം വിലപിക്കുന്നുണ്ട്. നൈരാശ്യത്തോടെയാണ് ലോകത്തോടു യാത്ര പറയുന്നത്. സീതയൊരു ശോകകാവ്യമാണ്. കുന്തിക്കു സ്വന്തമായ ഒരു വ്യക്തിത്വമുണ്ട്. ആ ജീവിതത്തിൽ പുഞ്ചിരിയും കൗതുഹലവും, സന്തോഷവും ആനന്ദവുമുണ്ട്; ആപത്തും അപകടവും കൃതജ്ഞതയുമുണ്ട്; പുത്രസ്നേഹവും പുത്രോത്കഷത്തിനായുള്ള ഉത്കണ്ഠയുമുണ്ട്; ധൈര്യവും ശൗര്യവുമുണ്ട്; ക്രൗര്യവും, വാശിയും, പകയുമുണ്ട്; ശോകമുണ്ട്, മോഹമുണ്ട്, കാതരതയുണ്ട്; വിനയവും ഗുരുശുശ്രൂഷയുമുണ്ട്; ശാന്തിയുണ്ട്, സമാധാനമുണ്ട്, അചഞ്ചലതയുണ്ട്. കുന്തി സ്വന്തം സുഖം അധികമൊന്നും കാംക്ഷിച്ചില്ല. മക്കളെ കർത്തവ്യോന്മുഖരാക്കുന്നതിനു സ്വന്തം ദുരവസ്ഥ വർണ്ണിച്ചിട്ടുണ്ട് എന്നല്ലാതെ തന്റെ കഷ്ടതകളെ ചൊല്ലിയുള്ള വിലാപം അധികം കാണുന്നില്ല. ഈ വിധിവൈപരീത്യങ്ങളെ സധൈര്യം നേരിടാൻ ആ ജീവിതത്തെ സമർത്ഥമാക്കിയ ഘടകങ്ങളെന്തു്? മുഖ്യമായി മൂന്നു ഘടകങ്ങൾ അതിൽ കാണാൻ കഴിയും. ദൃഢമായ ധർമ്മനിഷ്ഠ. എന്തു വന്നാലും പ്രാണൻ പോയാൽപോലും ധർമ്മത്തെ കൈവിടുകയില്ല. ശ്രീകൃഷ്ണനിൽ, സർവ്വേശ്വരനിൽ, ഉള്ള ദൃഢവിശ്വാസം. ''മഹത്യാപദി സമ്പ്രാപ്തേ സ്മർത്തവ്യോ ഭഗവാൻ ഹരിഃ.'' അത്യാപത്തുകൾ വരുമ്പോൾ ഈശ്വരൻ മാത്രമേ ശരണമുള്ളു എന്ന ദൃഢബോധം. ഈ വിശ്വാസദാർഢ്യത്തിൽനിന്നും ഉണ്ടാകുന്ന ആത്മസമർപ്പണം. എല്ലാം ഭഗവാന്റെ ഇച്ഛയ്ക്കു വിധേയമാക്കുകയാണ് ആ മഹതി ചെയ്തിട്ടുള്ളതു്. ധർമ്മനിഷ്ഠയും ഈശ്വരവിശ്വാസവും ആത്മസമർപ്പണവുമാണ് ആ മഹച്ചരിതത്തിലെ പ്രധാന ഘടകങ്ങൾ. ഇവയ്ക്കു് അധീനങ്ങളായ ദാനവും ധർമ്മവും ബലവും വീര്യവും സൗന്ദര്യവും ജ്ഞാനവും ആ ജീവിതത്തെ ധന്യവും ആകർഷകവുമാക്കുന്നു. ഈ ധർമ്മങ്ങളാണ് കുന്തിയുടെ ആറു പുത്രന്മാരിൽക്കൂടി പ്രതിഫലിച്ചുകാണുന്നതു്.

## ധർമ്മോ രക്ഷതി രക്ഷിതഃ

ശ്രീ വ്യാസദേവൻ സ്വചിന്താസന്താനത്തിൽക്കൂടി, അഥവാ സ്വപ്നദൃഷ്ടിയിൽക്കൂടി എന്തു തത്വമാണ് നമുക്കുപദേശിക്കുന്നത്? ധാർമ്മികജീവിതം സർവ്വവ്യക്തികൾക്കും, സ്ത്രീക്കും ശൂദ്രനുംകൂടി അനുപേക്ഷണീയമാണെന്നും സാദ്ധ്യമാണെന്നും, കുന്തിയും വിദുരനും കാണിച്ചുതരുന്നു. സ്ത്രീശൂദ്രാദികൾക്കും സ്വർഗ്ഗദ്വാരം തുറന്നുകൊടുക്കുന്നു പഞ്ചമവേദം. അവർക്കും ധർമ്മബോധവും തപസ്സും ആത്മനിഷ്ഠയും സാദ്ധ്യമാണെന്ന് ഗാന്ധാരിയും കുന്തിയും വിദുരരും തെളിയിക്കുന്നു. 'ധർമ്മോ രക്ഷതി രക്ഷിതഃ' എന്നതാണ് ഭാരതത്തിന്റെ സന്ദേശം.

* ഊർദ്ധ്വബാഹുർവിരൗമ്യേഷ
ന ഹി കശ്ചിത് ശൃണോതി മേ,
ധർമ്മാദർത്ഥശ്ച കാമശ്ച
സ ധർമ്മഃ കിം ന സേവ്യതേ ?

'ഞാനിങ്ങനെ തലയിൽ കൈയുംവെച്ച് വിളിച്ചുപറഞ്ഞിട്ടും ആരും കേൾക്കുന്നില്ലല്ലൊ, കഷ്ടം! ധർമ്മത്തിൽനിന്നുതന്നെ അർത്ഥകാമങ്ങൾ ലഭിക്കുമെല്ലൊ; എന്നിട്ടും എന്താണാളുകൾ ധർമ്മത്തെ സ്വീകരിക്കാത്തതു്?' എന്നു വ്യാസൻ വിലപിക്കുന്നു. അർത്ഥകാമങ്ങൾ മാത്രമേ ഉള്ളോ? അല്ല, മോക്ഷവും കിട്ടും എന്നു ഭാരതം വ്യക്തമാക്കുന്നുണ്ട്. ധാർമ്മികമായ അർത്ഥകാമങ്ങൾ അനുവദിച്ചിട്ടുണ്ട്. ധർമ്മവും അർത്ഥകാമങ്ങളും വിരുദ്ധങ്ങളായാൽ വ്യാസന്റെ സത്പ്രജകളെല്ലാവരും ധർമ്മത്തെ മുറുകെ പിടിക്കുന്നു. ധർമ്മമാണ് മൂലം; ഫലം മോക്ഷവും. ഉപായം ശരിയായാൽ ഉപേയം താനേ വന്നുകൊള്ളും. മൂലം വേണ്ടതുപോലെയായാൽ പുഷ്പങ്ങളും ഫലങ്ങളും

---

* സ്വർഗ്ഗാരോഹണപർവ്വം, അദ്ധ്യായം 5, ശ്ലോകം 62.

സുലഭമാണ്. ധർമ്മത്തിൻെറ മഹത്വം വിളംബരം ചെയ്യുകയാണ് വ്യാസൻ മഹാഭാരതംമുഖേന ചെയ്യുന്നതു്.

നമ്മുടെ ആചാര്യന്മാർ ഇത്തരം അനർഘരത്നങ്ങൾ നിരവധി നമുക്കുവേണ്ടി നേടിവെച്ചിട്ടുണ്ടു്. അവയെ സ്വായത്തമാക്കിയാൽ നമ്മുടെ ജീവിതം ധന്യമാകും. അവർ കൃതാർത്ഥരാകും; നാം പൂർണ്ണമുക്തരാകും. അതിൽ നിന്നു് നമുക്കും നമ്മുടെ ജീവിതായോധനത്തെ നേരിടുന്നതിനു വേണ്ട കരുത്തു ലഭിക്കും. ധർമ്മോപദേഷ്ടാവായ മാമുനിക്കും, ധർമ്മനിഷ്ഠയായ ഭാരതമാതാമഹിക്കും, ധർമ്മമൂർത്തിയായ വാസുദേവനും കുമ്പിടാം.

ഹരിഃ ഓം തത് സത്.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

# അനുബന്ധം - കുന്തീഗീതാ

വിദുരൻ ധൃതരാഷ്ട്രരുമൊന്നിച്ച് വനത്തിലേയ്ക്കു പോകാൻ തീച്ച്യയാക്കി; സഞ്ജയനും കൂടെയുണ്ട്. ബദ്ധനേത്രയായ ഗാന്ധാരിയെ നയിച്ചുകൊണ്ടു കുന്തി മുമ്പിൽ നടക്കുന്നു. ഗാന്ധാരിയുടെ തോളിൽ പിടിച്ചുകൊണ്ട് ധൃതരാഷ്ട്രൻ പിന്നാലെയും. അനുഗമിച്ചിരുന്ന ജനസമൂഹത്തെ ഒരു വിധത്തിൽ മടക്കി അയച്ചു. ധൃതരാഷ്ട്രരുടെ അനുമതിയോടുകൂടി അന്തഃപുരസമേതം തിരിച്ചുപോകാൻ ആഗ്രഹിച്ചു യുധിഷ്ഠിരൻ.

സോഽബ്രവീന്മാതരം കുന്തീം വനം തമനുജഗ്മുഷീം
അഹം രാജാനമന്വിഷ്യേ ഭവതീ വിനിവർത്തതാം.

(ആശ്രമവാസികപർവ്വം 16. 7)

അന്ധരാജനെ അടവിയിലേയ്ക്ക് അനുഗമിക്കുന്ന അമ്മയോട് യുധിഷ്ഠിരൻ പറഞ്ഞു: 'ഞാൻ മഹാരാജാവിനെ അനുഗമിച്ചുകൊള്ളാം. അമ്മ കൊട്ടാരത്തിലേയ്ക്കു മടങ്ങിപ്പോയാലും.' എന്നിട്ടും കുന്തി യാത്ര തുടന്നു, കണ്ണുനീരോടെ. കുന്തി പറഞ്ഞു:— 'മഹാരാജൻ, സഹദേവനോടൊരിക്കലും അപ്രിയം പറയരുത്. അവനെപ്പോഴും നിന്നോടും എന്നോടും വലിയ സ്നേഹമാണ്. പോരിൽ പിന്തിരിയാത്ത കണ്ണനെ സദാ സ്മരിക്കുക. ഏതുപൊഴുതും ദ്രൗപദിയുടെ പ്രിയത്തിനൊത്തുവേണം നിങ്ങൾ ജീവിക്കാൻ. ഭീമസേനനെയും അജ്ജുനനെയും നകുലനെയും വേണ്ടതുപോലെ കൊണ്ടുനടക്കണം. രാജൻ, കുലത്തിൻെറ ഭാരമിപ്പോൾ നിന്നിലാണ് വന്നുചേന്നിരിക്കുന്നത്. ശ്വശുരൻെറയും ശ്വശ്രുവിൻെറയും പാദശുശ്രൂഷ ചെയ്തുകൊണ്ടും ഗാന്ധാരിയുമൊരുമിച്ച് തപസ്സനുഷ്ഠിച്ചുകൊണ്ടും ഞാൻ വനത്തിൽ വസിക്കാൻ പോവുകയാണ്.'

കുന്തിയുടെ മറുപടി കേട്ടു യുധിഷ്ഠിരനു വലിയ ദുഃഖമായി. കുറച്ചുനേരം ചിന്താതുരനായിരുന്നശേഷം ദീന

നായിട്ടദ്ദേഹം ഈവിധം പറഞ്ഞു: 'അമ്മേ, എന്താണിപ്പോഠം ഇങ്ങനെയൊരു നിശ്ചയം? അവിടുന്നു് ഇങ്ങനെ പറയരുതു്. അമ്മ പോകാൻ ഞാൻ അനുവദിക്കുകയില്ല; എന്നിൽ കനിഞ്ഞാലും.

പുരോദ്യതാൻ പുരാ ഹ്യസ്മാനുത്സാഹ്യ പ്രിയദശ്ശനേ
വിദുലായാ വചോഭിസ്ത്വം നാസ്മാൻ സംത്യക്തുമഹ്സി.

(ആശ്രമ. 16. 20)

വനവാസം കഴിഞ്ഞു മടങ്ങിയെത്തി അവകാശപ്പെട്ട രാജ്യം വീണ്ടെടുക്കാൻ ഒരുങ്ങിനിന്നിരുന്ന ഞങ്ങളെ വിദുലാവാക്യസന്ദേശംകൊണ്ടു് പണ്ടു് ഉത്സാഹിപ്പിച്ച അവിടുന്നു് ഇപ്പോഠം ഞങ്ങളെ വെടിഞ്ഞുപോകാൻ പാടില്ല. വാസുദേവൻമുഖേന ഭവതിയുടെ ഉപദേശമനുസരിച്ച് മന്നവന്മാരെയെല്ലാം കൊന്നൊടുക്കി ഞാൻ ഈ രാജ്യം നേടി. ക്ഷത്രധമ്മത്തിൽ ഉറച്ചുനില്ക്കാൻ ഞങ്ങളെ ഉപദേശിച്ചിട്ടു് എന്താണു് അമ്മയിപ്പോഠം അതിൽനിന്നും തെററിപ്പോകാൻ തുടങ്ങുന്നതു്? ഞങ്ങളെയും വധുക്കളെയും രാജ്യത്തെയും വെടിഞ്ഞു് അമ്മേ, കൊടുംകാട്ടിൽ ഭവതി എങ്ങനെ പാക്കും? അമ്മേ, എന്നിൽ പ്രസാദിച്ചാലും.'

പുത്രവാക്യം കേട്ടു കണ്ണീർ പൊഴിച്ചുകൊണ്ടു് കുന്തി നട തുടന്നു. അടുത്തതായി ഭീമൻ അമ്മയോടിപ്രകാരം പറഞ്ഞു: 'അമ്മേ, പുത്രന്മാർ സമ്പാദിച്ച രാജ്യം ഭുജിക്കുകയും രാജധമ്മങ്ങഠം നേടുകയും ചെയ്യേണ്ട ഈ അവസരത്തിൽ ഇങ്ങനെയൊരു ബുദ്ധി എങ്ങനെ വന്നുകൂടി?

കിം വയം കാരിതാഃ പൂവ്വം ഭവത്യാ പൃഥിവീക്ഷയം
കസ്യ ഹേതോഃ പരിത്യജ്യ വനം ഗന്തുമഭീപ്സസി?

(ആശ്രമ. 16. 26)

ഭവതി പണ്ടു് ഞങ്ങളെക്കൊണ്ടു് പാരൊക്കെ നശിപ്പിച്ചില്ലേ? എന്നിട്ടിപ്പോഠം എന്തുകൊണ്ടാണു് ഞങ്ങളെ വെടിഞ്ഞു് വനത്തിൽ പോകാൻ വിചാരിക്കുന്നതു്? കുട്ടികളായിരിക്കെ ഞങ്ങളെ ഭവതി കാട്ടിൽനിന്നും

കൊണ്ടുപോന്നില്ലേ? അമ്മേ, പ്രസാദിച്ചാലും; വനത്തിലേയ്ക്കു പോകരുതേ!'

ദ്രൗപദിയും പാണ്ഡവന്മാരും കുന്തിയെ പിന്തുടൎന്നു. ഒന്നുകൊണ്ടും കുന്തി തൻെറ നിശ്ചയം മാററാൻ കൂട്ടാക്കിയില്ല. അനന്തരം കണ്ണുനീർ തുടച്ചുകൊണ്ടു് കുന്തി ഉരചെയ്തു:

ഏവമേതന്മഹാബാഹോ യഥാ വദസി പാണ്ഡവ
കൃതമുദ്ധൎഷണം പൂൎവ്വം മയാ വഃ സീദതാം നൃപാഃ.
(ആശ്രമ. 17. 1.)

അല്ലയോ പാണ്ഡുനന്ദന, ശക്തിശാലിൻ, അതെ, നീ പറയുന്നതു് ശരിയാണു്; അല്ലയോ രാജകുമാരന്മാരേ, ദുഃഖിതരായ നിങ്ങളെ പണ്ടു ഞാൻ ഉത്സാഹിപ്പിച്ചു.

ദ്യൂതാപഹൃതരാജ്യാനാം പതിതാനാം സുഖാദപി
ജ്ഞാതിഭിഃ പരിഭൂതാനാം കൃതമുദ്ധൎഷണം മയാ. 2

കള്ളച്ചൂതിൽ രാജ്യം അപഹരിക്കപ്പെട്ടു നിത്യവൃത്തിക്കു കൂടി വഴിയില്ലാതെ സ്വജനങ്ങളുടെ അപമാനത്തിനു പാത്രമായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കയുണ്ടായി.

കഥം പാണ്ഡോൎന നശ്യേത സന്തതിഃ പുരുഷൎഷഭാഃ
യശശ്ച വോ ന നശ്യേത ഇതി ചോദ്ധൎഷണം കൃതം. 3

അല്ലയോ പുരുഷവീരരേ, പാണ്ഡുവിൻെറ വംശം നശിച്ചുപോകാതിരിക്കാൻ വേണ്ടിയാണു്, നിങ്ങളുടെ സല്പേരു് നശിക്കാതിരിക്കാൻ വേണ്ടിയാണു്, നിങ്ങളെ ഞാൻ പോരിനു പ്രേരിപ്പിച്ചതു്.

യൂയമിന്ദ്രസമാഃ സൎവ്വേ ദേവതുല്യപരാക്രമാഃ
മാ പരേഷാം മുഖപ്രേക്ഷാഃ സ്ഥേത്യേവം തത് കൃതം മയാ. 4

ഇന്ദ്രോപമന്മാരും ദേവന്മാൎക്കുതുല്യം പരാക്രമശാലികളുമായ നിങ്ങൾ ശത്രുക്കളുടെ മുഖവുംനോക്കി ഓച്ഛാനിച്ചു നില്ക്കാനിടയാകരുതെന്നു കരുതിയാണു് ഞാൻ അങ്ങനെ ചെയ്തതു്.

കഥം ധൎമ്മഭൃതാം ശ്രേഷ്ഠോ രാജാ ത്വം വാസവോപമഃ
പുനൎവനേ ന ദുഃഖീ സ്യാം ഇതി ചോദ്ധൎഷണം കൃതം. 5

വാസവസമനായ രാജാവും ധൎമ്മിഷ്ഠന്മാരിൽ ശ്രേഷ്ഠനും ആയ നീ വീണ്ടും വനത്തിൽ അലഞ്ഞുതിരിയാൻ ഇടയാകരുതെന്നു കരുതിയാണു് നിന്നെ യുദ്ധംചെയ്യാൻ ഞാൻ ഉത്സാഹിപ്പിച്ചതു്.

നാഗായുതസമപ്രാണഃ ഖ്യാതവിക്രമപൗരുഷഃ
നായം ഭീമോ/ത്യയം ഗച്ഛേദിതി ചോദ്ധഷ്ണം കൃതം. 6

പതിനായിരം ആനയ്ക്കൊത്ത കരുത്തുററവനും പുകഴ്പെററ പരാക്രമശാലിയും ആയ ഈ ഭീമൻ കഷ്ടപ്പെടാതിരിക്കാൻവേണ്ടി ഞാൻ നിങ്ങളെ ഉത്സാഹിപ്പിച്ചു.

ഭീമസേനാദവരജസ്തഥായം വാസവോപമഃ
വിജയോ നാവസീദേത ഇതി ചോദ്ധഷ്ണം കൃതം. 7

ഭീമസേനൻെറ അനുജനും വാസവതുല്യനുമായ ഈ വിജയൻ തളരാതിരിക്കാൻവേണ്ടി നിങ്ങളെ ഞാൻ ശത്രുനാശത്തിനു് ഉത്തേജിപ്പിച്ചു.

നകുലഃ സഹദേവശ്ച തഥേമൗ ഗുരുവൎത്തിനൗ
ക്ഷുധാ കഥം ന സീദേതാമിതി ചോദ്ധഷ്ണം കൃതം. 8

ജ്യേഷ്ഠാനുവൎത്തികളായ ഈ നകുലസഹദേവന്മാർ വിശപ്പുകൊണ്ടു വലയാതിരിക്കാൻവേണ്ടി ഞാൻ നിങ്ങളെ യുദ്ധത്തിനു് ഉത്സാഹിപ്പിച്ചു.

ഇയം ച ബൃഹതീ ശ്യാമാ തഥാത്യായതലോചനാ
വൃഥാ സഭാതലേ ക്ലിഷ്ടാ മാ ഭൂദിതി ച തത്കൃതം. 9

മഹതിയും തരുണിയും സുന്ദരിയും സഭയിൽവെച്ചു് അപമാനിതയുമായ ഇവൾക്കു വീണ്ടും അപ്രകാരമൊരു ആപത്തു വന്നുചേരാതിരിക്കാൻവേണ്ടി ശത്രുക്കളെ നശിപ്പിക്കാൻ നിങ്ങളെ ഞാൻ ഉപദേശിച്ചു.

പ്രേക്ഷതാമേവ വോ ഭീമ വേപന്തീം കദളീമിവ
സ്ത്രീധൎമ്മിണീമരിഷ്ടാംഗീം തഥാ ദ്യൂതപരാജിതാം. 10
ദുഃശാസനോ യദാ മൗർഖ്യാദ് ദാസീവത് പര്യകഷത
തദൈവ വിദിതം മഹ്യം പരാഭൂതമിദം കുലം. 11

ദ്യൂതപരാജിതയും രജസ്വലയും ശുഭാംഗിയും കാററിൽപ്പെട്ട വാഴകണക്കെ വിറയ്ക്കുന്നവളുമായ ഇവളെ

നിങ്ങളൊക്കെ മിഴിച്ചുനോക്കിനില്ക്കെ ഹേ ഭീമ, അവിവേകിയായ ദുഃശാസനൻ ഒരു അടിമയെപ്പോലെ വലിച്ചിഴച്ചപ്പോഠം കുരുകുലം മുടിഞ്ഞു എന്നെനിക്കു തീച്ച്യയായി.

നിഷണ്ണാഃ കുരവശ്ചൈവ തദാ മേ ശ്വശുരാദയഃ
സാ ദൈവം നാഥമിച്ഛന്തീ വ്യലപത് കുരരീ യഥാ, 12
കേശപക്ഷേ പരാമൃഷ്ടാ പാപേന ഹതബുദ്ധിനാ
യദാ ദുഃശാസനേനൈഷാ തദാ മുഹ്യാമ്യഹം നൃപാഃ. 13

എൻെറ ശ്വശുരാദികളായ കുരുവൃദ്ധന്മാർ നിറഞ്ഞ സഭയിൽ, തുണയ്ക്കാൻ ദൈവത്തെ വിളിച്ച് കുരരിയെപ്പോലെ ഇവഠം കേഴുമ്പോഠം, ബുദ്ധി നശിച്ച പാപി ദുശ്ശാസനൻ ഇവളുടെ തലമുടിക്കെട്ടിനു പിടിച്ചപ്പോഠം, അല്ലയോ രാജകുമാരന്മാരേ, ഞാൻ ബോധംകെട്ടുപോയി.

യുഷ്മത്തേജോവിവൃദ്ധ്യത്ഥം മയാ ഹ്യുദ്ധഷ്ണം കൃതം
തദാനീം വിദുലാവാക്യൈരിതി തദ്വിത്ത പുത്രകാഃ. 14

മക്കളേ, അന്നു ഞാൻ വിദുലാവാക്യംകൊണ്ടു് നിങ്ങളെ ഉത്സാഹിപ്പിച്ചതു് നിങ്ങളുടെ തേജസ്സിനെ വദ്ധിപ്പിക്കാൻ വേണ്ടിയാണെന്നറിഞ്ഞുകൊഠംവിൻ.

കഥം ന രാജവംശോऽയം നശ്യേത് പ്രാപ്യ സുതാൻ മമ
പാണ്ഡോരിതി മയാ പുത്രാസ്തസ്മാദുദ്ധഷ്ണം കൃതം. 15

പാണ്ഡുവിൻെറ ഈ രാജവംശം എൻെറ മക്കളിലെത്തിയിട്ടു് നാശമടയാതിരിക്കാൻ എന്താണു് വഴി എന്നു് ആലോചിച്ചിട്ടാണു് നിങ്ങളെ ഞാൻ ഉത്സാഹിപ്പിച്ചതു്.

ന തസ്യ പുത്രാഃ പൗത്രാ വാ ക്ഷതവംശസ്യ പാർഥിവ
ലഭന്തേ സുകൃതാംല്ലോകാൻ യസ്മാദ്വംശഃ പ്രണശ്യതി. 16

കുലനാശത്തിനു കാരണക്കാരനായവൻെറ വംശത്തിൽ പിറക്കുന്ന പുത്രന്മാക്കോ പൗത്രന്മാക്കോ പുണ്യലോകങ്ങഠം ലഭിക്കുന്നതല്ല.

ഭുക്തം രാജ്യഫലം പുത്രാ ഭത്തുർമേ വിപുലം പുരാ
മഹാദാനാനി ദത്താനി പീതഃ സോമോ യഥാവിധി. 17

എൻെറ മക്കളെ, ഞാൻ എൻെറ ഭത്താവിൻെറ വിപുലമായ രാജൈശ്വര്യങ്ങളെല്ലാം അനുഭവിച്ചിരിക്കുന്നു;

വലിയ ദാനങ്ങരം പലതും ചെയ്തിട്ടുണ്ട്; യഥാവിധി സോമപാനവും ചെയ്തിട്ടുണ്ട്.

നാഹമാത്മഫലാത്ഥം വൈ വാസുദേവമചൂചുദം
വിദുലായാഃ പ്രലാപൈസ്തൈഃ പാലനാത്ഥം ച തത്കൃതം. 18

എനിക്കു ഭോഗങ്ങളനുഭവിക്കാൻ വേണ്ടിയല്ല, വിദുലാവാക്യംകൊണ്ടു ഞാൻ ശ്രീകൃഷ്ണനെ — അദ്ദേഹത്തിൽക്കൂടി നിങ്ങളെ — പ്രചോദിപ്പിച്ചതു്; പിന്നെയോ, നിങ്ങളെ കാത്തുരക്ഷിക്കാൻവേണ്ടിമാത്രം.

നാഹം രാജ്യഫലം പുത്രാഃ കാമയേ പുത്രനിജ്ജിതം
പതിലോകാനഹം പുണ്യാൻ കാമയേ തപസാ വിഭോ. 19

എൻെറ കുട്ടികളേ, നിങ്ങരം നേടിക്കൊണ്ടുവന്ന രാജ്യഭോഗങ്ങളൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തപസ്സുചെയ്തു് എൻെറ പ്രാണനാഥൻ വാഴുന്ന പുണ്യലോകത്തിലെത്തണമെന്നാണു് എൻെറ ആഗ്രഹം.

ശ്വശ്രൂശ്വശുരയോഃ കൃത്വാ ശുശ്രൂഷാം വനവാസിനോഃ
തപസാ ശോഷയിഷ്യാമി യുധിഷ്ഠിര കളേബരം. 20

വനവാസത്തിനുറച്ചു പുറപ്പെട്ടിരിക്കുന്ന എൻെറ ഈ ശ്വശുരൻെറയും ശ്വശ്രുവിൻെറയും ശുശ്രൂഷകരം ചെയ്തുകൊണ്ടു്, ഉണ്ണീ, യുധിഷ്ഠിര, ഞാൻ എൻെറ ശരീരത്തെ തപഃകൃശമാക്കാൻ പോവുകയാണു്.

നിവത്തസ്വ കുരുശ്രേഷ്ഠ ഭീമസേനാദിഭിഃ സഹ
ധമ്മേ ച ധീയതാം ബുദ്ധിർമനസ്തു മഹദസ്തു തേ. 21

അല്ലയോ കുരുകുലതിലകമേ, യുധിഷ്ഠിര, അനുജന്മാരുമൊത്തു നീ മടങ്ങിപ്പോവുക. നിൻെറ ബുദ്ധി ധർമ്മത്തിൽ ഉറപ്പിക്കുക. നിന്മനം മഹത്തായിരിക്കട്ടെ.

കുന്തിയുടെ വാക്കുകരം കേട്ടു ലജ്ജിതരായ പാണ്ഡവന്മാർ പാഞ്ചാലിയോടൊരുമിച്ചു് കൊട്ടാരത്തിലേയ്ക്കു മടങ്ങി.

---

032,1:5
K7